

# സഖാവ്


ഏപ്രിൽ - മെയ് 2021 ലക്കം

## കേന്ദ്രകമ്മറ്റി പ്രമേയം: മോദി രാജി വെക്കുക


## LDF സർക്കാർ വീണ്ടും അധികാരത്തിൽ വരുമ്പോൾ

സഖാവ് മാസിക
ഏപ്രിൽ - മെയ് 2021
ലക്കം 3

മുഖപ്രസംഗം: LDF സർക്കാർ വീണ്ടും അധികാരത്തിൽ വരുമ്പോൾ 02



കേന്ദ്രകമ്മറ്റി പ്രമേയം: മോദി രാജിവെക്കുക 04



ഇന്ത്യയിൽ മഹാമാരി മൂലമുണ്ടായ മാനുഷിക പ്രതിസന്ധിയെ കുറിച്ചുള്ള സിപിഐ (എം.എൽ) റെഡ് സ്റ്റാർ പ്രസ്താവന 08



ഇന്ത്യ 'കോവിഡ് നരക'ത്തിലേക്ക് പതിക്കുമ്പോൾ, വാക്സിൻ നയത്തിലൂടെ മോദി ഭരണം 'മരണ വ്യാപാരി'യാകുന്നു 10



സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സവർണ്ണ സംവരണം പിൻവലിക്കണം 12



കേരളത്തിലെ ഭൂ പ്രശ്നങ്ങൾ - എം.പി. കുഞ്ഞിക്കണാരൻ 22

ഷാളിൽ കുരുങ്ങിയ ബാങ്കിംഗ് മേഖല ടി സി സുബ്രഹ്മണ്യൻ 29



കിഫ്ബി ചോദ്യോത്തരങ്ങൾ 30



സ. ഗൗരിയമ്മയ്ക്ക് ആദരാഞ്ജലികൾ 43



Cover image
@wijith



# മുഖ പ്രസംഗം

## LDF സർക്കാർ വീണ്ടും അധികാരത്തിൽ വരുമ്പോൾ

LDF , UDF മുന്നണികൾ രൂപപ്പെട്ട ശേഷം ആദ്യമായിട്ടാണ് അധികാരത്തിലുള്ള മുന്നണി കൂടുതൽ ഭൂരിപക്ഷവുമായി വിജയിക്കുന്നത് എന്ന പ്രത്യേകത ഈ തെരഞ്ഞെടുപ്പിനുണ്ട്. എന്നാൽ ഈ തെരഞ്ഞെടുപ്പ് ഫലത്തെ ഇടതു രാഷ്ട്രീയത്തിന്റെ വിജയമായി കാണാനാവില്ല.

കാരണം, കഴിഞ്ഞ അഞ്ചു വർഷത്തെ കേരള ഭരണത്തിൽ നവലിബറൽ വികസനത്തിന് ബദലായ ഇടതു സമീപനം വികസിപ്പിക്കാനുള്ള യാതൊരു ശ്രമങ്ങളും ഉണ്ടായിരുന്നില്ല. എന്നു മാത്രവുമല്ല തീവ്ര വലതു നയങ്ങളും ഹിന്ദുത്വ അജണ്ടയും നടപ്പിലാക്കുകയായിരുന്നു. കാര്യക്ഷമതയുള്ള വലതു സർക്കാർ എന്ന നിലയിൽ തന്നെയാണ് പിണറായി സർക്കാരിനെ LDF ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചിരുന്നത്.

മോദി പ്രയോഗിച്ച് വിജയിപ്പിച്ച സോഷ്യൽ എൻജിനിയറിംഗ് തന്നെയാണ് LDF കേരളത്തിലും പ്രയോഗിച്ചത്. തീർത്തും അരാഷ്ട്രീയമായ തെരഞ്ഞെടുപ്പ് ക്യാമ്പയിനാണ് കേരളത്തിൽ നടന്നത്. നവലിബറൽ നയങ്ങൾ ശക്തിപ്പെടുത്തിയതു വഴി കേരളം എത്തപ്പെട്ട കടക്കെണി , ഭരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസ് അടക്കം ഉൾപ്പെട്ട അഴിമതികൾ, വ്യാജ ഏറ്റുമുട്ടൽ കൊലകളടക്കമുള്ള പോലീസ് രാജും ജനാധിപത്യ അടിച്ചമർത്തലുകളും പ്രളയവും ഭൂചലനങ്ങളും ആവർത്തിച്ചു സൃഷ്ടിക്കുന്ന പരിസ്ഥിതി വിനാശങ്ങൾ , വൻകിട പദ്ധതികൾക്കു വേണ്ടിയുള്ള കുടിയൊഴിപ്പിക്കലുകൾ, പാർശ്വവൽക്കരിക്കപ്പെട്ട മർദ്ദിത ജനതയുടെ ഭൂരാഹിത്യം ശക്തമായിരിക്കുമ്പോഴും റെവന്യു ഭൂമിയുടെ നല്ലൊരു പങ്കും തോട്ട മാഫിയകൾ നിയമ വിരുദ്ധമായി കയ്യടക്കിയിട്ടുള്ളത് , നവോത്ഥാന മൂല്യങ്ങളാകെ നഷ്ടമാക്കിയ സാമൂഹ്യ ജീർണ്ണതകളുടെ ഫലമായ ജാതിക്കൊലകളും ജാതീയ അടിച്ചമർത്തലുകളും വ്യാപകമാകുന്നത് തുടങ്ങിയവയൊന്നും ചർച്ചയാക്കാതെ ഈ തെരഞ്ഞെടുപ്പ് ക്യാമ്പയിൻ കടന്നുപോയത്. സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളിൽ ഊന്നിയ , പ്രത്യേകിച്ചും പ്രളയ , കോവിഡ് ദുരന്തങ്ങളിൽ ജനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായ സൗജന്യ കിറ്റുകളും ക്ഷേമ പെൻഷനുകളും ഉയർത്തിക്കാട്ടി, തുടർച്ചയായ പത്രസമ്മേളനങ്ങളിൽ കോവിഡ് കണക്കുകൾക്കൊപ്പം ജനജീവിതവുമായി ബന്ധപ്പെട്ട നാനാ വിഷയങ്ങളെ അഭിസംബോധന ചെയ്തും ഉപദേശനിർദ്ദേശങ്ങൾ നൽകിയും സാധാരണ മനുഷ്യരിൽ പ്രത്യേകിച്ച് വീട്ടമ്മമാരിൽ കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടെയും കാര്യങ്ങളിൽ ശ്രദ്ധാലുവായ കരുതലും കരുണയുമുള്ള കുടുംബ കാരണവർ എന്ന പ്രതിച്ഛായ സൃഷ്ടിച്ചു. ചരിത്രപരമായി കേരളം ആർജ്ജിച്ച മുഴുവൻ സാമൂഹ്യ, ഭൗതിക നേട്ടങ്ങളെയും പിണറായി സർക്കാരിന്റെ സവിശേഷ നേട്ടമായി അവതരിപ്പിച്ചും ഇതിനെയെല്ലാം വോട്ടാക്കി മാറ്റാൻ സംഘടനാ സംവിധാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയുമാണ് രണ്ടാം വട്ടവും അധികാരം ഉറപ്പാക്കാൻ LDF ന് കഴിഞ്ഞത്.

സവർണ്ണ സംവരണമടക്കമുള്ള ഹിന്ദുത്വ അജണ്ടകൾ നടപ്പാക്കിയതു വഴി സവർണ്ണ വിഭാഗങ്ങളുടെ വോട്ടുകൾ സമാഹരിക്കാൻ കഴിഞ്ഞതിലൂടെ തെക്കൻ കേരളത്തിലും മധ്യകേരളത്തിലും നേട്ടമുണ്ടാക്കി. ശബരിമലയുടെ പേരിൽ കടകംപള്ളി മാപ്പ് പറഞ്ഞതും മുസ്ലീം സ്ഥാനാർത്ഥികളെ മത്സരിപ്പിക്കാതെ ശ്രദ്ധിച്ചും തിരുവനന്തപുരത്തെ സവർണ്ണ വോട്ടുകൾ സമാഹരിച്ചപ്പോൾ മലബാറിൽ പരമാവധി മുസ്ലീം വോട്ടുകൾ നേടാൻ കഴിയുന്ന അടവുകൾ നടത്തി.

കോർപ്പറേറ്റ് വൽക്കരണത്തെ ശക്തിപ്പെടുത്തിയ  സർക്കാരിന് അനുകൂലമായ നിലപാടാണ് കേരളത്തിലെ കോർപ്പറേറ്റ് മാധ്യമങ്ങളും സ്വീകരിച്ചു പോന്നത്. ഇത് തെരഞ്ഞെടുപ്പ് വിജയത്തെ പലപ്പോഴും നിർണ്ണയിക്കാൻ ശേഷിയുള്ള പ്രത്യേക രാഷ്ട്രീയ നിലപാട് സ്വീകരിക്കാത്ത ചാഞ്ചാട്ട സ്വഭാവമുള്ള മധ്യവർഗ്ഗ വിഭാഗങ്ങളിൽ അഭിപ്രായ രൂപീകരണത്തിന് ഇടയാക്കി.

കേന്ദ്ര  ഏജൻസികളുടെ അന്വേഷണങ്ങളെയും അതുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളെയും തങ്ങൾക്ക് അനുകൂലമാക്കി മാറ്റാനും LDF നായി.

പിണറായി സർക്കാരിന്റെ ഭരണ നയങ്ങളെയൊന്നും പ്രതിരോധിക്കാനുള്ള നയമോ സംഘടനാസംവിധാനമോ ഇല്ലാതെ വിശ്വാസത്തെയും ആചാരത്തെയും ഉപയോഗപ്പെടുത്തി പ്രചരണത്തിനിറങ്ങിയ UDF തങ്ങൾ ഉന്നയിച്ച അഴിമതി ആരോപണങ്ങൾ പോലും ഫലപ്രദമായി ജനങ്ങൾക്കു മുമ്പിൽ തുറന്നു കാണിക്കാൻ കഴിയാതെ കനത്ത പരാജയത്തെയാണ് ഏറ്റുവാങ്ങിയത്.

അതേസമയം UDF ന് പരാജയമേറ്റപ്പോഴും CPM നും കോൺഗ്രസിനും ലഭിച്ച വോട്ടു ശതമാനത്തിലെ വ്യത്യാസം വളരെ കുറവാണ്.

വിപ്ലവ ഇടതു പുരോഗമന ശക്തികൾക്കും ഒരു ബദൽ സാദ്ധ്യമാകും വിധം ജനകീയ പ്രതിപക്ഷമാകാനോ ജനങ്ങൾക്ക് മുമ്പിൽ സ്ഥാപിക്കാനോ ജനകീയ അംഗീകാരം നേടാനോ കഴിഞ്ഞില്ല. അതിന്റെ ദൗർബല്യങ്ങൾ പരിശോധിക്കാനും മറികടക്കാനും കഴിയണം.

BJP ക്ക് ദേശീയ തലത്തിലെ കനത്ത തിരിച്ചടിക്കൊപ്പം കേരളത്തിൽ പുതിയ സീറ്റുകൾ നേടാൻ കഴിഞ്ഞിഞ്ഞില്ലന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന മണ്ഡലം കൂടി നഷ്ടമായി എന്നത് ഈ തെരഞ്ഞെടുപ്പിൽ ദൃശ്യമായ ശ്ലാഘനീയമായ നേട്ടമാണ്. അതേസമയം കഴിഞ്ഞ തവണ 7 മണ്ഡലങ്ങളിൽ അവർക്കുണ്ടായിരുന്ന രണ്ടാം സ്ഥാനം ഇത്തവണ 10 മണ്ഡലങ്ങളിലായി വർദ്ധിച്ചു എന്നത് കേരളത്തിലെ RSS സ്വാധീനത്തിന്റെ അപകടത്തെ വ്യക്തമാക്കുന്നു. RSS ന് അതിന്റെ ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിനുള്ള പല ഉപകരണങ്ങളിൽ ഒന്നു മാത്രമാണ് BJP എന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുമുള്ളതാണ്.

തങ്ങളുടെ ദീർഘകാല ലക്ഷ്യങ്ങൾ നടപ്പാക്കാനുള്ള തന്ത്രങ്ങളിൽ RSS ഉപയോഗിക്കുന്നത് BJP യെ മാത്രമല്ല. തുടർ ഭരണം തങ്ങളുടെ അജണ്ടയ്ക്ക് ഗുണകരമായാണ് അവർ കാണുന്നത്.

organiser എഡിറ്ററായിരുന്ന ബാലഭാസ്കർ ഉന്നയിച്ച് BJP - CPM ഡീൽ ഈ പശ്ചാത്തലത്തിൽ കാണണം . ചെങ്ങന്നൂരിൽ വോട്ടിംഗ് പാറ്റേൺ അത് കാണിക്കുന്നു.

NDA യ്ക്ക് വലിയ വോട്ട് ചോർച്ച ഉണ്ടായെങ്കിലും BJP ക്ക് അത്തരത്തി വലിയ വോട്ടു കുറവില്ല. BDJS നാണ് പ്രധാനമായും വോട്ടു ചോ ച്ചർച്ചയുണ്ടായത്. ഉടുമ്പൻചോലയിൽ അടക്കം അത് LDFന് ഗുണമായിട്ടുണ്ട്.

പുതിയ സർക്കാരും കോർപ്പറേറ്റ് വൽക്കരണവുമായി ശക്തമായി മുന്നോട്ട് പോകുമെന്നാണ് ഫലപ്രഖ്യാപനത്തിന് ശേഷം മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ലോക ബാങ്ക് ആവിഷ്ക്കാരമായ " Ease of Doing Business " എന്ന വാചകം അതേപടി ആവർത്തിച്ച് നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതും ലോക ബാങ്കിന്റെ തന്നെ ഭരണഘടനാ ബാഹ്യമായ സംവിധാനങ്ങളുടെ കേരള മാതൃകയായ കിഫ് ബി യെ ശക്തിപ്പെടുത്തലുമൊക്കെയാണ് അദ്ദേഹത്തിന്റെ വികസ സമീപനത്തിന്റെ കാതൽ എന്നു വ്യക്തമാക്കി ക്കൊണ്ട് പുതിയ സർക്കാരിന്റെ നയപ്രഖ്യാപനവും നടത്തിയിരിക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷവും ജീവൽ പ്രശ്നങ്ങളിൽ ഉയർന്നുവന്ന ജനകീയ സമരങ്ങളെ വികസ വിരുദ്ധമെന്നാക്ഷേപിച്ച് സർക്കാർ അടിച്ചമർത്തുകയും അതേ സമയം CPI (M) തങ്ങളുടെ എല്ലാ വർഗ്ഗ ബഹുജന പ്രസ്ഥാനങ്ങളുടെയും സമരശേഷിയേയും ഇല്ലാതാക്കി ചാരിറ്റി പ്രവർത്തനങ്ങളിലേക്ക് തിരിച്ചു വിടുകയായിരുന്നു.

ഈ സാഹചര്യത്തിൽ കൂടുതൽ ഉത്തരവാദിത്തങ്ങളാണ് പുരോഗമന ജനാധിപത്യ ശക്തികളുടെ ഭാഗത്തു നിന്നും ആവശ്യപ്പെടുന്നത്. ഇടതു രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിക്ക് വേണ്ടിയും പരിസ്ഥിതി വിനാശങ്ങൾക്കും കുടിയൊഴിപ്പിക്കലുകൾക്കും ജനാധിപത്യ ധ്വംസനങ്ങൾക്കും ജാതിവ്യവസ്ഥയ്ക്കും സാമൂഹ്യ അസമത്വങ്ങൾക്കും എതിരെയും ശക്തമായ ജനകീയ മുന്നേറ്റങ്ങൾ സൃഷ്ടിച്ച് കോർപ്പറേറ് ഫാസിസത്തിനും കാവിവൽക്കരണത്തിനുമെതിരെ ജനകീയ പ്രതിപക്ഷമാകാനും അതിലൂടെ ജനകീയ അടിത്തറയുള്ള ബദൽ സൃഷ്ടിക്കാനുള്ള ഉത്തരവാദിത്തം പുരോഗമന ജനാധിപത്യ ശക്തികൾ ഏറ്റെടുക്കണം.


### കേന്ദ്രകമ്മറ്റി പ്രമേയം

# മോഡി രാജി വെക്കുക

**സി. പി. ഐ. (എം. എൽ) റെഡ് സ്റ്റാർ**



# കേന്ദ്രകമ്മറ്റി പ്രമേയം: മോദി രാജിവെക്കുക



കോവിഡ് മഹാമാരി 2020ന്റെ തുടക്കത്തിൽ പടർന്നു പിടിക്കുന്നതിനു മുമ്പുതന്നെ മോഡി സർക്കാരിന്റെ കറൻസി നിരോധനം, ചരക്കു സേവന നികുതി നടപ്പാക്കൽ, പൗരത്വ ഭേദഗതി നിയമം, അതുപോലെ തന്നെ പരമോന്നത കോടതി, തിരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയ നീതിന്യായ/ഭരണഘടന സ്ഥാപനങ്ങളെ കേന്ദ്ര സർക്കാരിന്റെ പിണിയാളുകളാക്കി തീർത്തുകൊണ്ടുള്ള കോര്പറേറ്റ് അനുകൂല ഫാസിസ്റ്റ് നടപടികൾ മൂലം ഇന്ത്യയുടെ സാമ്പത്തിക നിലയും സാമൂഹിക രംഗവും താരതമ്യങ്ങളില്ലാത്ത വിധം അതിവഷളായി കഴിഞ്ഞിരുന്നു.

തൽഫലമായി, 2020ന്റെ തുടക്കത്തിൽ ലോകത്ത് സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന രാജ്യമായി ഇന്ത്യ മാറിയത്, വിവിധ സാമ്പത്തിക, സാമൂഹിക സൂചികകൾ അടിസ്ഥാനപ്പെടുത്തി ആഗോള നവലിബറൽ കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു.

2020ന്റെ ആരംഭത്തിൽ തന്നെ, അതും കോവിഡ്-19 ഒരു "മഹാമാരി"യായി പ്രഖ്യാപിക്കുന്നതിനു മുമ്പ് തന്നെ ലോകാരോഗ്യ സംഘടന (WHO) ലോകരാജ്യങ്ങളോട് തങ്ങളുടെ അതിർത്തികളിൽ വിമാന യാത്രകളിലടക്കം നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷേ, WHO യുടെ മുന്നറിയിപ്പുകളൊക്കെ അവഗണിച്ചു കൊണ്ട് 2020 ഫെബ്രുവരിയിൽ "നമസ്തേ ട്രംപ്" പരിപാടിയുമായി മോഡി മുന്നോട്ടു പോകുകയാണ് ഉണ്ടായത്.

വെറും നാല് മണിക്കൂറിന്റെ മുന്നറിയിപ്പിൽ, യാതൊരു ന്നൊരുക്കങ്ങളുമില്ലാതെ, WHO യുടെ മാനദണ്ഡങ്ങളൊന്നും പാലിക്കാതെയാണ് , ലോകത്തെ തന്നെ ഏറ്റവും കർക്കശവും അടിച്ചമർത്തൽ സ്വഭാവുള്ളതും ഏറ്റവും ദീർഘിച്ചതുമായ ലോക് ഡൗൺ രാജ്യത്തെ 138 കോടി ജനങ്ങളുടെ മേൽ 2020 മാർച്ച് 24നു സ്വേച്ഛാധിപത്യപരമായി മോഡി അടിച്ചേൽപ്പിച്ചത്. അതോടൊപ്പം, കോവിഡിനെ തുരത്താനെന്ന പേരിൽ, കൈകൊട്ടൽ, പാത്രം മുട്ടൽ വിളക്ക് തെളിക്കൽ തുടങ്ങി തികച്ചും അശാസ്ത്രീയ-വിജ്ഞാന വിരോധ രീതികൾ അവലമ്പിക്കുന്നതിനും ജനങ്ങളെ നിർബന്ധിച്ചു.

മാർച്ച് 25നു നയപരമായ തീരുമാനങ്ങളൊന്നും എടുക്കാതെ വെറും 21 ദിവസം കൊണ്ട് കോവിഡിനെ തുരത്തുമെന്നു വീരവാദം മുഴക്കി. അതിരുശേഷവും യാതൊരു വിധത്തിലുള്ള ശാസ്ത്രീയ നടപടികളുടെയും പിൻബലമില്ലാതെ തന്നെ അടച്ചുപൂട്ടൽ മൂന്നു മാസത്തോളം നീട്ടിക്കൊണ്ട് പോവുകയും ചെയ്തു. ഇതാകട്ടെ, കോടിക്കണക്കിന് ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയും അസാധ്യമാക്കുകയും ചെയ്തു. ഇക്കാലയളവിൽ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനു പകരം തന്റെ പ്രതിഛായ വർധിപ്പിക്കുന്ന പ്രവൃത്തിയിലാണ് മോഡി വ്യാപൃതനായത്. എല്ലാ ദുരന്തങ്ങളെയും തങ്ങൾക്കു അനുകൂലമാക്കുക എന്ന ഫാസിസ്റ്റ് ഭരണകൂട തന്ത്രമാണ് മോദി പ്രയോഗിച്ചത്. മഹാമാരി അവസരമാക്കി കോര്പറേറ്റ് മൂലധനത്തിന്റെ പിടി എല്ലാ സാമൂഹിക സാമ്പത്തികമേഖലകളിലും സ്ഥാപിച്ചെടുത്തു.

പാർലമെൻറിനെ നോക്കുത്തിയാക്കി പുതിയ തൊഴിൽ സംഹിതകൾ, പരിസ്ഥിതി നിയമങ്ങൾ, പുത്തൻ വിദ്യാഭ്യാസ നയം, മൂന്ന് കാർഷിക കരിനിയമങ്ങൾ എന്നിവ ജനങ്ങളുടെ മേൽ കെട്ടിയേല്പിച്ചു. തന്നിമിത്തം, ഈ കോര്പറേറ്റ് നയങ്ങളിലൂടെ രാജ്യത്തെ ഒരു ശതമാനം വരുന്ന അതി സമ്പന്നരുടെ ആസ്തി 2020ൽ തന്നെ 35% വർധിക്കുകയും ഏകദേശം 7.5 കോടി ജനങ്ങൾ അതി ദരിദ്രരുടെ പട്ടികയിലേക്ക് പതിക്കുകയും ചെയ്തു.

ജനിതക മാറ്റം സംഭവിച്ച കോവിഡ് വൈറസിന്റെ രണ്ടാം തരംഗം കൂടുതൽ അപകടകരമായ സ്ഥിതി സംജാതമാക്കുമെന്ന ആഗോള വിദഗ്ധരുടെ മുന്നറിയിപ്പുകൾ കണക്കിലെടുത്തു യൂറോപ്യൻ സർക്കാരുകൾ 2020ന്റെ അന്ത്യ പാദത്തിൽ തന്നെ മുൻകരുതൽ എടുത്തിരുന്നു. ഇന്ത്യയിലും ആരോഗ്യ കുടുംബക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട പാർലിമെന്ററി സമിതിയും കോവിഡ് മാനേജ്മെന്റ് കമ്മിറ്റിയും (ഇവയിലൊക്കെത്തന്നെ മോഡി അനുചരന്മാരെയാണ് കുത്തിനിറച്ചിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്) രണ്ടാം തരംഗത്തിന്റെ അപകട തീവ്രതയെ നേരിടാനുള്ള ആരോഗ്യ സംവിധാനങ്ങളുടെ (ആശുപത്രികൾ, പരിശോധന സൗകര്യങ്ങൾ, ഓക്സിജൻ ലഭ്യത) അപര്യാപ്തതയെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകിയിട്ടും, അത്തരമൊരു സാഹചര്യത്തെ നേരിടാനുള്ള ആരോഗ്യ സംവിധാനങ്ങൾ ഒരുക്കുന്നതിൽ മോഡിയും അദ്ദേഹത്തിന്റെ ഉപദേശകരും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചത്.

അതോടൊപ്പം, തന്റെ താളത്തിനൊത്തു തുള്ളുന്ന ശിങ്കിടി മാധ്യമങ്ങളുടെ പിന്തുണയോടെ കൊറോണ വൈറസിനെ "കീഴടക്കിക്കഴിഞ്ഞത്" ആഘോഷിക്കുകയും ചെയ്തു. 2021 ഫെബ്രുവരി യിൽ വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ യോഗത്തിൽ 'ഇന്ത്യയിൽ നിന്നും കോവിഡിനെ തൂത്തെറിഞ്ഞു എന്ന് മാത്രമല്ല, തങ്ങൾ ഇപ്പോൾ ലോകത്തെതന്നെ രക്ഷിക്കുകയാണെന്നു' പ്രഖ്യാപിക്കുന്നതിലേക്കു വരെ മോഡി എത്തിച്ചേർന്നു. ഇതേതുടർന്ന്, അതും കോവിഡ് രണ്ടാം തരംഗത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരുന്ന അവസരത്തിൽ, ഇന്ത്യൻ ആരോഗ്യമന്ത്രി ഹർഷ് വർദ്ധനും യാതൊരു ഉളുപ്പുമില്ലാതെ "ഇന്ത്യയിലെ കോവിഡിന്റെ കളി അവസാന ഘടത്തിലാണെന്ന്" പ്രഖ്യാപിച്ചു. അതിനിടയിൽ, വിവിധ സംസ്ഥാന നിയമസഭകളിലേക്ക് നടക്കാൻ പോകുന്ന തിരഞ്ഞെടുപ്പ് പ്രചരണ-റാലി കളിലൂടെയും കുംഭ മേളയിലൂടെയും ഇരുപതിനായിരം കോടി ചെലവ് വരുന്ന സെൻട്രൽ വിസ്റ്റ നിർമ്മാണം അവശ്യ സർവീസായി പ്രഖ്യാപിച്ചും തന്റെ ഇമേജ് വർധിപ്പിക്കുന്ന തിരിക്കിലായിരുന്നു മോദി -ഷാ ദ്വയം.

പ്രതി ദിനം 4 ലക്ഷം പേർക്ക് പ്രതിദിന കോവിഡ് ബാധയും (ലോകത്താകമാനമുള്ള രോഗബാധിതരുടെ എണ്ണത്തേക്കാൾ കൂടുതൽ) 4000 ത്തിലധികം പേരുടെ മരണവും (ലോകത്താകമാനമുള്ള കോവിഡ് മരണ നിരക്കിന്റെ മൂന്നിലൊന്ന്) സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യ ഇന്ന് മഹാമാരിയുടെ പ്രഭവ കേന്ദ്രമായി മാറിയിരിക്കുകയാണ്. യഥാർത്ഥ കണക്കുകളാകട്ടെ, ഈ ഔദ്യോഗിക കണക്കിന്റെ അഞ്ചിരട്ടിയോളം വരും.

ശ്മശാനങ്ങളും പാർക്കുകളും തെരുവുകളുമൊക്കെ മൃത ദേഹങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പലരുടെയും ശരീരങ്ങൾ വീടുകളിൽ തന്നെ കിടന്നു അഴുകുകയോ, നദികളിലും ജലാശയങ്ങളിലും ഒഴുകുകയോ ആണ്. മരണ വ്യാപരിയായ മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ കോവിഡ് നരകമായി തീർന്നിരിക്കുന്നു. ഇന്ത്യക്ക് ലോകത്തെ ഏറ്റവും വലിയ വാക്സിൻ നിർമ്മാതാവ് എന്ന പദവിയുണ്ടായിട്ടും രണ്ട് ശതമാനം പേർക്കു പോലും ആദ്യ ഡോസ് കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് വസ്തുത. അതേസമയം, പാശ്ചാത്യ രാജ്യങ്ങളിൽ 'വാക്സിൻ സുരക്ഷ' ഏതാണ്ട് പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. മറു ഭാഗത്ത്, തങ്ങളുടെ പൗരന്മാർക്ക് സൗജന്യമായി വാക്സിനും കുറഞ്ഞ വിലക്ക് മരുന്നുകളും നൽകുന്നതിന് നിലയുറപ്പിച്ച ചരിത്രമുള്ള ഇന്ത്യയിലാണ് വാക്സിന്റെ ഉത്പാദനം, സമാഹരണം, വിതരണം തുടങ്ങി എല്ലാ രംഗങ്ങളിലും കോര്പറേറ്റുകൾക്ക് വിളയാടാൻ അവസരമൊരുക്കി, മോഡി സർക്കാർ വാക്സിനു ലോകത്തെ ഏറ്റവും അധികം വില ഇന്ത്യൻ ജനതയുടെ മേൽ അടിച്ചേൽപ്പിക്കുന്നത്.

ചുരുക്കി പറഞ്ഞാൽ, ഇന്നത്തെ ഇന്ത്യയുടെ കോവിഡ് ദുരന്തിനു കാരണം കേവലം നില നിൽക്കുന്ന വ്യവസ്ഥയുടെ കുഴപ്പം മാത്രമല്ല, കോർപറേറ്റ് അനുകൂല ഫാസിസ്റ്റ് മോദിയുടെ കടുംപിടിത്തവും കഴിവില്ലായ്മയും കൂടിയാണ്. ഇത് മോഡി നിർമ്മിത ദുരന്തമാണ്, അഥവാ, അന്താരാഷ്ട്ര മെഡിക്കൽ ജർണൽ ലാൻസറ്റ് പറഞ്ഞത് പോലെ സ്വയം വരുത്തി വെച്ച ദേശീയ ദുരന്തത്തിന്മേലാണ് അദ്ദേഹം അടയിരിക്കുന്നത്. രാജ്യത്തിന്റെ ഇന്നത്തെ ഈ ദുരവസ്ഥയുടെ ഉത്തരവാദിത്തം മോദി സ്വയം ഏറ്റെടുക്കണം.

രാജ്യത്തെ ജനങ്ങൾ ശ്വാസം കിട്ടാതെ ബുദ്ധി മുട്ടുമ്പോൾ , സമൂഹ മാധ്യമങ്ങളിലൂടെ ഓക്സിജന് വേണ്ടി , മഹാമാരിയെ നിയന്ത്രിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിനു പകരം , തനിക്കെതിരെയുള്ള വിമർശനങ്ങൾ സമൂഹ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങളിലാണ് മോഡി മുഴുകിയിരിക്കുന്നത്. കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും ഉള്ള നേതൃത്വം ആവശ്യമുള്ള ഈ സമയത്ത് രാജ്യത്ത് നിലനിൽക്കുന്ന ഭീതിദമായ അവസ്ഥയെ ജനസമക്ഷം കൊണ്ടുവരുന്ന മാധ്യമപ്രവർത്തകരെ രാജ്യദ്രോഹികളായി മുദ്രകുത്തി അവർക്കെതിരെ കേസെടുക്കുകയാണ് മോഡി സർക്കാർ. അതുകൊണ്ടുതന്നെ , മഹാമാരിയുടെ പശ്ചാത്തലത്തിൽ കാണിച്ച കുറ്റകരമായ കൃത്യവിലോപത്തിന് മോഡി കണക്ക് പറയണം.

മേൽ വിവരിച്ച സ്ഥിതി വിശേഷത്തിൽ സിപിഐ (എം എൽ) റെഡ് സ്റ്റാർ കേന്ദ്ര കമ്മിറ്റി മോദിയോട് ഉടൻ സ്ഥാനമൊഴിയാൻ ആവശ്യപ്പെടുകയാണ്. രാജ്യത്തെ മുഴുവൻ പുരോഗമന-ജനാധിപത്യ-വിപ്ലവ ശക്തികളോടും ഈ ആവശ്യം ഏറ്റെടുക്കാൻ അഭ്യർത്ഥിക്കുന്നു. മോദിയുടെ രാജി രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ആവശ്യമായി ഉയർത്തി കൊണ്ടുവരാൻ നമുക്ക് മുന്നോട്ടു വരാം.

**കേന്ദ്ര കമ്മിറ്റി,**
**സി പി ഐ (എംഎൽ) റെഡ് സ്റ്റാർ,**
8 മെയ് 2021.

(2021 മെയ് 8 ന് ഓൺലൈനിൽ ചേർന്ന സിപിഐ എംഎൽ റെഡ്സ്റ്റാർ കേന്ദ്രകമ്മറ്റി അംഗീകരിച്ച പ്രമേയം)

# ഇന്ത്യയിൽ മഹാമാരി മൂലമുണ്ടായ മാനുഷിക പ്രതിസന്ധിയെകുറിച്ചുള്ള സിപിഐ (എംഎൽ) റെഡ് സ്റ്റാർ പ്രസ്താവന.

മഹാമാരി ബാധിച്ച ഇന്ത്യ, ഇന്ന് മോദി ഭരണത്തിൻ കീഴിൽ ചരിത്രത്തിലെ ഏറ്റവും വലിയ മാനുഷിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. രണ്ടാം കോവിഡ് സുനാമിയുടെ പ്രഭവകേന്ദ്രമായി ഇന്ത്യ മാറിയതിന്റെ ഫലമായി വന്ന സാമൂഹിക, സാമ്പത്തിക തകർച്ചയ്ക്കൊപ്പം, ജനങ്ങളുടെ ജീവിതവും ഉപജീവനവും സംരക്ഷിക്കുന്നതിൽ ഈ ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള പരാജയവും ക്രൂരതയും കൊടുകാര്യസ്ഥതയും വാക്കുകൾ കൊണ്ട് പറയാവുന്നതിനും അപ്പുറം തുറന്നു കാട്ടപ്പെടുകയാണ്. കോർപ്പറേറ്റ് മാധ്യമങ്ങളുടെ പിന്തുണയുള്ള മോദിയുടെ PR പ്രവർത്തനങ്ങൾകൊണ്ട് മറച്ചുവെക്കാൻ കഴിയാത്തത്ര ഭയാനകം ആണ് സാഹചര്യങ്ങൾ.

ഒരു വർഷം മുമ്പ് മഹാമാരി ഇന്ത്യയിൽ ആദ്യമായി വന്നപ്പോൾ, കൈ കൊട്ടുക, മെഴുകുതിരി കത്തിക്കുക, പാത്രങ്ങൾ കൊട്ടുക മുതലായ കുത്സിതമായ നീക്കങ്ങൾക്ക് പുറമെ മോഡി 138 കോടി ജനങ്ങൾക്ക് മേൽ അടിച്ചേൽപ്പിച്ച മൂന്നു മാസത്തിൽ അധികം നീണ്ടു നിന്ന നിർബന്ധിത ലോക്ക്ഡൌൺ ജനങ്ങളുടെ ജീവിതവും ഉപജീവനവും സമ്പൂർണമായി തടസ്സപ്പെടുത്തി.

ഈ കാലയളവിൽ "ആത്മനിർഭർ" എന്ന വിഷയത്തിൽ നിരന്തരമായ പ്രഭാഷണങ്ങൾ നടത്തിയെങ്കിലും, മരുന്നുകളുടെ ലഭ്യത, വളരെയധികം ആവശ്യമുള്ള ഓക്സിജന്റെ വിതരണം, സ്വകാര്യ-കോർപ്പറേറ്റ് ആശുപത്രികളെ സാമൂഹിക നിയന്ത്രണത്തിലാക്കൽ ഉൾപ്പെടെ ആരോഗ്യസംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ദിശയിൽ മോദി ഒന്നും തന്നെ ചെയ്തില്ല.

പകർച്ചവ്യാധിയുടെ കാലത്ത് മോദിയുടെ നയങ്ങളുടെ ഫലമായി, ഏറ്റവും ധനികരിൽ ഒരു ശതമാനം പേർ അവരുടെ സ്വത്ത് 35 ശതമാനം വർധിപ്പിച്ചപ്പോൾ, 2020 ൽ 7.5 കോടി അധിക ഇന്ത്യക്കാർ ദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെട്ടു.

അതേസമയം, മ്യൂറ്റേഷൻ ചെയ്ത കോവിഡ് വൈറസിന്റെ രണ്ടാം തരംഗത്തെക്കുറിച്ചുള്ള ആഗോള മുന്നറിയിപ്പുകളുടെയും, ഇതിനെതിരെ യൂറോപ്പിലെ പല സർക്കാരുകളും മുൻകരുതൽ സ്വീകരിച്ചതിന്റെയും സാഹചര്യത്തിൽ, കൊറോണ വൈറസിന് മേൽ ഭരണകൂടത്തിന്റെ "വിജയം" ആഘോഷിച്ച മോദിയുടെയും അദ്ദേഹത്തിന്റെ പിആർ മാനേജർമാരുടെയും സമീപനം ക്രൂരമായ, ക്രിമിനൽ അവഗണനയുടേത് ആയിരുന്നു.

ഈ സാഹചര്യത്തിലാണ് ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പാർലമെന്ററി കമ്മിറ്റി, വരാനിരിക്കുന്ന അപകടത്തെക്കുറിച്ച് ബോധവാന്മാരായി, ലോക്സഭാ സ്പീക്കറിനും രാജ്യസഭാ ചെയർമാനും 2020 നവംബറിൽ ലഭ്യമാക്കിയ, ഇരുസഭകളിലും അവതരിപ്പിച്ച അവരുടെ 123-ാമത് റിപ്പോർട്ടിൽ ആശുപത്രികളിൽ ഓക്സിജൻ സിലിണ്ടറുകളുടെ അഭാവത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയത്. റിപ്പോർട്ടിൽ അവർ "കോവിഡ് -19 നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ശക്തമായ സ്ട്രാറ്റജി" യും, "ആശുപത്രികളിൽ ആവശ്യാനുസരണം വിതരണം ഉറപ്പുവരുത്തുന്നതിനായി ഓക്സിജന്റെ മതിയായ ഉൽപാദന"വും ശുപാർശ ചെയ്തു.

എന്നിരുന്നാലും, പാർലമെന്ററി സമിതിയുടെ നിർദേശങ്ങൾ പാലിക്കുന്നതിന് പകരം, അവയെ അവഗണിച്ചുകൊണ്ട് മോഡി, മഹാമാരിയെ കീഴടക്കി എന്ന തന്റെ വ്യാജ അവകാശവാദവുമായി വിവിധ സംസ്ഥാനങ്ങളിൽ വൻതോതിലുള്ള തെരഞ്ഞെടുപ്പ് റാലികൾ നടത്തുകയും, കുംഭമേള നടത്തുകയും ചെയ്തു. തൽഫലമായി കൊറോണ വൈറസ് ദിവസേന നാല് ലക്ഷം പേരിലേക്ക് പടരുന്ന, മൂവായിരം പേരെ കൊല്ലുന്ന സാഹചര്യത്തിലും (ഇന്ത്യയിലെ കോവിഡ് രോഗികളുടെ എണ്ണം 2020 മെയ് 1 ന് 2394 ആയിരുന്നു) എല്ലാവിധ പ്രോട്ടോക്കോളുകളും മാനദണ്ഡങ്ങളും മോഡി അവഗണിച്ചു.

കോവിഡ് കേസുകൾ, മരണസംഖ്യകൾ എന്നിവ മറച്ചുവെക്കുന്നതിലും, സ്വതന്ത്ര മാധ്യമ പ്രവർത്തകരെ കാവി ഗുണ്ടകൾ ആക്രമിക്കുന്നത് ഉൾപ്പെടെയുള്ള വസ്തുതകൾ റിപ്പോർട്ട് ചെയ്യരുത് എന്ന് നഗ്നമായി മാധ്യമങ്ങളെ ഭീഷണിപ്പെടുത്തുന്നതിലും ഏർപ്പെട്ടിരിക്കുന്ന, ഏറ്റവും ജനവിരുദ്ധനും പിന്തിരിപ്പനുമായ ഒന്നായി ഇന്ന് ഫാസിസ്റ്റ് മോദി ഭരണകൂടം തുറന്നുകാട്ടപ്പെടുകയാണ്.

ഈ ഗുരുതരമായ, അസമത്വവും ദാരിദ്ര്യവും രൂക്ഷമാകുന്ന സാഹചര്യത്തിൽ, പൊതു നിയന്ത്രണത്തിലുള്ള മെഡിക്കൽ സൗകര്യങ്ങളും ആരോഗ്യ ഇൻഫ്രാസ്ട്രക്ചറുകളും ശക്തിപ്പെടുത്തി അതിലൂടെ ജനങ്ങൾക്ക് സാർവത്രിക ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുപകരം ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലുമുള്ള നിയന്ത്രണങ്ങൾ നിത്തലാക്കുന്നതിലൂടെ മോദി അതിനെ ദുർബലപ്പെടുത്തുകയാണ്. ആരോഗ്യ സംരക്ഷണം ജനങ്ങളുടെ നിലനിൽപ്പിന്റെ തൂണായതിനാൽ സാമ്രാജ്യത്വ രാജ്യങ്ങൾ പോലും അവരുടെ പൗരന്മാർക്ക് വാക്സിനും ഓക്സിജനും സൗജന്യമായും മരുന്നുകൾ മിതമായ നിരക്കിലും വിതരണം ചെയ്യുകയാണ്. മറുവശത്ത്, വാക്സിൻ ഉൽപാദനത്തിലും വിതരണത്തിലും കോർപ്പറേറ്റ് ശക്തികളെ അഴിച്ചുവിടുന്നതിലൂടെ, ഫാസിസ്റ്റ് മോദി ലോകത്തിലെ ഏറ്റവും ഉയർന്ന വാക്സിൻ വില ഇന്ത്യയിലെ പൗരന്മാർക്ക് മേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. സൗജന്യ വാക്സിനുകൾക്കും ആളുകൾക്ക് താങ്ങാനാവുന്ന വിലയുള്ള മരുന്നുകൾക്കും എല്ലാ അന്താരാഷ്ട്ര വേദികളിലും ദീർഘകാലമായി പേരുകേട്ടിരുന്ന രാജ്യത്താണ് ഇത്. ജീവൻ രക്ഷിക്കുന്ന ഓക്സിജന്റെ അഭാവം മൂലം ആളുകൾ പ്രാണവായുവിനായി പിടയുമ്പോഴും, അത് കിട്ടാതെ കുഴഞ്ഞുവീഴുമ്പോഴും, കരിഞ്ചന്തകളും ഓക്സിജൻ സിലിണ്ടറുകളുടെ പൂഴ്ത്തിവെക്കലും രാജ്യമെമ്പാടും വ്യാപിക്കുന്നു.

ഈ ഭയാനകമായ സാഹചര്യത്തിൽ, ഞങ്ങളുടെ ഈ ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. വാക്സിൻ ഉൽപാദനം, സംഭരണം, വിതരണം എന്നിവ ഉടൻ തന്നെ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാക്കണം, ഇതിനായി എപ്പിഡെമിക്സ് ഡിസീസ് ആക്റ്റ്, പേറ്റൻറ് ആക്ടിന്റെ നിർബന്ധിത ലൈസൻസിംഗ്, ഡ്രഗ്സ് കണ്ട്രോൾ ആക്ട് എന്നിവ ഉപയോഗിക്കണം

2. വാക്സിൻ എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കുക

3. രാജ്യത്ത് ഓക്സിജന്റെ ഉൽപാദനവും വിതരണവും ഉടനടി ദേശസാൽക്കരിക്കുക.

4. ആശുപത്രി കിടക്കകളുടെയും മരുന്നുകളുടെയും മതിയായ ലഭ്യത ആളുകൾക്ക് താങ്ങാനാവുന്ന തരത്തിൽ ഉറപ്പു വരുത്തുക, രാജ്യത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുക, വീടുകളിൽ ആരോഗ്യ സൗകര്യങ്ങൾ വിപുലീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുക.

5. സ്വകാര്യ ആശുപത്രികൾ ഓർഡിനൻസിലൂടെ പൊതു നിയന്ത്രണത്തിലാക്കുക

6. രോഗപ്രതിരോധവിദഗ്ധരും വൈറോളജിസ്റ്റുകളും ഉൾപ്പെടെയുള്ള മെഡിക്കൽ വിദഗ്ധരുടെ സംഘത്തിൽ നിന്ന് വിദഗ്ധ വൈദ്യോപദേശം തേടുകയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക, വിവരങ്ങൾക്കായി ഫാർമ കമ്പനികളെ സർക്കാർ ആശ്രയിക്കുന്നത് അവസാനിപ്പിക്കുക.

7. ഉത്തരവാദിത്തമുള്ള സയൻസ് റിപ്പോർട്ടർമാർക്കും ജനകീയ പത്രപ്രവർത്തകർക്കും കോവിഡുമായി ബന്ധപ്പെട്ട മികച്ച വിവര സ്രോതസ്സുകളായ പ്രശ്നങ്ങൾ റിപ്പോർട്ടുചെയ്യാൻ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുക. യുപിയിലെ ഓക്സിജൻ ക്ഷാമത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നവർക്ക് മേൽ എൻഎസ്എ ചുമത്തുമെന്ന യോഗിയുടെ ഭീഷണി പോലുള്ള ഫാസിസ്റ്റ് നീക്കങ്ങൾ കണക്കിലെടുക്കുമ്പോൾ ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്.

8. ഇമേജ് നിർമ്മാണ വ്യായാമങ്ങൾ / സെൻട്രൽ വിസ്റ്റ പ്രോജക്റ്റ് പോലുള്ള ചെലവുകൾ ഒഴിവാക്കുകയും അങ്ങനെ ജനറേറ്റ് ചെയ്യുന്ന പണം ജനങ്ങളുടെ ജീവിതവും ഉപജീവനവും സുരക്ഷിതമാക്കുന്നതിലേക്ക് തിരിച്ചുവിടുകയും വേണം.

9. അതിസമ്പന്നർക്ക്മേൽ ഉചിതമായ പാൻഡെമിക് ടാക്സ്, അഭൂതപൂർവമായ സ്വത്ത് കേന്ദ്രീകരണം കണക്കിലെടുത്ത് സമ്പത്ത് നികുതി വീണ്ടും നടപ്പിലാക്കുക, ആവശ്യമായ പണം സമാഹരിക്കുന്നതിന് കോർപ്പറേറ്റ് നികുതി വർദ്ധനവ് എന്നിവയ്ക്കായി അടിയന്തിര നടപടികൾ കൈക്കൊള്ളണം.

10. കരാർ, കാഷ്വൽ തൊഴിലാളികൾ, ഭൂരഹിതരായ പാവപ്പെട്ട കർഷകർ, പാർശ്വവത്കരിക്കപ്പെട്ടവരും ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ളവരുടെ ഉപജീവനമാർഗം ഉറപ്പാക്കുന്നത് ശരിയായ കോവിഡ് മാനേജ്മെന്റിലൂടെ അവരുടെ ജീവൻ സംരക്ഷിക്കുന്നതിനൊപ്പം പ്രധാനമാണ്. ഒരുമിച്ച് MNREG പ്രോഗ്രാമിനൊപ്പം എഫ്സിഐ യിലൂടെ ഭക്ഷണസാധനങ്ങൾ സൗജന്യമായി വിതരണം നടപ്പാക്കി, ഭക്ഷണം, മരുന്ന്, പാർപ്പിടം, ദരിദ്ര, കുടിയേറ്റ തൊഴിലാളികൾക്ക് താമസകേന്ദ്രങ്ങൾ, മറ്റു സൌകര്യങ്ങൾ എന്നിവ സംസ്ഥാന സർക്കാരുകളുടേയും പ്രാദേശിക സർക്കാരുകളുടെയും പങ്കാളിത്തത്തോടെ രാജ്യവ്യാപകമായി അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

11. ഗ്രാമീണ ഡോക്ടർമാരെയും ശുചിത്വ / ആരോഗ്യ പ്രവർത്തകരെയും ഉൾപ്പെടുത്തി മെഡിക്കൽ സ്റ്റാഫുകളുടെ ക്ഷാമം ഉടനടി പരിഹരിക്കണം.

12. കോവിഡ് മാനേജ്മെന്റ് പ്രാഥമികമായി ആരോഗ്യപ്രശ്നമായതിനാൽ അനാവശ്യ പോലീസ് ഇടപെടലും ജനങ്ങളെ ഉപദ്രവിക്കുന്നതും ഉടനടി അവസാനിപ്പിക്കണം.

13. പകർച്ചവ്യാധിയെ നേരിടാൻ, പ്രതിരോധ ബജറ്റ് വെട്ടിക്കുറയ്ക്കുന്നതിനൊപ്പം ആരോഗ്യത്തിനായുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കണം.

14. കർഷക വിരുദ്ധ കറുത്ത നിയമങ്ങൾ ഉടൻ തന്നെ നിർത്തലാക്കണം, കർഷകരുടെ പ്രക്ഷോഭം തുടരുന്നിടത്തോളം കാലം എല്ലാ സമര കേന്ദ്രങ്ങളിലും പൂർണ്ണമായ കോവിഡ് പരിശോധനയും ചികിത്സാ കേന്ദ്രങ്ങളും സ്ഥാപിക്കണം.

മേൽപ്പറഞ്ഞ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കാൻ മെഡിക്കൽ വിദഗ്ധർ, രാഷ്ട്രീയക്കാർ, സാമ്പത്തിക വിദഗ്ധർ, ബന്ധപ്പെട്ട പണ്ഡിതന്മാർ എന്നിവരടങ്ങിയ ഒരു ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തണം.

ദുരിതമനുഭവിക്കുന്നവരോട് പാർട്ടി ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ഈ അടിയന്തര മിനിമം ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഭരണകൂടത്തെ നിർബന്ധിതരാക്കാൻ ഐക്യത്തോടെ മുന്നോട്ട് വരാൻ എല്ലാ ജനങ്ങളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**പൊളിറ്റ് ബ്യൂറോ**
**സി.പി.ഐ (എം.എൽ) റെഡ്സ്റ്റാർ**
1 മെയ് 2021

# ഇന്ത്യ 'കോവിഡ് നരക'ത്തിലേക്ക് പതിക്കുമ്പോൾ, വാക്സിൻ നയത്തിലൂടെ മോദി ഭരണം 'മരണ വ്യാപാരി'യാകുന്നു

2021 ഏപ്രിൽ 23 ന് രാത്രി 11.15 വരെ 3.46 ലക്ഷത്തിലധികം പുതിയ കേസുകളുമായി കോവിഡ് -19 ന്റെ രണ്ടാം തരംഗത്തിന്റെ പ്രഭവകേന്ദ്രമായി ഇന്ത്യ മാറി (ലോകത്തിലെ കൊറോണ വൈറസ് അണുബാധയുടെ എക്കാലത്തെയും ഉയർന്ന സ്പൈക്ക്) കൂടാതെ ദിവസേന 3000 ത്തോളം മരണങ്ങൾ. കോവിഡ് 19 ന്റെ ജനിതകമാറ്റം സംഭവിച്ച വൈറസ് യൂറോപ്പിലും ആഫ്രിക്കയിലും 2020 മദ്ധ്യത്തോടെ കണ്ടെത്തിയതായി വിവരം ലഭിച്ചിരുന്നു., ഇത് ഏഷ്യൻ രാജ്യങ്ങളിലേക്ക് വ്യാപിക്കുമെന്ന് ഇതിനകം പ്രവചിക്കപ്പെട്ടിരുന്നു. കോവിഡിന്റെ രണ്ടാം തരംഗം 2020 അവസാന പാദത്തിൽ യൂറോപ്പിൽ ആരംഭിച്ചപ്പോൾ, അവിടെയുള്ള എല്ലാ സർക്കാരുകളും അതിർത്തികൾ അടയ്ക്കുന്നതുൾപ്പെടെ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. എന്നാൽ മോദി സർക്കാർ പതിവുപോലെ ഈ വിവരങ്ങളിൽ കുറ്റകരമായ അനാസ്ഥ കാണിക്കുകയും ആസന്നമായ വെല്ലുവിളിയെ നേരിടാൻ ഒരുക്കങ്ങളൊന്നും നടത്താതിരിക്കുകയും ചെയ്തു.'ദീപം തെളിയിക്കൽ', 'പാത്രം കൊട്ടൽ', പോലുള്ള വിജ്ഞാനവിരോധത്തിന്റെയും അധികാര ഗർവിന്റെയും സമ്പ്രദായങ്ങളിലൂടെയും, തുടർന്ന് കുടിയേറ്റ തൊഴിലാളികൾ ഉൾപ്പെടെയുള്ള ദശലക്ഷക്കണക്കിന് ദരിദ്രജനതയുടെ ഉപജീവനമാർഗത്തെയും ഉപജീവനത്തെയും തീർത്തും അവഗണിച്ചു കൊണ്ട് ഏറ്റവും കർശനവും നീണ്ടുനിൽക്കുന്നതുമായ നിർബന്ധിത ലോക്ക് ഡൌൺ അടിച്ചേൽപ്പിച്ചു. ആരോഗ്യസംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒന്നും ചെയ്യാതെ, കോവിഡിന്റെ തന്നെ ആദ്യഘട്ടത്തിൽ തന്നെ, പകർച്ചവ്യാധിയെ നേരിടാനുള്ള കഴിവില്ലായ്മയും കാര്യക്ഷമതയില്ലായ്മയും മോദി ഭരണകൂടം തുറന്നുകാട്ടി. അതേസമയം, കോവിഡിനെ ഒരു മറയായി ഉപയോഗി ച്ചുകൊണ്ട്, നവലിബറൽ, കോർപ്പറേറ്റ്-കാവി ഫാസിസ്റ്റ് നയങ്ങൾ അത്യുത്സാഹത്തോടെയാണ് പിന്തുടരുന്നത്.

ഇന്ന്, ഇന്ത്യയിൽ  കോവിഡിന്റെ തീവ്രവ്യാപനം നടക്കുന്നത് യുഎസ് പോലുള്ള രാജ്യങ്ങൾ ഒരു വര്ഷം നീണ്ട പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിന്റെ ആദ്യ ലക്ഷണങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന സമയത്താണ്. വൈറസ് മാനേജ്മെൻറ് നടപടികളായ കൺടൈൻമെൻറ് സോണുകൾ, രാത്രി കർഫ്യൂ, തൊഴിൽ നഷ്ടം, മറുനാടൻ തൊഴിലാളികളുടെ തിരിച്ചുപോക്ക്, തൽഫലമായി സാമ്പത്തിക പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രത്യാഘാതങ്ങൾ, കൂടാതെ  ഭരണനിർവ്വഹണത്തിന്റെ മൊത്തത്തിലുള്ള പരാജയം എന്നിവ രണ്ടാം തരംഗത്തിലും ഉണ്ട്, ഇപ്പോൾ ശ്രദ്ധേയമായത് കോവിഡ് രോഗബാധ  കുതിച്ചു കയറിയതോടെ രാജ്യവ്യാപകമായി പ്രതിരോധ കുത്തിവെപ്പ് യജ്ഞവും നടന്നു വരികയാണ്. ഒരു പ്രമുഖ പരമ്പരാഗത വാക്സിൻ നിർമ്മാതാവായ ഇന്ത്യ കോവിഡ് വാക്സിനിലും സ്വാശ്രിതമാണെന്നു മോദി തന്റെ ആത്മനിർഭർ വാചകമടി ഉപയോഗിച്ച് അവകാശപ്പെട്ടിരുന്നു. ഈ കാരണം പറഞ്ഞു മോദി വാക്സിൻ, ഓക്സിജൻ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുകയാണ്. സാർവ്വദേശീയ ധാരണകളെക്കാൾ വളരെ കൂടുതൽ അളവിലാണ് വാക്സിനും ഓക്സിജനും കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്നത്. അതേസമയം, സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും ഭാരത് ബയോടെക്കും യഥാക്രമം കോവിഷീൽഡും കോവാക്സിനും 150 രൂപയ്ക്ക് സർക്കാരിന് നൽകിയിരുന്നു. ഇത് സംസ്ഥാന സർക്കാരുകൾ വഴി സൗജന്യമായും സ്വകാര്യ ആശുപത്രികൾ വഴി 250 രൂപയ്ക്കും (സർവീസ് ചാർജ് / ആശുപത്രി ചാർജ് 100 രൂപ ഉൾപ്പെടെ) വിതരണം ചെയ്തിരുന്നു. മഹാരാഷ്ട്ര, ദില്ലി, രാജസ്ഥാൻ, പശ്ചിമ ബംഗാൾ, കേരളം തുടങ്ങിയ സംസ്ഥാനങ്ങൾ കോവിഡ് -19 നെ പ്രതിരോധിക്കാൻ വാക്സിൻ ഡോസുകൾ ലഭിക്കാൻ പാടുപെടുന്നതിനിടയിലും, വൻതോതിൽ വാക്സിനുകൾ വിദേശ ലക്ഷ്യസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കു കയാണ് ആഗോള ശ്രദ്ധ ആകർഷിക്കുന്നതിനായി പ്രതിച്ഛായാഭ്രാന്തനായ  മോദി. വാക്സിൻ ക്ഷാമം രൂക്ഷമാവുകയും പൊതു സമ്മർദ്ദം വർദ്ധിക്കുകയും ചെയ്തപ്പോഴാണ് മോദി സർക്കാർ ഏപ്രിൽ 19 ന് പുതുക്കിയ കോവിഡ് വാക്സിൻ നയവുമായി മുന്നോട്ട് വന്നത്.

പുതുക്കിയ നയം, വാക്സിനുകളുടെ ലഭ്യത ഉദാരവൽക്കരിക്കുന്നതിന്റെ മറവിൽ, രണ്ട് സ്വകാര്യ കമ്പനികളിൽ നിന്ന് (നിലവിലുള്ള സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ഭാരത് ബയോടെക് എന്നിവയിൽ നിന്ന്) വാക്സിനുകൾ വാങ്ങുന്ന രീതി പൂർണ്ണമായും മാറ്റി. ഇനി മുതൽ (മെയ് 1 മുതൽ) അവയുടെ വിതരണം രണ്ട് ഭാഗങ്ങളായി വിഭജിക്കപ്പെടും: കേന്ദ്രത്തിന് 50 ശതമാനവും ഓപ്പൺ മാർക്കറ്റിന് 50 ശതമാനവും. സംസ്ഥാന സർക്കാരുകൾ, സ്വകാര്യ ആശുപത്രികൾ, വാക്സിൻ നൽകാനുള്ള സൗകര്യമുള്ള വ്യവസായങ്ങൾ എന്നിവ നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് ഡോസുകൾ ശേഖരിക്കേണ്ടി വരും. മോദി ഈ തന്ത്രം പ്രഖ്യാപിച്ചതിനുശേഷം, ഏപ്രിൽ 21 ന് സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (എസ്ഐഐ) വാക്സിനുള്ള പുതുക്കിയ വിലകൾ പ്രഖ്യാപിച്ചു - സംസ്ഥാന സർക്കാരുകൾക്ക് ഒരു ഡോസിന് 400 രൂപ, ആശുപത്രികൾക്ക് 600 രൂപ ( റഷ്യൻ സ്പുട്നിക് വി ഷോട്ട് വിതരണം ചെയ്യുന്ന ഭാരത് ബയോടെക്, ഡോ. റെഡ്ഡീസ് എന്നിവ ഇതുവരെ ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ല). പുതിയ നയമനുസരിച്ച് അവ വിൽക്കുന്നത് നിർബന്ധിതമല്ലാത്തതിനാൽ എസ്ഐഐയുടെ അഡാർ പൂനവല്ല സിഇഒ സംസ്ഥാന സർക്കാരുകൾക്ക് പകരം സ്വകാര്യ ആശുപത്രികൾക്ക് പ്രത്യേകമായി വാക്സിൻ വിതരണം ചെയ്യാനുള്ള താൽപ്പര്യത്തെക്കുറിച്ച് പരസ്യമായി പ്രഖ്യാപിച്ചു. കൂടാതെ, പുതിയ നയത്തെ അടിസ്ഥാനമാക്കി, വിദേശ ഫാർമ ഭീമന്മാർക്ക് അവരുടെ വാക്സിനുകൾ ഓപ്പൺ മാർക്കറ്റിൽ നേരിട്ട് അവർ തീരുമാനിച്ച വിലയ്ക്ക് വിൽക്കാൻ സ്വാതന്ത്ര്യമുണ്ടാകും!

കോർപ്പറേറ്റ് ഫാർമ കമ്പനികൾ നിശ്ചയിച്ച വിലയ്ക്ക് വാക്സിൻ വാങ്ങാൻ സംസ്ഥാന സർക്കാരുകളെയും ആശുപത്രികളെയും നിർബന്ധിതരാക്കി അതിന്റെ തീവ്ര വലതുപക്ഷ, കോർപ്പറേറ്റ് അനുകൂല ദിശാബോധത്തിന് അനുസൃതമായി, മോദി ഭരണകൂടം കോവിഡ് വാക്സിൻ ഉൽപാദനം, വിലനിർണ്ണയം, മാർക്കറ്റിംഗ്, ഇന്ത്യയിലെ വിതരണം എന്നിവയിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തു കളഞ്ഞിരിക്കുന്നു. പൂഴ്ത്തിവെപ്പുകാർക്കും കരിഞ്ചന്തക്കാർക്കും പുതിയ അവസരങ്ങൾ തുറന്നു കൊടുക്കുകയും ബഹുഭൂരിപക്ഷം ദരിദ്രരും ദുർബലരുമായ വിഭാഗങ്ങളെ വാക്സിനേഷനിൽ നിന്ന് ഒഴിവാക്കുകയുമാണ് ചെയ്തിരിക്കുന്നത്. അതിന്റെ പെട്ടെന്നുള്ള ഫലം സംസ്ഥാനങ്ങളുടെ സാമ്പത്തികത്തകർച്ചയാണ്. ഇടനിലക്കാർ രംഗപ്രവേശം ചെയ്യാൻ സാധ്യതയുള്ളതിനാൽ, വാക്സിൻ മാഫിയ നിയന്ത്രിക്കുന്ന ഓപ്പൺ മാർക്കറ്റിൽ ഒരു ഡോസ് വാക്സിൻ വില ഉടൻ തന്നെ 1000 രൂപ വരെ ഉയരുമെന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടി. കോവിഡ് വാക്സിൻ ഉത്പാദിപ്പിക്കാൻ കഴിവുള്ള നിരവധി പൊതുമേഖലാ വാക്സിൻ കമ്പനികൾ ഉണ്ടെങ്കിലും, കോർപ്പറേറ്റ് ഫാർമ കമ്പനികൾക്ക് താൽപ്പര്യമില്ലാത്ത പരമ്പരാഗത വാക്സിനുകളുടെ ഉൽപാദനത്തിൽ മോദി അവരെ ഒതുക്കി. പുതുക്കിയ വാക്സിൻ പോളിസി പ്രഖ്യാപനത്തോടൊപ്പം മോഡി എസ്ഐഐക്ക് 3000 കോടി രൂപയും ഭാരത് ബയോടെക്കിന് 1500 കോടി രൂപയും മുൻകൂറായി നൽകുമെന്ന് വാഗ്ദാനം ചെയ്തു. ഹാഫ്കൈൻ, സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട്, ബിസിജി വാക്സിൻ ലബോറട്ടറി, എച്ച്ബിഎൽ ഇന്റഗ്രേറ്റഡ് വാക്സിൻ കോംപ്ലക്സ് തുടങ്ങിയ പൊതുമേഖലാ വാക്സിൻ കമ്പനികൾക്ക് വാക്സിനുകളുടെ ഉൽപാദനം അനുവദിച്ചാൽ സാധാരണക്കാർക്ക് താങ്ങാനാവുന്ന വാക്സിനുകൾ ലഭിക്കുമായിരുന്നു. എന്നാൽ പൊതുമേഖലയെ തകർക്കാൻ വാശി പിടിക്കുന്ന ഒരു ഭരണകൂടത്തിന് അത് ചെയ്യാൻ കഴിയില്ല. കണ്ടുപിടുത്തം പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കാൻ വിമുഖത കാണിക്കുന്നുവെങ്കിൽ അടിയന്തിര സാഹചര്യങ്ങളിൽ ഇടപെടാനും ഒരു കമ്പനിക്ക് നൽകിയിട്ടുള്ള പേറ്റന്റ് അവകാശം റദ്ദാക്കാനും ഇന്ത്യൻ പേറ്റന്റ് നിയമത്തിലെ പതിനാറാം അധ്യായം സർക്കാരിനെ അധികാരപ്പെടുത്തുന്നു. സ്വകാര്യ കളിക്കാരെ സാമൂഹിക നിയന്ത്രണത്തിലാക്കുന്നതിന് ഇന്ത്യൻ പേറ്റന്റ് നിയമത്തിലെ അത്തരം നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥകൾ അവലംബിക്കാൻ ഒരു കോർപ്പറേറ്റുകളുടെ ചെരുപ്പ് നക്കുന്ന ഭരണകൂടത്തിന് കഴിയില്ലെന്ന് വ്യക്തം.

വിരോധാഭാസമെന്നു പറയട്ടെ, ആരോഗ്യ സംരക്ഷണം വളരെ സ്വകാര്യവൽക്കരിക്കപ്പെട്ട യുഎസ് ഉൾപ്പെടെയുള്ള പല വികസിത മുതലാളിത്ത രാജ്യങ്ങളിലും ആളുകൾക്ക് സൗജന്യമായി വാക്സിനേഷൻ നൽകുകയും വാക്സിൻ വ്യവസായത്തെ നിയന്ത്രണരഹിതമാക്കാൻ അവിടത്തെ ഭരണകൂടങ്ങൾ വിമുഖത കാണിക്കുകയും ചെയ്യുന്നു. കോവിഡിന്റെ രണ്ടാമത്തെ തരംഗം കണക്കിലെടുത്ത്, അവിടെയുള്ള പല കമ്പനികളും കൊറോണ മഹാമാരിക്കാലത്ത് ലാഭേച്ഛയില്ലാതെ വാക്സിൻ വിതരണം നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. മറുവശത്ത്, മോദി കോവിഡ് വാക്സിൻ ബിസിനസ്സ് നിയന്ത്രണാതീതമാക്കിയതോടെ ഇന്ത്യൻ സ്വകാര്യ ഫാർമ ഭീമൻ എസ്ഐഐ മെയ് 1 മുതൽ 2.5 മുതൽ 3 ഇരട്ടി ലാഭം നേടാൻ പോകുന്നു. അങ്ങനെ, പുതിയ കോവിഡ് വാക്സിൻ നയത്തിലൂടെ മോദി ഭരണകൂടം ലോകത്തിലെ ഏറ്റവും പിന്തിരിപ്പനും ജനവിരുദ്ധവുമായ ഒന്നാണെന്ന് സ്വയം തുറന്നു കാട്ടുകയാണ്. രാജ്യത്തെയാകെ നശിപ്പിക്കുന്ന പകർച്ചവ്യാധികൾക്കിടയിൽ വാക്സിൻ മാഫിയയെ സൂപ്പർ ലാഭം കൊയ്യാൻ അനുവദിക്കുകയും അതിനെ ഒരു 'നരകമായി' മാറ്റുകയും ചെയ്യുന്നതിലൂടെ മോദി ഭരണകൂടം ഒരു 'മരണ വ്യാപാരി' ആയി മാറി. ഈ സാഹചര്യത്തിൽ, എല്ലാവർക്കും സൗജന്യമായി വാക്സിനേഷൻ ലഭിക്കാനുള്ള സാർവത്രികമായി അംഗീകരിക്കപ്പെട്ട അവകാശത്തെ ജീവിക്കാനുള്ള അടിസ്ഥാന അവകാശമായി കണ്ട് മുന്നോട്ടു വരണമെന്ന് ഞങ്ങൾ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. കോർപ്പറേറ്റ് വാക്സിൻ മാഫിയയുടെ കാരുണ്യത്തിലേക്ക് ആളുകളെ നയിച്ച ഈ ഭരണകൂടത്തിനെതിരെ വിശാലമായ ഐക്യം കെട്ടിപ്പടുക്കുക എന്നതാണ് ഈ ഘട്ടത്തിലെ രാഷ്ട്രീയ ദൗത്യം.

**പൊളിറ്റ് ബ്യൂറോ**
**സി.പി.ഐ (എം.എൽ) റെഡ്സ്റ്റാർ**
ഏപ്രിൽ 24, 2021

# സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സവർണ്ണ സംവരണം പിൻവലിക്കണം

മറാത്ത സമുദായത്തിന് സംവരണം ഏർപ്പെടുത്തി മഹാരാഷ്ട്രാ നിയമസഭ പാസാക്കിയ നിയമം റദ്ദു ചെയ്തു സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ച വിധി, കേരള സർക്കാർ കൊണ്ടുവന്ന സവർണ്ണ സംവരണത്തിനും ബാധകമാണ്.

സംവരണം 50 ശതമാനത്തിൽ കവിയാൻ പാടില്ലന്നും സംവരണത്തിന്റെ മാനദണ്ഡമായ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ പെടുന്ന പിന്നോക്ക വിഭാഗങ്ങളെ സംസ്ഥാനങ്ങൾക്കു നിർദ്ദേശിക്കാമെങ്കിലും തീരുമാനിക്കാൻ രാഷ്ട്രപതിക്ക് മാത്രം അനുമതി നൽകുന്ന 102 ആം ഭരണഘടനാ ഭേദഗതി ശരിവെക്കുകയും ചെയ്തിരിക്കുന്നു.

നിലവിലെ സമുദായ സംവരണത്തെ ബാധിക്കില്ലന്ന അവകാശ വാദത്തോടെ കേരളത്തിലും തുടർന്ന് കേന്ദ്രത്തിലും നടപ്പാക്കിയ സവർണ്ണ സംവരണം നിലനിൽക്കില്ലന്നാണ് സുപ്രീം കോടതി ഇതു വഴി വ്യക്തമാക്കുന്നത്.


ഇന്ത്യൻ ജാതിവ്യവസ്ഥ മൂലം വിദ്യാഭ്യാസ, അധികാര, തൊഴിൽ രംഗങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾക്ക് പങ്കാളിത്തം ഉറപ്പാക്കാനാണ് ഭരണഘടനാപരമായി സംവരണം ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനെയൊരു ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയായി അവതരിപ്പിച്ച് വിദ്യാഭ്യാസ, അധികാര, സർക്കാർ തൊഴിൽ രംഗങ്ങളിൽ സിംഹഭാഗവും കയ്യടക്കി വെച്ചിട്ടുള്ള വിഭാഗങ്ങൾക്ക് യാതൊരു പഠനങ്ങളും നടത്താതെ 10 ശതമാനം സംവരണം കൂടി നൽകുകയാണ് ആദ്യം സംസ്ഥാനവും തുടർന്ന് കേന്ദ്രവും ചെയ്തത്. ഇതിനെതിരെ ഉയർന്നുവന്ന പ്രതിഷേധങ്ങളെ പരിഗണിച്ചില്ല.

ഇപ്പോൾ സുപ്രീം കോടതിയുടെ വിധി കൂടി വന്ന സാഹചര്യത്തിൽ സവർണ്ണ സംവരണം പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

അതിനായി ജനാധിപത്യ ശക്തികളും സംവരണ വിഭാഗങ്ങളും രംഗത്തിറങ്ങണം.

**എം.കെ. ദാസൻ ,**
സെക്രട്ടറി,
**CPI (ML) റെഡ് സ്റ്റാർ ,**
സംസ്ഥാന കമ്മറ്റി

06/05/21
എറണാകുളം





# നിയമസഭാ തെരഞ്ഞെടുപ്പു ഫലവും രാഷ്ട്രീയ സാഹചര്യവും കമ്മ്യൂണിസ്റ്റുകളുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു - WORKING CLASS UNITY

പതിനഞ്ചാം കേരള നിയമസഭാ തെരഞ്ഞെടുപ്പുഫലം കമ്മ്യൂണിസ്റ്റുകളെ സംബന്ധിച്ച് ആഹ്ലാദിക്കാനുള്ള രാഷ്ട്രീയസാഹചര്യമല്ല സൃഷ്ടിക്കുന്നതെന്നും മറിച്ച് അവരുടെ ഉത്തരവാദിത്തം ഒന്നുകൂടി വർധിപ്പിക്കുകയാണ് ചെയ്യുന്നതെന്നും വർക്കിങ്ങ് ക്ലാസ്സ് യൂണിറ്റി സംസ്ഥാനകമ്മറ്റി യോഗം വിലയിരുത്തി. ഈ വിജയത്തെ ഇടതുപക്ഷ നയങ്ങൾക്കുള്ള അംഗീകാരമായോ യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തിൻ്റെ വിജയമായോ കാണാൻ തൊഴിലാളിവർഗ രാഷ്ട്രീയ നിലപാടിൽ നിന്നുകൊണ്ട് സാധ്യമല്ല.കഴിഞ്ഞ അഞ്ചു വർഷത്തെ എൽ.ഡി.എഫ് ഭരണം പഠിപ്പിക്കുന്നത് അതാണ്.കേന്ദ്ര ഗവ: ആവിഷ്ക്കരിക്കുന്ന തീവ്ര വലതുപക്ഷ നിയോലിബറൽ പദ്ധതികളും കോർപ്പറേറ്റ് വികസനനയങ്ങളും ഇവിടെ നടപ്പിലാക്കപ്പെട്ടത് ജനകീയതയുടെയും പുരോഗമനത്തിൻ്റെയും മേലങ്കിയണിയിച്ചുകൊണ്ടാണ്. ഈ നയങ്ങളുടെ കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തമ്മിൽ എന്തെങ്കിലും തരത്തിലുള്ള സാരമായ വൈരുദ്ധ്യങ്ങൾ നിലനിൽക്കുകയോ അഭിപ്രായ വ്യത്യാസങ്ങളുണ്ടാവുകയോ ചെയ്തിട്ടില്ല. എന്നു മാത്രമല്ല ദേശീയപാത സ്വകാര്യവത്ക്കരണം പോലുള്ള,വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന നവലിബറൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും നിക്ഷേപ സൗഹൃദസംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കുന്ന കാര്യത്തിലും കേന്ദ്ര ഗവ: ഉം കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസുമെല്ലാം പിണറായി ഭരണത്തെ വാനോളം പുകഴ്ത്തുകയാണ് ചെയ്തിട്ടുള്ളത്. തെരഞ്ഞെടുപ്പുരംഗത്ത് മുഖ്യമായുണ്ടായിരുന്ന മൂന്നു മുന്നണികളും ഒരേ നയത്തിൻ്റെ വക്താക്കളും പ്രയോക്താക്കളുമായിരുന്നു.

ജനജീവിതം നേരിടുന്ന വെല്ലുവിളികളോ അവരുടെ അടിസ്ഥാന ജീവിതപ്രതിസന്ധികളോ ഇവർക്കാർക്കും വിഷയമായിരുന്നില്ല. വിലക്കയറ്റവും തൊഴിലില്ലായ്മയും കാർഷിക-വ്യാവസായിക മേഖലകളിലെ തകർച്ചയും തൊഴിൽ നഷ്ടവും ഒന്നും തന്നെ തെരഞ്ഞെടുപ്പു വിഷയങ്ങളായില്ല. നാനൂറോളം മനുഷ്യജീവനുകൾ ബലി കൊടുത്തുകൊണ്ട് എല്ലാ പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ച് രാജ്യ തലസ്ഥാനത്തു നടന്നുകൊണ്ടിരിക്കുന്ന കർഷകരുടെ ഐതിഹാസിക സമരം തെരഞ്ഞെടുപ്പിൽ വേണ്ട വിധം ചർച്ചയായില്ല.

ബി.ജെ.പി നേതൃത്വം നൽകുന്ന കേന്ദ്ര ഗവ: ൻ്റെ ജനവിരുദ്ധ നയങ്ങളെ തുറന്നു കാട്ടാനോ ഫാഷിസ്റ്റു രാഷ്ട്രീയത്തിൻ്റെ വളർച്ചയെ പ്രതിരോധിക്കാനോ ഉള്ള ഒരു രാഷ്ട്രീയസന്ദർഭവും ഇരു മുന്നണികളും ഉപയോഗപ്പെടുത്തിയില്ല. പ്രളയദുരന്തമെന്ന മഹാവിപത്തിനെയും കോവിഡ് മഹാമാരിയെയും നേരിടുന്നതിൽ കേന്ദ്ര: ഗവണ്മെൻ്റ് സംസ്ഥാന ത്തോടു കാണിച്ച മനുഷ്യത്വവിരുദ്ധവും ഫെഡറൽ തത്ത്വങ്ങൾക്കു നിരക്കാത്തതുമായ സമീപനം തുറന്നു കാട്ടാനും എൽ.ഡി.എഫ് -യു.ഡി.എഫ് മുന്നണികൾ ശ്രമിച്ചതേയില്ല.പകരം ഏതൊരു സന്ദർഭവും തങ്ങളുടെ സങ്കുചിത പാർലമെൻ്ററി നേട്ടങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുക എന്ന തികച്ചും നിരുത്തരവാദപരമായ സമീപനമാണ് ഇരുകൂട്ടരും സ്വീകരിച്ചത്. ഭരണകൂട നയങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിദുരന്തങ്ങളും കോവിഡ് സാഹചര്യവുമെല്ലാം സൃഷ്ടിക്കുന്ന അരക്ഷിതബോധവും ദീർഘകാലമായി നില നിൽക്കുന്ന ജനാധിപത്യ ബഹുജന മുന്നേറ്റങ്ങളുടെ അഭാവവും രാഷ്ട്രീയ പാർട്ടികളിലും പ്രത്യയശാസ്ത്രങ്ങളിലും സംഭവിച്ച വിശ്വാസരാഹിത്യവുമെല്ലാം വൻതോതിലുള്ള അരാഷ്ട്രീയവത്ക്ക രണത്തിനും വലതുപക്ഷവത്ക്കരണത്തിനും ഇടയാക്കിയിട്ടുണ്ട്. ഈ അരാഷ്ട്രീയവത്ക്കരണവും അരക്ഷിതത്വബോധവും സൃഷ്ടിക്കുന്ന ഉപരിപ്ലവ മനുഷ്യസ്നേഹത്തെയും ദീനാനുകമ്പയെയും ഏറ്റവും സമർത്ഥമായി ചൂഷണം ചെയ്യുന്നതിൽ മത്സരിക്കുകയായിരുന്നു ബൂർഷ്വാ രാഷ്ട്രീയവും മുന്നണികളും. വാസ്തവത്തിൽ അവരുടെ തന്നെ ചെയ്തികളുടെ ഫലമായും അവർ തന്നെ നടപ്പിലാക്കുന്ന നയങ്ങൾ മൂലവും ജനങ്ങൾക്കുണ്ടാകുന്ന ദുരിതങ്ങളെയും ദുരന്തങ്ങളെയും നന്നായി ചൂഷണം ചെയ്യാനും രക്ഷകവേഷമണിഞ്ഞു ജനങ്ങളെ വീണ്ടും കബളിപ്പിക്കാനും ബൂർഷ്വാ രാഷ്ട്രീയത്തിനു കഴിയുന്നു എന്നുള്ളതാണ് സത്യം . ആഴത്തിൽ വേരോടിയ അരാഷ്ട്രീയ വത്ക്കരണമാണ് ഇത് സാധ്യമാക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ നല്ല മാനേജ്മെൻ്റ് തന്ത്രങ്ങളും മനശ്ശാസ്ത്ര പരമായ സമീപനങ്ങളും സ്വീകരിച്ചുകൊണ്ട് ഏറ്റവും നല്ല അഡ്മിനിസ്ട്രേറ്ററായി അവതരിക്കാൻ ആർക്കാണോ സാധിക്കുക, അവരെ അംഗീകരിക്കാതിരിക്കാൻ ജനങ്ങൾക്കു കഴിയാതെ വരും. ഏത് മുന്നണിയുടെ കാര്യത്തിലായാലും ഇത് തന്നെയാവും സംഭവിക്കുക. ഇത് പക്ഷേ ,രാഷ്ട്രീയത്തിൻ്റെ പേരിലോ നയങ്ങളുടെ പേരിലോ ഉള്ള വിജയമാവില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കേരളത്തിൻ്റെ സവിശേഷസാഹചര്യത്തിൽ പിണറായി നേതൃത്വം നൽകുന്ന എൽ.ഡി.എഫ് ഗവ: ആണ് ഇക്കാര്യത്തിൽ വിജയിച്ചിട്ടുള്ളത് എന്നു മാത്രം. കഴിഞ്ഞ അഞ്ചു വർഷത്തെ

# പത്ര പ്രസ്താവനകൾ

കേരള ഭരണത്തിൽ നവലിബറൽ വികസനത്തിന് ബദലായ ഇടതു സമീപനം വികസിപ്പിക്കാനുള്ള യാതൊരു ശ്രമങ്ങളും ഉണ്ടായിരുന്നില്ല. എന്നു മാത്രവുമല്ല തീവ്ര വലതു നയങ്ങളും ഹിന്ദുത്വ അജണ്ടയും നടപ്പിലാക്കുകയായിരുന്നു ചെയ്തത്. കാര്യക്ഷമതയുള്ള വലതു സർക്കാർ എന്ന നിലയിൽ തന്നെയാണ് പിണറായി സർക്കാരിനെ LDF ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചിരുന്നത്. മോദി പ്രയോഗിച്ച് വിജയിപ്പിച്ച സോഷ്യൽ എൻജിനിയറിംഗ് തന്നെയാണ് LDF കേരളത്തിലും പ്രയോഗിച്ചത്.നവലിബറൽ നയങ്ങൾ ശക്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് കേരളം അകപ്പെട്ട കടക്കെണി , ഭരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട അഴിമതി, വ്യാജ ഏറ്റുമുട്ടൽകൊലകളടക്കമുള്ള പോലീസ് രാജും അടിച്ചമർത്തലുകളും പ്രളയവും ഭൂചലനങ്ങളും ആവർത്തിച്ചു സൃഷ്ടിക്കുന്ന പരിസ്ഥിതി വിനാശങ്ങൾ , വൻകിട പദ്ധതികൾക്കു വേണ്ടിയുള്ള കുടിയൊഴിപ്പിക്കലുകൾ, പാർശ്വവൽക്കരിക്കപ്പെട്ട മർദ്ദിത ജനതയുടെ ഭൂരാഹിത്യം ശക്തമായിരിക്കുമ്പോഴും റെവന്യു ഭൂമിയുടെ നല്ലൊരു പങ്കും തോട്ടം മാഫിയകൾ നിയമ വിരുദ്ധമായി കയ്യടക്കിയിട്ടുള്ളത് , നവോത്ഥാന മൂല്യങ്ങളാകെ നഷ്ടമാക്കിയ സാമൂഹ്യ ജീർണ്ണതകളുടെ ഫലമായ ജാതിക്കൊലകളും ജാതീയ അടിച്ചമർത്തലുകളും വ്യാപകമാകുന്നത് തുടങ്ങിയവയൊന്നും ചർച്ചയാക്കാതെയാണ് ഈ തെരഞ്ഞെടുപ്പ് ക്യാമ്പയിൻ കടന്നുപോയത്.

ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതും ദുരന്ത കാലങ്ങളിൽ സൗജന്യഭക്ഷണകിറ്റുകൾ നൽകുന്നതുമെല്ലാം ഏതൊരു ജനാധിപത്യ സർക്കാറിനും ചെയ്യാവുന്ന കാര്യങ്ങളായിരിക്കെ അത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ വിധേയത്വം ആവശ്യപ്പെടുകയല്ല ഒരു ഇടത്പക്ഷ സർക്കാർ ചെയ്യേണ്ടത്. തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് കാരണമായ വ്യവസ്ഥിതിക്കെതിരെ പോരാടേണ്ടുന്ന ആത്മാഭിമാനമുള്ള പോരാളികളായി ദരിദ്ര ജനവിഭാഗങ്ങളെ വളർത്തിയെടുക്കാനുള്ള വർഗസമര രാഷ്ട്രീയത്തെക്കുറിച്ച് അവരെ നിരന്തരം ബോധവൽക്കരിക്കാനുള്ള ചുമതലയാണ് യഥാർഥ ഇടതുപക്ഷ സർക്കാറിനുള്ളത്. അത്തരമൊരു ഇടതുപക്ഷരാഷ്ട്രീയത്തിന്റെ വീറുറ്റ സമരോൽസുകസാഹചര്യം സൃഷ്ടിക്കുന്നതിനു പകരം അരാഷ്ട്രീയതയുടെ അകർമ്മണ്യതയിൽ അവരെ തളച്ചിട്ട് അധികാരം വെട്ടിപ്പിടിക്കാനുള്ള കൗശലങ്ങളാണ് എൽ.ഡി.എഫ്. കാണിച്ചത്. ചരിത്രപരമായി കേരളം ആർജ്ജിച്ച മുഴുവൻ സാമൂഹ്യ, ഭൗതിക നേട്ടങ്ങളെയും പിണറായി സർക്കാരിന്റെ സവിശേഷ നേട്ടമായി അവതരിപ്പിച്ചും ഇതിനെയെല്ലാം വോട്ടാക്കി മാറ്റാൻ സംഘടനാ സംവിധാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയുമാണ് രണ്ടാം വട്ടവും അധികാരം ഉറപ്പാക്കാൻ LDF ന് കഴിഞ്ഞത്. സവർണ്ണ സംവരണമടക്കമുള്ള ഹിന്ദുത്വ അജണ്ടകൾ നടപ്പാക്കിയതു വഴി സവർണ്ണ വിഭാഗങ്ങളുടെ വോട്ടുകൾ സമാഹരിക്കാൻ കഴിഞ്ഞതിലൂടെ തെക്കൻ കേരളത്തിലും മധ്യകേരളത്തിലും നേട്ടമുണ്ടാക്കി. ശബരിമലയുടെ പേരിൽ കടകംപള്ളി മാപ്പ് പറഞ്ഞും മുസ്ലീം സ്ഥാനാർത്ഥികളെ മത്സരിപ്പിക്കാതെ ശ്രദ്ധിച്ചും തിരുവനന്തപുരത്തെ സവർണ്ണ വോട്ടുകൾ സമാഹരിച്ചപ്പോൾ മലബാറിൽ പരമാവധി മുസ്ലീം വോട്ടുകൾ നേടാൻ കഴിയുന്ന അടവുകൾ പയറ്റി. കോർപ്പറേറ്റുവൽക്കരണത്തെ ശക്തിപ്പെടുത്തിയ സർക്കാരിന് അനുകൂലമായ നിലപാടാണ് കേരളത്തിലെ കോർപ്പറേറ്റ് മാധ്യമങ്ങളും സ്വീകരിച്ചു പോന്നത്. ഇത് തെരഞ്ഞെടുപ്പ് വിജയത്തെ പലപ്പോഴും നിർണ്ണയിക്കാൻ ശേഷിയുള്ള പ്രത്യേക രാഷ്ട്രീയ നിലപാട് സ്വീകരിക്കാത്ത ചാഞ്ചാട്ട സ്വഭാവമുള്ള മധ്യവർഗ്ഗ വിഭാഗങ്ങളിൽ അഭിപ്രായ രൂപീകരണത്തിന് ഇടയാക്കി.കേന്ദ്ര ഏജൻസികളുടെ അന്വേഷണങ്ങളെയും അതുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളെയും തങ്ങൾക്ക് അനുകൂലമാക്കി മാറ്റാനും LDF നായി. പിണറായി സർക്കാരിന്റെ ഭരണ നയങ്ങളെയൊന്നും പ്രതിരോധിക്കാനുള്ള നയമോ സംഘടനാസംവിധാനമോ ഇല്ലാതെ വിശ്വാസത്തെയും ആചാരത്തെയും ഉപയോഗപ്പെടുത്തി പ്രചാരണത്തിനിറങ്ങിയ UDF തങ്ങൾ ഉന്നയിച്ച അഴിമതി ആരോപണങ്ങൾ പോലും ഫലപ്രദമായി ജനങ്ങൾക്കു മുമ്പിൽ തുറന്നു കാണിക്കാൻ കഴിയാതെ കനത്ത പരാജയത്തെയാണ് ഏറ്റുവാങ്ങിയത്.

അതേസമയം UDF ന് പരാജയമേറ്റപ്പോഴും CPM നും കോൺഗ്രസിനും ലഭിച്ച വോട്ടു ശതമാനത്തിലെ വ്യത്യാസം വളരെ നേരിയ താണ്. BJP ക്ക് ദേശീയ തലത്തിലെ കനത്ത തിരിച്ചടിക്കൊപ്പം കേരളത്തിൽ പുതിയ സീറ്റുകൾ നേടാൻ കഴിഞ്ഞിഞ്ഞില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന മണ്ഡലം കൂടി നഷ്ടമായി എന്നത് ഈ തെരഞ്ഞെടുപ്പിൽ ദൃശ്യമായ ശ്ലാഘനീയമായ കാര്യമാണ്. അതേസമയം കഴിഞ്ഞ തവണ ഏഴ് മണ്ഡലങ്ങളിൽ അവർക്കുണ്ടായിരുന്ന രണ്ടാം സ്ഥാനം ഇത്തവണ 10 മണ്ഡലങ്ങളിലായി വർദ്ധിച്ചു എന്നത് കേരളത്തിലെ RSS സ്വാധീനത്തിന്റെ അപകടത്തെ വ്യക്തമാക്കുന്നു. RSS ന് അതിന്റെ ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിനുള്ള പല ഉപകരണങ്ങളിൽ ഒന്നു മാത്രമാണ് BJP എന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുമുള്ളതാണ്. തങ്ങളുടെ ദീർഘകാല ലക്ഷ്യങ്ങൾ നടപ്പാക്കാനുള്ള തന്ത്രങ്ങളിൽ RSS ഉപയോഗിക്കുന്നത് BJP യെ മാത്രമല്ല. കേരളത്തിൽ എൽ.ഡി.എഫിന്റെ തുടർ ഭരണം തങ്ങളുടെ അജണ്ടയ്ക്ക് ഗുണകരമായാണ് അവർ കാണുന്നത്. Organiser സബ് എഡിറ്ററായിരുന്ന ബാലശങ്കര് ഉന്നയിച്ച BJP - CPM ഡീൽ ഈ പശ്ചാത്തലത്തിൽ കാണണം . ചെങ്ങന്നൂരിലെ വോട്ടിംഗ് പാറ്റേൺ അതാണ് കാണിക്കുന്നത്.

പുതിയ സർക്കാരും കോർപ്പറേറ്റ് വൽക്കരണവുമായി ശക്തമായി മുന്നോട്ട് പോകുമെന്നാണ് ഫലപ്രഖ്യാപനത്തിന് ശേഷം മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിലും പ്രഖ്യാപിച്ചിരിക്കുന്നത്. ലോകബാങ്ക് ആവിഷ്കാരമായ " Ease of Doing Business " എന്ന വാചകം അതേപടി ആവർത്തിച്ച് നിക്ഷേപ സൗഹൃദസംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതും ലോക ബാങ്കിന്റെ തന്നെ ഭരണഘടനാബാഹ്യമായ സംവിധാനങ്ങളുടെ കേരള മാതൃകയായ കിഫ്ബിയെ ശക്തിപ്പെടുത്തലുമൊക്കെയാണ് അദ്ദേഹത്തിന്റെ വികസന സമീപനത്തിന്റെ കാതൽ എന്നു വ്യക്തമാക്കി ക്കൊണ്ട് പുതിയ സർക്കാരിന്റെ നയപ്രഖ്യാപനവും നടത്തിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഭാരിച്ച ഉത്തരവാദിത്തമാണ് കമ്മ്യൂണിസ്റ്റുകൾക്കും പുരോഗമന ജനാധിപത്യ ശക്തികൾക്കും ഏറ്റെടുക്കാനുള്ളത് . ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിക്ക് വേണ്ടിയും പരിസ്ഥിതി വിനാശങ്ങൾക്കും കുടിയൊഴിപ്പിക്കലുകൾക്കും ജനാധിപത്യ ധ്വംസനങ്ങൾക്കും ജാതിവ്യവസ്ഥയ്ക്കും സാമൂഹ്യ അസമത്വങ്ങൾക്കുമെ തിരെ ശക്തമായ ബഹുജനമുന്നേറ്റങ്ങൾ സൃഷ്ടിച്ച് കോർപ്പറേറ് ഫാസിസത്തിനും കാവിവൽക്കരണത്തിനുമെതിരെയുള്ള ജനകീയ പ്രതിപക്ഷമാകാനും അതിലൂടെ അടിസ്ഥാന സാമൂഹികമാറ്റത്തിലേക്കു നയിക്കുന്ന വർഗ ബഹുജന മുന്നേറ്റം വളർത്തിയെടുക്കാനുമുള്ള ഉത്തരവാദിത്തം തൊഴിലാളി വർഗ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നവരാണ് ഏറ്റെടുക്കേണ്ടത്.

34 വർഷം അധികാരത്തിലിരുന്ന ബംഗാളിൽ ഇന്ന് ഒരു സീറ്റ് പോലും നേടാനാവാത്ത വിധം ഇന്ത്യയിലെ മുഖ്യധാരാ ഇടതുപക്ഷപാർട്ടികൾ തകർന്നുപോയെങ്കിൽ അതിൻറെ ഉത്തരവാദിത്തം ആർക്കാണ്? വർഗസമര രാഷ്ട്രീയം പരിപൂർണമായി കൈയ്യൊഴിഞ്ഞു കൊണ്ട് തൊഴിലാളി വർഗത്തിൻറെയും ബഹുജനങ്ങളുടെയും സാമ്പത്തിക-രാഷ്ട്രീയ സമരങ്ങൾക്ക് അവധി കൊടുക്കുകയും ഭരണവർഗരാഷ്ട്രീയത്തിലേക്കും വ്യവസ്ഥാപിത ബോധത്തിലേക്കും അണികളെ കൊണ്ടെത്തിക്കുകയും ചെയ്തതിൻറെ ദുരന്തമാണിത്. സ്ഥിതവ്യവസ്ഥയുടെ സംരക്ഷകരായി പാർട്ടി - ബഹുജന സംഘടനകൾ മാറുമ്പോൾ തൊഴിലാളി വർഗവും സാധാരണ ജനവിഭാഗങ്ങളും ബൂർഷ്വാ രാഷ്ട്രീയത്തിൻറെ വ്യാമോഹങ്ങളിലേക്കും പിന്തിരിപ്പൻ പ്രസ്ഥാനങ്ങളിലേക്കും മാറിപ്പോകും. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി പാർലമെൻററി രാഷ്ട്രീയത്തെയും അതിൻറെ ഭാഗമായ ഗവൺമെൻറുകളെയും കാണുന്നത് വർഗസമര രാഷ്ട്രീയത്തിൻറെ ഭാഗമായാണ്. വർഗസമരം മുന്നോട്ടു നയിക്കാനുള്ള സാഹചര്യങ്ങളെ ജനാധിപത്യപരമായി ഉപയോഗപ്പെടുത്താനും നിലവിലുള്ള സാമൂഹ്യ സംവിധാനത്തിൻറെ പരിമിതി ജനങ്ങളെ രാഷ്ട്രീയമായി ബോധ്യപ്പെടുത്താനുമാണ്. ബൂർഷ്വാ ഗവണ്മെൻറിൽ പങ്കെടുത്തുകൊണ്ട് ഒരു കമ്മ്യൂ: പാർട്ടിക്ക് ഒരു പക്ഷേ, തൊഴിലാളിവർഗ രാഷ്ട്രീയ നിലപാടുകൾക്കു നിരക്കാത്ത ഏതെങ്കിലും ഒരു നയം നടപ്പിലാക്കേണ്ടി വന്നേക്കാം. അപ്പോൾ പോലും ആ നയത്തിൻറെ ഉള്ളുകള്ളി ജനങ്ങളെ ബോധ്യപ്പെടു ത്തുകയും നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയുടെ പരിമിതികളെ രാഷ്ട്രീയമായി ഉൾക്കൊള്ളാനുള്ള ബോധത്തിലേക്ക് അവരെ വളർത്തുകയും അന്തിമ ലക്ഷ്യമായ വ്യവസ്ഥാമാറ്റത്തിൻറെ രാഷ്ട്രീയ ബോധവും തിരിച്ചറിവും അവരിൽ ഉണ്ടാക്കിയെടുക്കുകയുമാണ് യഥാർഥ കമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്യുക. എന്നാൽ ബംഗാളിലും കേരളത്തിലും സി.പി.ഐ, സി.പി.ഐ (എം) പാർട്ടികൾ പാർലമെൻററി പ്രവർത്തനം സംബന്ധിച്ച് കമ്മ്യൂ:പാർട്ടികളുടെ ഈ സാർവദേശീയ സമീപനം ഉപേക്ഷിക്കുകയും ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുന്നതിന് സ്റ്റേറ്റിൻറെ അഡ്മിനിസ്ട്രേറ്റീവ് സംവിധാനത്തോടൊപ്പം പാർട്ടിയുടെ വർഗ-ബഹുജനസംഘടനകളെയും അണിനിരത്തി ജനവിരുദ്ധ നയങ്ങളെ വെള്ള പൂശുകയും ജനങ്ങളിൽ വ്യവസ്ഥാ വിധേയത്വം വളർത്തിയെടുക്കുകയും അരാഷ്ട്രീയവത്ക്കരണത്തിനാക്കം കൂട്ടുകയും ചെയ്തു.അതുപോലെ തന്നെ വിവിധ വിഷയങ്ങളിൽ സ്വയം സംഘടിതരായ ജനങ്ങളുടെ സമരത്തെ തകർക്കുകയും നേതാക്കൾക്കെതിരെ കരിനിയമങ്ങൾ ചുമത്തി ജയിലിലിലടക്കുകയും ചെയ്യുന്നു. ഇടതുപക്ഷ മൂല്യങ്ങൾക്കും വർഗസമര രാഷ്ട്രീയത്തിൻറെ വളർച്ചയ്ക്കും വലിയ തിരിച്ചടിയാണ് ഇതുവഴി സംഭവിക്കുന്നത്. സാമ്രാജ്യത്വ ആഗോളവത്ക്കരണത്തിൻറെ ഭാഗമായ നവലിബറൽ നയങ്ങൾേ
ക്കും
ഫാഷിസവത്ക്കരണത്തിനുമെതിരായി ഒരു പുതിയ ഇടതുപക്ഷ സമരനിര സൃഷ്ടിക്കുകയും തൊഴിലാളി വർഗ രാഷ്ട്രീയത്തെ മുന്നോട്ടു നയിക്കുകയും ചെയ്യേണ്ടത് യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരിൽ അർപ്പിതമായ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനായി തൊഴിലാളിവർഗ ഐക്യം കൂടുതൽക്കൂടുതൽ ശക്തമാവേണ്ടതുണ്ട്. വർഗതാത്പര്യങ്ങൾക്കു തീർത്തും കടകവിരുദ്ധമായ സങ്കുചിതവും അന്ധവുമായ പാർട്ടി ബോധം വെടിയാനും സമൂഹത്തെ മുന്നോട്ടു നയിക്കാനുള്ള തൊഴിലാളി വർഗരാഷ്ട്രീയത്തിനു കരുത്തുപകരാനും പാർട്ടി ഭേദമെന്യേ അണിനിരക്കാൻ ഇടതു ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന എല്ലാ വിഭാഗം ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**WORKING CLASS UNITY**
സംസ്ഥാന കമ്മറ്റി

# പാർപ്പിട - ഭൂരഹിതരെ പ്രത്യേകം പരിഗണിക്കണം PASS



ലോക്ക് ഡൗൺ കാലം ഭൂമിയോ - വീടോ ഇല്ലാത്തവർ ജീവിക്കാൻ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വന്നിട്ടുള്ളതിനാൽ തിരിച്ചടക്കാൻ കഴിയാത്തതിനാൽ ഭീഷണിയിലാണ് സർക്കാർ തലത്തിൽ പരിഹാരം ഉണ്ടാകണം കഴിഞ്ഞ ലോക്ക് ഡൗൺ കാലത്ത് തൊഴിൽ നഷ്ടപെട്ട് മുതലും പലിശയും അടക്കാനാകത്തെ ഇപ്പോൾ അതെല്ലാം മുതലാക്കി കൊണ്ട് അടക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ഇപ്പോൾ വാടകയുടെ അഡ്വൻ തുക പോലും വാടകയിലേക്ക് പിടിച്ചവരാണ് ഭൂരിപക്ഷവും. വാടക തന്നെ കൊടുക്കാൻ കഴിയാതെ കുഞ്ഞുമക്കളുമായി അടിസ്ഥാന സൗകര്യം ഇല്ലാതെ കഴിയുന്നവരും ഏറെയാണ്. കാര്യമായ പരിഗണനയും മുൻഗണനയും സർക്കാരിന്റെ ഭാഗത്തിനിന്ന് ഇവർക്ക് ഉണ്ടാകണം. കഴിഞ്ഞ ദിവസം പണം കടം ചോദിച്ച് പോലീസ് സ്റ്റേഷനിലെത്തിയ കുടുംബത്തിന്റെ സ്ഥിതിയാണ് മഹാഭൂരിപക്ഷത്തിനും.

ഈ സ്ഥിതി ഗൗരവപൂർവ്വം പരിഗണിക്കാൻ പ്രദേശിക അധികാര കേന്ദ്രങ്ങൾക്ക് സർക്കാർ ഉത്തരവു നൽകണം. രോഗപ്രതിരോധതോടെപ്പം ഇത്തരത്തിൽ മരണത്തിനും ജീവിതത്തിനുമിടയിൽ കഴിയുന്നവരെ കാണാതെ പോകരുത്.

സർക്കാരിന്റെ മനസ്സാക്ഷി വാടക്കാർക്കോ - സ്വകാര്യ പണമിടപാടുകാർക്കോ ഉണ്ടാകണം എന്ന ഒഴുക്കൻ പ്രസ്ഥാവന കൊണ്ട് കാര്യമില്ല. ഗുണകരമാകുന്ന നടപടി ഉണ്ടാകണം.

മറ്റിതര ചികിത്സാശാഖകളെ ഫലപ്രധമായി കൂടി ഇതിനോടെപ്പം ഉപയോഗപ്പെടുത്തണം. കോർപ്പറേറ്റ്കൾക്ക് രോഗപ്രതിരോധത്തിന്റെ മറവിൽ കൊള്ള ചെയ്യാൻ അവസരമൊരുക്കിയിട്ടും സംസ്ഥാനത്തെ 15 ശതമാനത്തിനു പോലും പ്രതിരോധം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഒരു രീതി അവലംഭിക്കുന്നത് പൂർണ്ണമാകാൻ എത്ര നാൾ ഈ നിലക്ക് വേണ്ടിവരും (ഇത് ചെയ്യ്താൽ രോഗം വന്ന് മരിക്കില്ല എന്നതാണ് ന്യായം - ഇന്നതെ നിലയിലാണ് രോഗവ്യാപനമെങ്കിൽ ഇപ്പോൾ തന്നെ തകിടം മറിയുന്ന സ്ഥിതിയിലായ സാഹചര്യത്തിൽ ലോക്ക് ഡൗൺ നീട്ടേണ്ട സ്ഥിതിയിൽ പുന:പരിശോധികേണ്ടിവരുന്ന സ്ഥിതിയിൽ മൽപ്പറഞ്ഞ വിഷയം ജനജീവിതത്തെ താറുമാറാക്കും.) എന്ന് ഒരു നിശ്ചയവുമില്ല.

ആരോഗ്യ പ്രവർത്തകർ രണ്ടാം വരവിനു മുൻപ്പ് പറഞ്ഞിരുന്നത് ഇതിനെ നിയന്ത്രിക്കാൻ ഒന്നര വർഷം വരെ ഏടുക്കുമെന്നായിരുന്നു ഇപ്പോൾ കാണുന്നത് ആ നിഗമനം താളം തെറ്റുമെന്നാണ് , അതുകൊണ്ട് ശ്വാസം മുട്ടി മറിക്കുന്നതുപോലെ തന്നെയാണ് ജോലിയും കൂലിയുമില്ലാതെ നരകിക്കുന്ന ജനതയുടെ സ്ഥിതിയും അതിൽ തന്നെ പ്രത്യേകം പറയുന്നത് സ്വന്തമായി ഭൂമിയോ - പാർപ്പിടമോ ഇല്ലാത്തവരുടെ ജീവിത പ്രയാസം വിവരണാധീതമാണ് എന്ന് മനപ്പിലാക്കാൻ .വിവേകതോടെ സർക്കാർ സംവിധാനം ഉണർന്ന് പ്രവർത്തിക്കണം.

**പാർപ്പിട അവകാശ സംരക്ഷണ സമിതി ( PASS) ക്കു വേണ്ടി,**

**രാജേഷ് അപ്പാട്ട്, 6-5-2021**

# ഡോ.കെ.എസ്. മാധവനെതിരെയുള്ള സർവ്വകലാശാലാ നടപടി പിൻവലിക്കുക.



കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്രവിഭാഗം അസോസിയേറ്റ് പ്രഫസറും ചരിത്രകാരനുമായ ഡോ. കെ എസ് മാധവനും ഡോ. പി കെ പോക്കറും ചേർന്ന് എഴുതിയ “സർവകലാശാലകളിൽ നിറഞ്ഞാടുന്നു സംവരണ വിരുദ്ധ മാഫിയ’ എന്ന ലേഖനത്തിന്റെ പേരിൽ ഡോ. കെ എസ് മാധവനെതിരെ നൽകിയ മെമ്മോ പിൻവലിക്കാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി തയ്യാറാകണം.

സംവരണ അട്ടിമറിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയെ തുടർന്ന് ഭരണഘടന സ്ഥാപനമായ ദേശീയ പട്ടികജാതി കമ്മീഷൻ കാലിക്കട്ട് യൂണിവേഴ്സിറ്റിയോട് വിശദീകരണം തേടിയിരിക്കുകയാണ് എന്ന ലേഖനത്തിലെ പരാമർശമാവണം യൂണിവേഴ്സിറ്റിയെ പ്രകോപിപ്പിച്ചത്.

സംഘപരിവാറിനു കീഴിലെ മോദി സർക്കാർ തങ്ങൾക്ക് അഭിമതരല്ലാത്ത അക്കാദമിസ്റ്റുകളെയും സാംസ്കാരിക പ്രവർത്തകരെയും എഴുത്തുകാരെയും വിദ്യാർത്ഥികളെയും ഭീഷണിപ്പെടുത്തിയും കേസ് എടുത്തും ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നും ഒഴിവാക്കിയും നടത്തുന്ന അടിച്ചമർത്തൽ തന്നെയാണ് അടിസ്ഥാനപരമായി മോദി നയങ്ങളും ഹിന്ദുത്വ അജണ്ടകളും പിന്തുടരുന്ന പിണറായി സർക്കാരിനു കീഴിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയും നടപ്പിലാക്കുന്നത്.

സംവരണ അട്ടിമറിക്കായി കേന്ദ സർക്കാരിനു തന്നെ മാതൃക കാട്ടും വിധം സവർണ്ണ സംവരണം നടപ്പാക്കിയ പിണറായി സർക്കാരിനെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റിയിലെ സംവരണ അട്ടിമറികളെ കുറിച്ചുള്ള വെളിപ്പെടുത്തലുകൾ സഹിക്കാനാവുന്നില്ല.

അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ ഈ നടപടി അവസാനിപ്പിക്കണമെന്നും ഡോ. കെ എസ് മാധവന് നൽകിയ മെമ്മോ പിൻവലിക്കണമെന്നും യൂണിവേഴ്സിറ്റികളിലെ സംവരണ അട്ടിമറികൾ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

**എം.കെ.ദാസൻ ,**
സംസ്ഥാന സെക്രട്ടറി,
**CPI (ML) റെഡ് സ്റ്റാർ ,**
01/05/21
എറണാകുളം.

# സിദ്ദിഖ് കാപ്പൻ ഭരണകൂട ഭീകരതയുടെ ഇര



ഒമ്പത് വർഷമായി ഡൽഹിയിൽ പത്രപ്രവർത്തനം നടത്തിവരുന്ന സിദ്ദിഖ് കാപ്പൻ എന്ന മലയാളി പത്രപ്രവർത്തകനെ കാരണമൊന്നുമില്ലാതെ ഉത്തർപ്രദേശ് സർക്കാർ യുഎപിഎ ചുമത്തി അറസ്റ്റ് ചെയ്ത് തടവിലാക്കിയ നടപടി ഭരണഘടനാപരമായ മനുഷ്യാവകാശങ്ങളെയും വ്യക്തിയുടെ സഞ്ചാരസ്വാതന്ത്ര്യത്തെയും നിഹനിക്കുന്നതാണെന്നും കോവിഡ് ബാധിതനായ നിലയിലും തടവറയിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുന്ന അദ്ദേഹത്തെ ഉടൻ മോചിപ്പിക്കണമെന്നും പ്രോഗ്രസീവ് പൊളിറ്റിക്കൽ ഫ്രണ്ട് (PPF) സംസ്ഥാന കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

കൂട്ടബലാൽസംഗത്തിനിരയായി കൊല്ലപ്പെട്ട ഹത്രാസിലെ ദളിത് പെൺകുട്ടിയുടെ വീട്ടിലേക്ക് റിപ്പോർട്ട് ശേഖരിക്കാനായി പോകുന്ന വഴിയിലാണ് സിദ്ദിഖ് കാപ്പനെ ഉത്തർപ്രദേശ് പോലീസ് അറസ്റ്റു ചെയ്തത്. കേരള പത്രപ്രവർത്തക യൂണിയൻ ഡൽഹി ഘടകം സെക്രട്ടറി കൂടിയായ സിദ്ദിഖ് കാപ്പൻ തന്റെ തൊഴിലിന്റെ ഭാഗമായി ഹത്രാസിലേക്ക് നടത്തിയ യാത്ര രാജ്യദ്രോഹമാണ് എന്ന് ആരോപിച്ചുകൊണ്ടാണ് അദ്ദേഹത്തിനെതിരെ പോലീസ് യുഎപിഎ ചുമത്തിയിരിക്കുന്നത്. ജീവിതത്തിൽ ഒരു പെറ്റി കേസുപോലുമില്ലാത്ത പത്രപ്രവർത്തകനെതിരെ അദ്ദേഹത്തിന്റെ തൊഴിലിനിടയിൽ ദേശദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തതിനു പിന്നിൽ പ്രവർത്തിച്ചത് ഉത്തർപ്രദേശ് ഭരിക്കുന്ന യോഗി ആദിത്യനാഥ് സർക്കാറിന്റെ മുസ്ലീം വിദ്വേഷവും സത്യം കുഴിച്ചുമൂടാനുള്ള വ്യഗ്രതയും മാത്രമാണെന്ന് വ്യക്തമാണ്.

2020 ഒക്ടോബറിൽ അറസ്റ്റ് ചെയ്യപ്പെട്ട സിദ്ദിഖ് കാപ്പന് ജാമ്യം അനുവദിക്കാതെ ആറ് മാസമായി ജയിലധികൃതർ അദ്ദേഹത്തെ പീഡിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഭരണഘടനാപരമായി വ്യക്തിയുടെ മൗലികാവകാശമായ ഹേബിയസ് കോർപസ് ഹരജി തള്ളുകയും കേസ് ആവർത്തിച്ച് നീട്ടിവെക്കുകയും ചെയ്ത കോടതി നടപടിയും പ്രതിഷേധാർഹമാണ്. മതവിദ്വേഷം വളർത്തി എന്ന കുറ്റമാണ് യാതൊരു തെളിവുമില്ലാതെ കാപ്പനെതിരെ സർക്കാർ ചുമത്തിയിരിക്കുന്നത്. മാന്യമായി തൊഴിലെടുത്ത് ജീവിക്കുന്ന പത്രപ്രവർത്തകനെതിരെ പോലീസ് 5000 പേജുള്ള കുറ്റപത്രം തയ്യാറാക്കിയിരിക്കുകയാണ്. യോഗി ആദിത്യനാഥ് സർക്കാറിന്റെ വർഗീയ - ഫാസിസ്റ്റ് കൂടില നയത്തിന്റെ പ്രതിഫലനമാണിത്.

ഒരു മലയാളി പത്രപ്രവർത്തകൻ തന്റെ ജോലിക്കിടെ യുഎപിഎ എന്ന കരിനിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടിട്ട് ആറ് മാസമായിട്ടും കേരള മുഖ്യമന്ത്രി അർഥഗർഭമായ മൗനം ദീക്ഷിച്ചു എന്നത് ജനാധിപത്യ-മതേതര വിശ്വാസികളിൽ ഞെട്ടലുളവാക്കുന്നു. മുഖ്യമന്ത്രി ആരെയാണ് പേടിക്കുന്നത് എന്ന് കാപ്പന്റെ ഭാര്യ റൈഹാനത്ത് തുറന്ന് ചോദിച്ചതിനുശേഷം മാത്രമാണ് അദ്ദേഹത്തിന്റെ ചികിൽസയിൽ ശ്രദ്ധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരള മുഖ്യമന്ത്രി യു.പി. മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുള്ളത്. യുഎപിഎ കേസ് റദ്ദ് ചെയ്ത് കാപ്പനെ വിട്ടയക്കണമെന്ന് പറയാൻ മുഖ്യമന്ത്രി ഇതുവരെ തയ്യാറായിട്ടില്ല. അലനെയും താഹയെയും യുഎപിഎ ചുമത്തി തടവിലടച്ച കേരള മുഖ്യമന്ത്രിക്ക് കാപ്പനെ തുറുങ്കിലടച്ച് പീഡിപ്പിക്കുന്ന ആദിത്യനാഥിനെതിരെ ശബ്ദിക്കാൻ നാക്കു പൊങ്ങാത്തതിൽ അദ്ഭുതമില്ല.

സിദ്ദിഖ് കാപ്പന്റെ ഭാര്യ റൈഹാനത്ത് കാട്ടിയ പോരാട്ടവീര്യം അഭിനന്ദനാർഹമാണ്. അവർ നടത്തുന്ന പോരാട്ടത്തെ സർവാത്മനാ പിന്തുണയ്ക്കാനും അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും പുരോഗമനശക്തികൾക്ക് ബാധ്യതയുണ്ട്. രോഗബാധിതനായി മരണത്തെ അഭിമുഖീകരിച്ച് തടവറയിൽ കഴിയുന്ന സിദ്ദിഖ് കാപ്പന്റെ മോചനത്തിനായി എല്ലാ ഇടത് പക്ഷ-ജനാധിപത്യ-മതേതര വിശ്വാസികളും വിശിഷ്യ, മുഴുവൻ പത്രപ്രവർത്തകസമൂഹവും ഒറ്റക്കെട്ടായി രംഗത്തുവരണമെന്ന് പ്രോഗ്രസീവ് പൊളിറ്റിക്കൽ ഫ്രണ്ട് അഭ്യർഥിക്കുന്നു.

**പ്രോഗ്രസീവ് പൊളിറ്റിക്കൽ ഫ്രണ്ട്**

# സി.പി.ഐ (എം.എൽ) റെഡ് സ്റ്റാർ പശ്ചിമ ബംഗാൾ സ്റ്റേറ്റ് സെക്രട്ടേറിയറ്റിന്റെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലങ്ങൾ സംബന്ധിച്ച പ്രസ്താവന

പതിനെട്ടാം നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഫാസിസത്തിന്റെ തേരോട്ടത്തെ തടസ്സപെടുത്തിയിരിക്കുകയാണ്. എന്നാൽ തൃണമൂൽ കോൺഗ്രസിന്റെ ഈ വിജയം ഫാസിസത്തിന് വലിയ തിരിച്ചടി നൽകി എന്ന് പറയുന്നത് ശരിയല്ല. ഏക പ്രതിപക്ഷ പാർട്ടിയായി ബിജെപി ഉയർന്നിരിക്കുകയാണ്. സംസ്ഥാന നിയമസഭ മുഴുവൻ വലതുപക്ഷ ശക്തികൾക്കിടയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. വിജയിച്ച യുണൈറ്റഡ് ഫ്രണ്ടിന്റെ ഏക സ്ഥാനാർത്ഥി പോലും ഒരു ന്യൂനപക്ഷ സമുദായത്തിന്റെ മതനേതാവായി ആണ് വിജയിച്ചത്. മതവികാരമാണ് ഒരേയൊരു മാനദണ്ഡമായി പ്രവർത്തിച്ചത്.

ഇടതുമുന്നണി, പ്രത്യേകിച്ച് സിപിഎമ്മിന്റെ ലിക്വിഡേഷൻ രാഷ്ട്രീയം തീർച്ചയായും ഈ അവസ്ഥയ്ക്ക് ഉത്തരവാദിയാണ്, എന്നാൽ ഇതിനെ കുറ്റപ്പെടുത്തുന്നത് മാത്രം പോരാ എന്ന് കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ ഓർമ്മിക്കേണ്ടതാണ്. ഈ ലിക്വിഡേഷനിസ്റ്റ് രാഷ്ട്രീയത്തെ നാം പരാജയപ്പെടുത്തണം. തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെയും വലിയൊരു വിഭാഗത്തെ നാം അണിനിരത്തണം. അതില്ലാതെ നമുക്ക് വിപ്ലവ രാഷ്ട്രീയം സ്ഥാപിക്കാൻ കഴിയില്ല. നമുക്ക് ഇത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഫാസിസം കൂടുതൽ ശക്തമായേക്കാം. കാരണം, ഇപ്പോഴത്തെ ഭരണകക്ഷിയുടെ ജനവിരുദ്ധ നയങ്ങൾ ചൂണ്ടിക്കാണിക്കാൻ അവസരം ലഭിക്കുന്നതിലൂടെ ഫാസിസത്തിന് അതിന്റെ അടിത്തറ കൂടുതൽ ദൃഢമായി സ്ഥാപിക്കാനുള്ള അവസരം ലഭിക്കും.

തിരഞ്ഞെടുപ്പിൽ ഫാസിസ്റ്റ് ശക്തികളെ വെല്ലുവിളിക്കാൻ തൊഴിലാളിവർഗത്തിന് ഇതുവരെ സാധിച്ചിട്ടില്ലെന്ന് നമുക്കറിയാം. തൊഴിലാളിവർഗ നേതൃത്വവും അതിനു പ്രാപ്തമായിട്ടില്ല. അതിനാൽ, ഈ സാഹചര്യത്തിൽ,'ബിജെപിക്ക് വോട്ട് ചെയ്യരുത്' എന്നത് ഒരു അടിയന്തര തിരഞ്ഞെടുപ്പ് മുദ്രാവാക്യമായി ഉപയോഗിക്കാം. ഈ മുദ്രാവാക്യവും അതിന്റെ പ്രചാരണവും പൊതുജനങ്ങളിൽ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ട്. എന്നിരുന്നാലും, ഈ മുദ്രാവാക്യം മുതലെടുക്കുന്നതിനുപകരം, ദുരഭിമാനിയായ സി.പി.ഐ.എം അതിനെതിരെ നിലകൊള്ളുകയും, ബിജെപി വിരുദ്ധരായ ജനങ്ങളുടെ മുൻപിൽ സ്വന്തം പ്രതിച്ഛായ നശിപ്പിക്കുകയും ചെയ്തു. ന്യൂനപക്ഷ മൗലികവാദികളുമായും കോൺഗ്രസുമായും സഖ്യത്തിലേർപ്പെട്ടുകൊണ്ട് ബി.ജെ.പിയെയും ടി.എം.സിയെയും തുലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്തതിലൂടെ, ബി.ജെ.പിക്കെതിരായ നിലകൊള്ളാൻ ഒരേയൊരു മാർഗം തൃണമൂൽ കോൺഗ്രസ് അധികാരത്തിൽ എത്തുന്നത് ആണെന്ന് ചിന്തിക്കാൻ പൊതുജനങ്ങൾ നിർബന്ധിതരായി. ഫലമോ, നിയമസഭയിൽ ചെങ്കൊടി പിടിക്കാൻപോലും ആരുമുണ്ടായില്ല എന്നതാണ്. അതിനാൽ ഇപ്പോൾ ജനങ്ങളെ ഒറ്റക്കെട്ടായി മുന്നോട്ട് കൊണ്ടുപോകുക എന്നത് കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ കടമയാണ്.

സിപിഐ (എംഎൽ) റെഡ് സ്റ്റാർ നാല് സീറ്റുകളിൽ മത്സരിച്ചു. മൂന്ന് സീറ്റുകളിൽ (ഭാംങ്കർ ഒഴികെ) രാഷ്ട്രീയ പ്രചാരണമായിരുന്നു പ്രധാന ലക്ഷ്യം. യുക്തിയാണോ വികാരമാണോ ഭാംങ്കർ സീറ്റിൽ ജയിക്കാൻ പോകുന്നത് എന്നത് കണ്ടറിയേണ്ട കാര്യമാണ് എന്ന് ഞങ്ങൾ പറഞ്ഞിരുന്നു. വികാരമാണ് വിജയിച്ചത്. ഇതോടൊപ്പം, ഇടതുപക്ഷക്കാർ എന്ന് പറയപ്പെടുന്നവരുടെ പ്രചാരണം മതവികാരം വളർത്താൻ നേരിട്ട് സഹായിച്ചു. കൊറോണ പൊട്ടിപ്പുറപ്പെട്ടതിനെ തുടർന്ന് ഒരു വർഷത്തോളം രാഷ്ട്രീയ പ്രവർത്തനങ്ങൾ തടയപ്പെട്ടപ്പോഴും മതപരമായ പ്രവർത്തനങ്ങൾ തുടരാൻ സാധ്യത ലഭിച്ചു. പൊതുജനങ്ങൾക്കിടയിൽ നമുക്കെതിരെ പ്രചാരണം നടത്താൻ അബ്ബാസ് സിദ്ദിഖിയെ ഇത് സഹായിച്ചു. ഈ പ്രതികൂല സാഹചര്യത്തിലായിട്ടു കൂടി ഞങ്ങൾക്ക് അവിടെ 4930 വോട്ടുകൾ ലഭിച്ചു. ഈ വോട്ടുകളിൽ പ്രതിബദ്ധത നിറഞ്ഞുനിൽക്കുന്നു എന്ന് നമുക്ക് അനുമാനിക്കാം. വരും ദിവസങ്ങളിൽ ഞങ്ങളുടെ പോരാട്ടം തുടരുക തന്നെ ചെയ്യും.

പൊതുവിൽ പറഞ്ഞാൽ, നിരാകാരണത്തെ മറികടക്കുന്നതിനായുള്ള ബോധപൂർവമായ ശ്രമങ്ങൾ നടത്താതെ, എല്ലാ വിപ്ലവപ്രസ്ഥാനങ്ങളും ഐക്യപ്പെട്ട് ഫലപ്രദമായ ഒരു ബദൽ ശക്തിയായി മുന്നോട്ട് വരാതെ, നിലവിലെ പരിതസ്ഥിതിയെ തരണം ചെയ്യാനാകുംവിധം നിലവിലെ സാധ്യതകളെ ഉപയോഗപ്പെടുത്താനാകില്ല.

തിരഞ്ഞെടുപ്പ് ഫലം ആസ്പദമാക്കി ഈ സന്ദേശം എല്ലാ വിപ്ലവ ശക്തികൾക്കും ജനങ്ങൾക്കും മുന്നിൽ ഞങ്ങൾ മുന്നോട്ട് വെയ്ക്കുകയാണ്.

**ആലിക് ചക്രബർത്തി**
സെക്രട്ടറി,
പശ്ചിമ ബംഗാൾ സംസ്ഥാന കമ്മറ്റി
**സിപിഐ (എംഎൽ) റെഡ് സ്റ്റാർ**
2 മെയ് 2021.

# തെരഞ്ഞെടുപ്പാനന്തര തമിഴ് നാട് ഉയർത്തുന്ന വെല്ലുവിളികൾ



തമിഴ്നാട്ടിലേക്കുള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ എ.ഐ.ഡി. എം.കെക്ക് പകരം ഡി.എം. കെ നേതൃത്വത്തിലുള്ള മുന്നണി അധികാരത്തിൽ വന്നു. കഴിഞ്ഞ പത്തുവർഷമായി എ.ഐ.ഡി.എം.കെ അധികാരത്തിലായിരുന്നു. ആദ്യ ടേം ജയലളിത തന്നെ ഭരിക്കുകയും രണ്ടാം ടേം എ.ഐ.ഡി.എം.കെ ബിജെപിയുടെ പാവയായി ഭരിക്കുകയും ചെയ്തു. ഈ കാലയളവിൽ, ജയലളിതാനന്തര നേതൃത്വം സംസ്ഥാനത്തിന്റെ മുഴുവൻ താൽപര്യവും, പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ ഫെഡറൽ അവകാശങ്ങൾ പൂർണ്ണമായും കൈയൊഴിഞ്ഞു. സംസ്ഥാനത്തെ പ്രതിസന്ധികളുടെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഡി.എം. കെ സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നത്. ജയലളിതാനന്തര നേതൃത്വത്തിന്റെ പാവ ഭരണകൂടത്തിനെതിരെ തുടക്കം മുതൽ തന്നെ സംസ്ഥാനത്തെ എല്ലാ ശക്തികളും ശബ്ദമുയർത്തിയിരുന്നു. ഈ തെരഞ്ഞെടുപ്പിൽ, ബിജെപിയും ജയ നേതൃത്വത്തിനു ശേഷമുള്ള ബാന്ധവവും പരിഗണിച്ച പാർട്ടി പുരോഗമന, ജനാധിപത്യ, ഭരണവർഗേതര ദളിത് സംഘടനകൾ, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവയ്ക്കൊപ്പം ബിജെപി - എ.ഐ.ഡി.എം.കെ സഖ്യത്തെ പരാജയപ്പെടുത്തുക' എന്ന കാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചു.

ഈ തിരഞ്ഞെടുപ്പിൽ ബിജെപി നാല് സീറ്റുകൾ നേടി. കരുണാനിത്തി, ജയ ഭരണകൂടങ്ങളുടെ കാലഘട്ടത്തിൽ ബിജെപിക്ക് നിയമസഭയിൽ അത്രയും സീറ്റുകളുണ്ടായിരുന്നു. ഇത് പുതിയ ഒന്നല്ല, എന്നാൽ ഇത്തവണ കേന്ദ്രത്തിൽ മോദി ഭരണത്തിൻ കീഴിൽ അതിൽ കൂടുതൽ അവർക്ക് നേടാനായില്ല എന്നത് ശ്രദ്ധേയമാകുന്നു. മറ്റൊരു വശത്ത് എ.ഐ.ഡി.എം.കെയും ഡിഎംകെയും നവലിബറൽ നയങ്ങളാണ് പിന്തുടരുന്നത്. ഇലക്ഷൻ വിധിന്യായങ്ങൾക്ക് മുമ്പുതന്നെ, വേദാന്തയുടെ സ്റ്റെർലൈറ്റ് കമ്പനി വീണ്ടും തുറക്കുന്നതിനായി ഡിഎംകെ പച്ചക്കൊടി നൽകിയിരുന്നു. സംസ്ഥാനത്ത് ജനവിരുദ്ധ നവലിബറൽ ഭരണവും കേന്ദ്രത്തിൽ ഫാസിസ്റ്റ് ഭരണവും നടത്തുമ്പോൾ വിപ്ലവ, പുരോഗമന വിഭാഗങ്ങൾക്ക് മുന്നിൽ ഈ തെരഞ്ഞെടുപ്പാനന്തര സാഹചര്യങ്ങൾ കടുത്ത വെല്ലുവിളി തന്നെയാണ് ഉയർത്തുന്നത്

**ആർ. കുസേലർ**
സെക്രട്ടറി, തമിഴ്നാട് സംസ്ഥാന കമ്മറ്റി
സിപിഐ (എംഎൽ) റെഡ് സ്റ്റാർ
2 മെയ് 2021.

# ആർടിപിസിആർ ടെസ്റ്റ് നിരക്ക് കേരളത്തിൽ 500 രൂപയാക്കുമ്പോൾ ?

സംസ്ഥാനത്ത് സ്വകാര്യ പരിശോധന കേന്ദ്രങ്ങളിൽ RTPCR ടെസ്റ്റ് നിരക്ക് 2750 രൂപയിൽ നിന്ന് പല ഘട്ടങ്ങളിലൂടെ കുറച്ച് 1500 രൂപയാക്കി കൊണ്ടുള്ള പിണറായി സർക്കാർ ഉത്തരവ് നിലവിൽ വന്നത് 2021 ജനുവരി 1നായിരുന്നു. സ്വകാര്യ മുതലാളിമാർ ഇതിനെതിരെ ഹൈക്കോടതിയിൽ പോകുകയും അവരുടെ ആവശ്യം പരിഗണിക്കണമെന്ന കോടതി നിർദ്ദേശ പ്രകാരം 2021 ഫെബ്രുവരി രണ്ടാം വാരം മുതൽ അത് 1700 രൂപയാക്കി കേരള സർക്കാർ നിജപ്പെടുത്തുകയുമായിരുന്നു.

സ്വകാര്യ മേഖലയിൽ RTPCR ടെസ്റ്റിന് ഒഡീഷ 400 രൂപയും ബിജെപി ഭരിക്കുന്ന കർണാടക 800 രൂപയും ഈടാക്കി വരുമ്പോഴാണ് പിണറായി സർക്കാർ സ്വകാര്യ മുതലാളിമാർക്ക് വീണ്ടും കീഴടങ്ങി അത് 1700 യാക്കിയത്. സർക്കാർ സംവിധാനങ്ങളിലൂടെ സൗജന്യമായി നൽകിപ്പോരുന്ന കോവിഡ് വാക്സിന് സ്വകാര്യ മേഖലക്ക് 500 രൂപ വീതം (ഡോസ് ഒന്നിന് 250 രൂപ) ഈടാക്കുന്നതിനും അവസരം ചെയ്തു കൊടുത്തു. മേയ് ഒന്നു മുതൽ വാക്സിൻ മാഫിയയെ മോദി കയറൂരി വിട്ടതിലൂടെ നടക്കാൻ പോകുന്ന കൊള്ള ഇനി വരാനിരിക്കുന്നതേയുള്ളൂ.

ഇതുവരെ 1700 രൂപ RTPCR ന് ഈടാക്കി പോന്നത് കോടതി നിർദ്ദേശ പ്രകാരമാണെന്ന വിശദീകരണമാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്.

മൂന്നു സംശയങ്ങളാണ് ഈ സന്ദർഭത്തിൽ അവശേഷിക്കുന്നത്.

1. സംസ്ഥാന ഭരണത്തിന്റെ താല്പര്യത്തിനു വിരുദ്ധമായ കേരള ഹൈക്കോടതിയുടെ കൊലപാതകക്കേസുകളിലെ വിധിക്കെതിരെ ലക്ഷക്കണക്കിനു രൂപ മുടക്കി സുപ്രീം കോടതിയിൽ പോകാറുള്ള സർക്കാർ, കേരളത്തിലെ ജനങ്ങളുടെ താല്പര്യത്തെ മുൻ നിർത്തി ഹൈക്കോടതിയെയും ആവശ്യമെങ്കിൽ സുപ്രീം കോടതിയെയും എന്തുകൊണ്ടു സമീപിച്ചില്ല?

2. കോവിഡ് ടെസ്റ്റുകൾ പൗരരുടെ അവകാശമാണെന്നും സൗജന്യമായി ചെയ്തു കൊടുക്കണമെന്നുള്ള സുപ്രീം കോടതി നിർദ്ദേശമുണ്ടായിട്ടും ഇക്കാര്യം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവഗണിക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ, സ്വകാര്യ മുതലാളിമാർക്കനുകൂലമായ ഹൈക്കോടതി നിർദ്ദേശം ശിരസാ വഹിക്കുകയും സുപ്രീം കോടതി നിർദ്ദേശം അവഗണിക്കുകയും ചെയ്തതെപ്പറ്റിയും സർക്കാരിന്റെ വിശദീകരണം ആവശ്യമുണ്ട്.

3. മേൽ സൂചിപ്പിച്ച വിഷയത്തിൽ, ഇന്ത്യയിലേറ്റവും ജനദ്രോഹപരവും മുതലാളിത്ത പ്രീണനപരവുമായ സമീപനമാണ്, കോവിഡ് കൈകാര്യം ചെയ്യുന്നതിൽ 'മാതൃക സംസ്ഥാന' മെന്നു കൊണ്ടാടപ്പെടുന്ന കേരളത്തിൽ നിന്നുണ്ടായത്.

ഒഡീഷ്യയിൽ സ്വകാര്യ ആശുപത്രികൾ ഉണ്ടാക്കിയ ലാഭത്തിന്റെ നാലിരട്ടിയലധികം ജനങ്ങളിൽ നിന്ന് കൊള്ള ചെയ്യുന്നതിന് കേരളത്തിലെ സ്വകാര്യ ആശുപത്രികൾക്ക് സംസ്ഥാന ഭരണം അവസരമൊരുക്കുകയായിരുന്നു.

ഇന്നിപ്പോൾ, കടുത്ത ജനകീയ രോഷത്തെ തുടർന്ന്, പ്രത്യേകിച്ച് കോടതിയുത്തരവുകളുടെയൊന്നും പിൻബലമില്ലാതെ, RTPCR ടെസ്റ്റ് നിരക്ക് 500 രൂപയാക്കുമ്പോൾ, മേൽ സൂചിപ്പിച്ച മൂന്നു കാര്യങ്ങളെ സംബന്ധിച്ച വിശദീകരണം ഭരണ വൃത്തങ്ങളിൽ നിന്നുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

അതോടോപ്പം കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ കൊള്ളകളുടെ വിവരങ്ങൾ കൂടി പുറത്ത് വരികയും കോടതി തന്നെ ശക്തമായി ഈ കൊള്ള തുറന്ന് കാണിച്ച് നടപടിയെടുക്കാൻ സർക്കാറിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം ചില നടപടികളെടുക്കാൻ സർക്കാർ നിർബന്ധിതമായെങ്കിലും കേരളത്തിലെ സ്വകാര്യ ആശൂപത്രി മാഫിയകളും സർക്കാരും തമ്മിലുള്ള അവിഹിത കൂട്ടുകെട്ടാണ് തുറന്ന് കാട്ടപ്പെടുന്നത്







# കേരളത്തിലെ ഭൂ പ്രശ്നങ്ങൾ

എം.പി. കുഞ്ഞിക്കണാരൻ

"രാജ്യത്തിലെ ഗ്രാമീണ ദാരിദ്ര്യത്തിന്റെ ശക്തമായ സൂചകമാണ് ഭൂരാഹിത്യം. സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹിക പദവി, ശാശ്വതവും മിതവുമായ ജീവിതാവസ്ഥ എന്നിവക്കായി ജനങ്ങൾ സ്വീകരിക്കുന്ന ഏറ്റവും വിലപ്പെട്ടതും നാശകാരിയല്ലാത്തതുമായ സ്വത്താണ് ഭൂമി . ഭൂമി അവർക്ക് സ്വത്വവും അന്തസ്സും ഉറപ്പു നൽകുകയും സാമൂഹികസമത്വം സാക്ഷാത്കരിക്കാനുള്ള വ്യവസ്ഥയും അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു. ഉപജീവനത്തിനായി കാർഷികവൃത്തിയെ ആശ്രയിക്കുന്നവരുടെ ഭൂ ഉടമസ്ഥത , ഭൂമിയുടെ തുല്യമായ വിതരണം എന്നിവ സമാധാനത്തിന്റേയും സമൃദ്ധിയുടേയും ശാശ്വതമായ ഉറവിടമാണ്. സാമ്പത്തിക സാമൂഹിക നീതിയിലേക്കുള്ള പാത ഒരുക്കലാണ്".

# കേരളത്തിലെ ഭൂ പ്രശ്നങ്ങൾ

2013 ജൂലൈ 24 ന് Department of Land resource, Ministry of Rural development. Government of India. മുന്നോട്ട് വെച്ചിട്ടുള്ള കരട് ദേശീയ ഭൂപരിഷ്കരണ നയം (Draft National Land Reforms policy ) ഭൂരാഹിത്യത്തെക്കുറിച്ച് ഇങ്ങിനെ പറയുന്നു "രാജ്യത്തിലെ ഗ്രാമീണ ദാരിദ്ര്യത്തിന്റെ ശക്തമായ സൂചകമാണ് ഭൂരാഹിത്യം. സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹിക പദവി, ശാശ്വതവും മിതവുമായ ജീവിതാവസ്ഥ എന്നിവക്കായി ജനങ്ങൾ സ്വീകരിക്കുന്ന ഏറ്റവും വിലപ്പെട്ടതും നാശകാരിയല്ലാത്തതുമായ സ്വത്താണ് ഭൂമി . ഭൂമി അവർക്ക് സ്വത്വവും അന്തസ്സും ഉറപ്പു നൽകുകയും സാമൂഹികസമത്വം സാക്ഷാത്കരിക്കാനുള്ള വ്യവസ്ഥയും അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു. ഉപജീവനത്തിനായി കാർഷികവൃത്തിയെ ആശ്രയിക്കുന്നവരുടെ ഭൂ ഉടമസ്ഥത , ഭൂമിയുടെ തുല്യമായ വിതരണം എന്നിവ സമാധാനത്തിന്റേയും സമൃദ്ധിയുടേയും ശാശ്വതമായ ഉറവിടമാണ്. സാമ്പത്തിക സാമൂഹിക നീതിയിലേക്കുള്ള പാത ഒരുക്കലാണ് ".

സ്വാതന്ത്ര്യനന്തര കാലത്ത് കാർഷികവൃത്തിയെ ആശ്രയിച്ചു കഴിയുന്ന , കാർഷികമേഖലയുടെ താഴെ തട്ടുകളിൽ കഴിയുന്ന ഭൂരഹിത കർഷക - കർഷക തൊഴിലാളികളുടെ എണ്ണം 27.3 ദശലക്ഷമായിരുന്നു എന്ന് സാമൂഹിക-സാമ്പത്തിക - ജാതി സെൻസ്സസ്സ് ഡാറ്റകൾ സാക്ഷ്യപെടുത്തുന്നുണ്ട്. 2011 ൽ ഇത് 144.3 ദശലക്ഷം അഥവാ 14.4 കോടിയായി ഉയർന്നു. NSSO (National Sample Survy Organisation ) വിന്റെ കണക്കുകളിൽ മൊത്തം ഗ്രാമീണ കുടുംബങ്ങളിൽ 56.4 1 ശതമാനം . അതായത് 101 ദശലക്ഷം കുടുംബങ്ങൾ നാമമാത്ര ഭൂമിയുള്ളവരോ പരിപൂർണമായും ഭൂരഹിതരോ ആണന്നു പറയുന്നു. ഇന്ത്യൻ സെൻസസ്സ് പ്രകാരമുള്ള കുടുംബ തോത് അനുസരിച്ച് (ഒരു കുടുംബം = 4.9) കണക്കാക്കിയാൽ 101 ദശലക്ഷം കൂടുംബങ്ങളിലെ 494.9 ദശലക്ഷം ജനങ്ങൾ അഥവ 49കോടി49 ലക്ഷം പേർ ഭൂരഹിതരാണ്.

ഭൂരഹിതതയുടെ വാർഷിക വളർച്ച നിരക്കു കൂടി പരിഗണിച്ചാൽ രാജ്യത്തിലെ ജനസംഖ്യയുടെ പകുതിയോളം ഭൂരഹിതരുടെ സംഖ്യ വർദ്ധിച്ചു കഴിഞ്ഞു.

മണ്ണിൽ നിന്നും പുറം തള്ളിയ ഈ ജനവിഭാഗങ്ള്ളുടെ നിലനിൽപിനു് അടിയന്തിര പ്രായോഗിക പരിഹാരം ആവശ്യപ്പെടുന്ന , ജീർണ്ണിച്ച ഭൂബന്ധങ്ങളും , വർദ്ധമാനമായി കൊണ്ടിരിക്കുന്ന ഭൂകേന്ദ്രീകരണവും, ഭൂരാഹിത്യത്തെ ത്വരിതപ്പെടുത്തുന്ന സർക്കാർ നയങ്ങളും ഗൗരവമേറിയ വിഷയമായി നമ്മുടെ രാജ്യത്ത് ഭൂ പ്രശ്ന(Land Question) ത്തെ വളർത്തിയിരിക്കുന്നു.

ഭൂരാഹിത്യത്തിന്റെ തീവ്രത വ്യക്തമാവുന്ന താഴെ കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക:

നില നില്ക്കുന്ന കാർഷികബന്ധങ്ങളിൽ ജനസംഖ്യയിലെ മൂന്നിൽ ഒരു ഭാഗം അതായത് 31.12 ശതമാനം വരുന്ന ജനത സമ്പൂർണ്ണമായ ഭൂരാഹിത്യം നേരിടുന്നു. നാമമാത്ര ഭൂമി കൈവശമുള്ള മറ്റൊരു 29. 82 ശതമാനം ഉൾപെടെ 60ശതമാനം വരുന്ന ജനതക്ക് ഉടമസ്ഥാവകാശമുള്ളത് വെറും 5.11 ശതമാനം ഭൂമിയിലാണ്.

25 സെന്റ് മുതൽ രണ്ടര ഹെക്ടർ വരെ ഭൂമിയാണ് കാർഷിക മേഖലയിലെ ഇടത്തരം - ദരിദ്ര കർഷക വിഭാഗങ്ങളുടെ ഉടമസ്ഥ അവകാശത്തിൽ നില്ക്കുന്നത്. മറുഭാഗത്താകട്ടെ ശക്തമായി ഇന്നും നിലനിലക്കുന്ന ഭൂകേന്ദീകരണത്തെ ഉറപ്പിച്ചു കൊണ്ട് 10 ശതമാനത്തിന്റെ കൈകളാൽ 55% ഭൂമിയും നിയന്ത്രിക്കപ്പെടുന്നു.

(Source : Distribution of ownership, Holdings of Land, India. - NSSO 2003-04)

## ഭൂപരിഷ്കരണ നടപടികളും ഇന്ത്യയും

ഇന്ത്യയിൽ നൂറ്റാണ്ടുകളായി നിലയുറപ്പിച്ച ജാതി ജൻമിത്വം കാർഷിക മേഖലയിലെ ഏറ്റവും അടിത്തട്ടിൽ കഴിയുന്ന ദലിത് ജനവിഭാഗങ്ങളുടേയും ഇതര കീഴാള വിഭാഗങ്ങളുടേയും ഭൂ ഉടമസ്ഥതയെ നിഷേധിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു ഭൂമിയുടെ മേലുള്ള സർവ്വ അധികാരങ്ങളും അധീശ വർഗ്ഗത്തിന്റെ നിയന്ത്രണത്തിലും പരമ്പരാഗതമായ ജാതിവ്യവസ്ഥക്ക് അനുപൂരകവുമായാണ് കേന്ദീകരിക്കപ് പെട്ടിരിക്കുന്നത്.

ഭൂ ഉടമസ്ഥതയിൽ നിന്ന് പാടെ മാറ്റി നിർത്തപ്പെട്ട കാർഷിക ഉത്പാദന ശൃംഖലയിലെ ബഹുഭൂരിപക്ഷത്തിന്റെയും , സാമ്പത്തിക വികാസങ്ങൾ മുരടിപ്പിക്കുന്ന , സാമൂഹിക നീതി നിഷേധിക്കുന്ന ഭൂകേന്ദ്രീകരണംഏതു തരത്തിലുള്ള ഭൂപ്രഭുത്വത്തിന്റെ യും [അത് നാടുവാഴിത്ത ഭൂ പ്രഭുത്വ ( Fudel Land lordisam ) മാകട്ടെ മുതലാളിത്ത ഭൂ പ്രഭുത്വ (Capitalist Land Lordism) മാകട്ടെ ,കോർപറേറ്റ് ഭൂപ്രഭുത്വ (Corporate Land Lordisam ) മാകട്ടെ ]സഹജ സ്വഭാവമാണ്.

മണ്ണിൽ പണിയെടുക്കുന്ന വിഭാഗങ്ങൾക്ക് നിവർന്ന് നിലകാനും ദാരിദ്ര്യത്തെ തിരസ്കരിച്ച് , ആധുനിക ജീവിത സംസ്കൃതി കൈവരിച്ച്

മുന്നോട്ട് പോവാനും അവരെ പ്രാപ്തരാക്കുന്നത് ഭൂമിയിലുള്ള ഉടമസ്ഥത തന്നെയാണ്.

വനാശ്രിതരായി കഴിഞ്ഞിരുന്ന ജനസംഖ്യയിലെ 8.5 ശതമാനം

(10 കോടിയിൽ പരം ) വരുന്ന ആദിവാസി ഗോത്ര ജനവിഭാഗങ്ങൾ,

പങ്കു പാട്ടത്തിന് കൃഷി ചെയ്യുന്ന ഭൂരഹിതരായ കർഷകർ, കൂലി വേലക്കാരായ ഗ്രാമീണ കർഷക തൊഴിലാളികൾ, കാർഷിക അനുബന്ധ കൈ തൊഴിലുകൾ ചെയ്യുന്നവർ, നവ ഉദാരീകരണം സൃഷ്ടിച്ച കാർഷിക മേഖലയുടെ തകർച്ച മൂലം കാർഷികവൃത്തിയിൽ നിന്നും പുറന്തള്ളപ്പെട്ട് നഗര ചേരികളിലേക്ക് ചേക്കേറിയവർ, കാർഷിക ഉൽപാദന മേഖലയിലെ തകർച്ച കാരണം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമീണ മേഖലകളിൽ നിന്നും കുടിയേറ്റ തൊഴിലാളികളായി അതിവേഗം മാറ്റപ്പെടുന്ന കർഷകതൊഴിലാളി വിഭാഗങ്ങൾ തുടങ്ങി വലിയൊരു ജനസഞ്ചയമായി ഈ ഭൂരഹിത സമൂഹം മാറിയിരിക്കുന്നു.

അത് കൊണ്ട് തന്നെയാണ് നമ്മുടെ രാജ്യത്ത് ഭൂപ്രശ്നം ഉന്നയിക്കുന്ന അടിസ്ഥാന വിഷയങ്ങളുടെ രാഷ്ട്രീയ പരിഹാരം മൗലിക പ്രാധാന്യം നേടുന്നത്. അതാകട്ടെ ഭൂബന്ധങ്ങളുടെ മാത്രമല്ല മൊത്തത്തിലുള്ള സമൂഹത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ബ്രിട്ടീഷ് അധീനതയിലായിരുന്ന പഴയ നാട്ടുരാജ്യങ്ങളിൽ ജന്മി - നാടുവാഴിത്തത്തിനെതിരെയും , ബ്രിട്ടീ കൊളോണിയൽ ആധിപത്യത്തിനെതിരേയും, ചൂഷണ വിധേയരായ കർഷക ജനസാമാന്യത്തിൽ നിന്ന് ഉയർന്നു വന്ന ശക്തമായ സമര മുന്നേറ്റം നമ്മുടെ ചരിത്രത്തിന്റെ തന്നെ അഭേദ്യ ഭാഗമാണ്. നിന്ദ്യവും പൈശാചികവുമായ ചൂഷണ വ്യവസ്ഥക്കെതിരെ ഒരു ശതാബ്ദത്തോളം നീണ്ടു നിന്ന ചെറുതും വലുതുമായ കാർഷിക പ്രക്ഷോഭങ്ങളുടെ തീവ്രതയാണ് , അന്നു നിലവിലുണ്ടായിരുന്ന, നാടുവാഴിത്ത വ്യവസ്ഥയുടെ അടിത്തറക്ക് കോട്ടംതട്ടാതെ ചില പരിഷ്കരണ നിയമ നടപടികളുമായി മുന്നോട്ട് പോവാൻ ബ്രട്ടീഷ് മേധാവികളെ പോലും നിർബ്ബന്ധിച്ചത്. തുടർന്ന് രണ്ടാം ലോകയുദ്ധാനന്തരം ചില രാജ്യങ്ങളിലെങ്കിലും നടന്ന സാമൂഹ്യ പരിവർത്തന പ്രക്രിയയിൽ കാർഷിക ബന്ധങ്ങളിൽ വന്ന വിപ്ലവകരമായ മാറ്റങ്ങളെ തിരിച്ചറിഞ്ഞു കൊണ്ട് അതിന് തടയിടുക എന്ന ലക്ഷ്യം കൂടി നിറവേറ്റാവുന്ന രീതിയിലാണ് ഫോർഡ് ഫൗണ്ടേഷൻ, റോക്ക് ഫെല്ലർ ഫൗണ്ടേഷൻ.എന്നിവയുടേയും , അന്താരാഷ്ട ധനകാര്യ സ്ഥാപനമായി അപ്പോഴേക്കും രൂപം കൊണ്ടു കഴിഞ്ഞിരുന്ന ലോക ബാങ്കിന്റേയും കാർമ്മികത്വത്തിൽ "മുകളിൽ "നിന്നും ' 'നവസ്വതന്ത്ര ' രാജ്യങ്ങളിലെ കാർഷിക നയരൂപീകരണ പദ്ധതികളും അതിനാവശ്യമായ കാർഷിക-ഭൂ പരിഷ്കരണ നടപടികളും ആസൂത്രണം ചെയ്യുന്നത്.

മറുഭാഗത്താകട്ടെ ദേശീയ പ്രസ്ഥാനമെന്ന നിലയിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ 19..ലക് നോ.. .... സമ്മേളനം സ്വാതന്ത്ര്യ സമ്പാദനത്തിന് മുന്നെ തന്നെ കൃഷി ഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം അടിത്തട്ടിൽ നിന്നും ഉയർത്തിയിരുന്നു.

എന്നാൽ സ്വാതന്ത്ര്യ സമ്പാദനത്തിന്ശേഷം അധികാരത്തിലേക്ക് ഉയർത്തപ്പെട്ട കോൺഗ്രസ്സ് ഗവർമ്മേന്റിനാകട്ടെ ആത്മാർത്ഥതയോടെ ഈ മുദ്രാവാക്യങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടികൾക്ക് അതിന്റെ തന്നെ വർഗ്ഗ പരിമിതികൾ മൂലവും മുകളിൽ നിന്നുള്ള സമ്മർദ്ദം കാരണവും കഴിയാതെ പോയി. ഇതിന്റെ തുടർച്ചയെന്ന നിലയിലാണ് ,

നാൽപതുകളിലും അമ്പതുകളിലും നാടുവാഴിത്ത - ജന്മിത്ത ശക്തികൾക്കെതിരെ കർഷക പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ഉശിരൻ സമരങ്ങളിലൂടെ ഭൂബന്ധങ്ങളുടെ ജനാധിപത്യവൽക്കരണം എന്ന ലക്ഷ്യം മുന്നോട്ട്വെക്കപ്പെടുന്നത്. എന്നാൽ ഇതും വേണ്ടത്ര ഫലപ്രദമായില്ലന്ന് നമുക്ക് കാണാം..

സ്വാതന്ത്ര്യത്തിന് ശേഷമുള്ള ആദ്യ ദശകങ്ങളിൽ രാജ്യത്ത് നടപ്പിലാക്കിയ ഭൂപരിഷ്കരണ നടപടികളിൽ "മുകളിൽ " ൽ നിന്നും അതേ പോലെ "അടിതട്ടിൽ " നിന്നും ഉയർന്നുവന്ന സമ്മർദ്ദങ്ങളുടെ സമ്മിശ്ര സ്വാധീനം കാണാം. പല സംസ്ഥാനങ്ങളിലും നടന്ന ഭൂപരിഷ്കരണ നടപടികളുടെ പ്രാഥമിക പരിശോധനയിൽ തന്നെ ഭൂപരിഷ്കരണത്തിലെ വരേണ്യ വർഗ്ഗ പക്ഷപാതിത്വം കണ്ടെത്തുക എളുപ്പമാണ്. ഭൂ പരിധി നിർണയനത്തിന്റെ കാര്യത്തിൽ ആണെങ്കിൽ 150 ഏക്കർ മുതൽ 600 ഏക്കർ വരെ ഭൂമി കൈവശം വെക്കാൻ നിയമപരമായി അനുവദിക്കുക വഴി പല സംസ്ഥാനങ്ങളും ഭൂവുടമസ്ഥതക്ക് കാര്യമായ കോട്ടംതട്ടാതെ സംരക്ഷിക്കാൻ ശ്രമിച്ചു. (ഭൂപരിധിനിർണയത്തിന്റെ കാര്യത്തിൽ കേരളം, കാശ്മീർ എന്നി പ്രദേശങ്ങൾ മാത്രമായിരുന്നു ഇതിന് അപവാദം) ദലിത് ആദിവാസി വിഭാഗങ്ങൾക്കും , മറ്റ് ഭൂരഹിത കർഷക വിഭാഗങ്ങൾക്കും ജീർണ്ണിച്ച ഭൂ ബന്ധങ്ങളിൽ അഴിച്ചു പണി നടത്തി കൊണ്ട് കൃഷി ഭൂമിയുടെ പുനർവിതരണം ഏറ്റെടുക്കുന്നതിന് ഇന്ത്യയിൽ അധികാരം ഏറ്റെടുത്ത കോൺഗ്രസ് തയാറായില്ല..

മണ്ണിൽ പണിയെടുക്കുന്നവർക്ക് കൃഷി ഭൂമിയുടെ ഉടമസ്ഥാവകശം ലഭ്യമാക്കുക എന്ന വിപ്ലവകരവും പുരോഗമനാത്മകവുമായ കാർഷിക പരിഷ്കരണ നടപടികൾ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും അവഗണിക്കപ്പെട്ടു. പകരമാകട്ടെ കാർഷിക മുതലാളിത്ത വളർച്ചയെ ലക്ഷ്യം വെക്കുന്ന പുത്തൻ ഭൂ ഉടമാ വർഗ്ഗത്തെ ശക്തിപ്പെടുത്തുന്നതിലും, കൃഷിയുടെ ആധുനികവൽകരണത്തിന്റെ മറവിൽ ഹരിത വിപ്ലവം പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ട് കൃഷിയെ പടിപടിയായി മൂലധന താൽപര്യത്തിന് കീഴ്പ്പെടുത്തുന്നതിനും ആണ് "മുകളി"ൽ നിന്നും അടിച്ചേൽപ്പിച്ച ഈ ഭൂപരിഷ്കരണ നടപടികളിലൂടെ ലക്ഷ്യം വെച്ചത്. നമ്മുടെ രാജ്യത്തിലെ കാർഷിക ഉൽപാദന മേഖലയെ സമീപകാലത്ത് കോർപ്പറേറ്റുകളുടെ സമ്പൂർണ്ണമായ പിടിയിൽ എത്തിക്കുന്നതിൽ ഈ നടപടികൾ വഹിച്ച പങ്ക് ഇപ്പോൾ വളരെ വ്യക്തമാണ്. അത്പോലെ അഭൂതപൂർവ്വം രാജ്യത്തിലെ ജനങ്ങളെ ഭൂരാഹിത്യത്തിലേക്ക് വലിച്ചെറിഞ്ഞതും മുകളിൽ നിന്നും ആവിഷ്കരിക്കപ്പെട്ട ഭൂപരിഷ്കരണ നടപടികളുടെ മറ്റൊരു പരിണിത ഫലം തന്നെ.

## കേരളം : ഭൂബന്ധങ്ങളും ജാനാധിപത്യവൽക്കരണവും

രാജ്യത്തിന്റെ ഭൂ വിസ്തൃതിയിൽ ഒരു ശതമാനം വരുന്ന കേരളം, ജനസംഖ്യയുടെ 3 ശതമാനത്തെ ഉൾക്കൊള്ളുന്നു. ബട്ടീഷ് കൊളോണിയൽ ഭരണകാലത്ത്, തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും ഉടനീളം ശക്തമായ കാർഷിക പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരവധി ഭൂപരിഷ്കരണ നടപടികൾക്ക് തുടക്കമിടാൻ നാട്ടുരാജ്യങ്ങ്ൾ നിർബ്ബന്ധിക്കപ്പെട്ടു.

തിരുവിതാകൂറിൽ കൊല്ലവർഷം 1108 ൽ നടപ്പാക്കിയ ജന്മി കുടിയാൻ നിയമവും 1865 ലെ പാട്ട വിളംബരവും 1867 ,1915 വർഷങ്ങളിലെ ജന്മി - കൂടിയാൻ നിയമങ്ങള്ബം കൊച്ചി രാജ്യം പാസ്സാക്കിയ കുടിയാൻ നിയമങ്ങളും

# കേരളത്തിലെ ഭൂ പ്രശ്നങ്ങൾ

(1915, 1930 ) 1950 ലെ കൂടിയായ്മ ഒഴിപ്പിക്കൽ നിരോധനനിയമവും ,1952 ലെമലബാറിലെ മലബാർ കൂടിയായ്മ നിയമം, 1929 ലെ ഭൂ ഉടമസ്ഥ - കൈവശ അവകാശ നിയന്ത്രണ നിയമവും , കാണ കൂടിയാൻ നിയമവും(1955) എല്ലാം ഐക്യ കേരള രൂപീകരണത്തിന് മുമ്പുള്ള ഭൂപരിഷ്കരണ നടപടികളാണ്.

പക്ഷെ ഇതൊന്നും തന്നെ മണ്ണിൽ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന് ഭൂമിയുടെ ഉടമസ്ഥത ലഭ്യമാക്കുക എന്ന ലക്ഷ്യം മുന്നിൽ വെച്ച് കൊണ്ടായിരുന്നില്ല. മറിച്ചു കൊളോണിയൽ ആധിപത്യകാലത്ത് ജന്മിത്വത്തിൻ കീഴിൽ ഭൂമി കൈവശം വെച്ചിരുന്ന ധനാഢ്യ വർഗ്ഗത്തിന്റെ താത്പര്യങ്ങളാണ് ഏറിയകൂറും ഈ നിയമപരിഷ്കാരങ്ങളിലൂടെ സംരക്ഷിക്കപ്പെട്ടത്. എന്നിരുന്നാലും പരമ്പരാഗതമായ ഉദ്പാദന ബന്ധങ്ങളിലും ജന ജീവിതത്തിന്റെ പൊതു അവസ്ഥകളിലും, സാമൂഹ്യ രാഷ്ട്രീയ സാസ്കാരിക ഇടങ്ങളിലും ഇത് സൃഷ്ടിച്ച പരിവർത്തനങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ നാം കാണേണ്ടതുണ്ട്.

1930 കളുടെ രണ്ടാം പാതിയോടെ ദേശീയ പ്രസ്ഥാനത്തിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടേയും നേതൃത്വത്തിൽ കൊളോണിയൽ ആധിപത്യവും നാടുവാഴിത്തവ്യം അടിച്ചേൽപ്പിച്ച നീറുന്ന കാർഷികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള കർഷക പ്രക്ഷോഭങ്ങൾ ഉയർന്നു വന്നു. കിസാൻ സഭയുടെ നേതൃത്വത്തിൽ ഉത്തര കേരളത്തിൽ തുടക്കമിട്ട കർഷക മുന്നേറ്റം മലബാറിലെന്നപോലെ തിരുവിതാംകൂറും തിരു കൊച്ചിയിലും പ്രബലമായി വന്നു.

'വെറും പാട്ട കൂടിയാൻമാരും 'കുടി കിടപ്പുകാരായ അടിയാളരും. കർഷക തൊഴിലാളികളുമായിരുന്നു അദ്യകാല പ്രക്ഷോഭത്തിന്റെ നട്ടെല്ല്. ഇത്തരമൊരു മുന്നേറ്റമാണ് കേരളത്തിലെ കാർഷിക പ്രശ്നങ്ങളിലുള്ള പരിഹാരമാണ് ദേശീയ പ്രശ്നത്തിന്റെ കാതൽ എന്ന ചിന്ത ഐക്യ കേരളപ്പിറവിയിലേക്കെത്തുമ്പോഴേക്കും വികസിച്ചു വന്നത്.

ഐക്യ കേരള പിറവിക്ക് ശേഷം 1957 ൽ അധികാരത്തിൽ വന്ന ഗവ:ർമ്മേന്റ് തുടക്കം കുറിച്ചതും1970 ജനവരി 1 വരെ നടപ്പിൽ വരുത്തിയ ഭൂപരിഷ്കരണ നടപടികൾ അര നൂറ്റാണ്ട് പിന്നിട്ട് കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തിലെ

ഭൂ കേന്ദ്രീകരണത്തിന്റെ നിരക്ക് അഖിലേന്ത്യാ ശരാശരിയോടൊപ്പമാണ് എന്ന വസ്തുത വളരെയേറെ ശ്രദ്ധേയവും പഠനാർഹവുമാണ്.

കേരളീയ സമൂഹത്തിലെ മൊത്തം ജനസംഖ്യയിൽ 10 ശതമാനം വരുന്ന ജനങ്ങൾ ഇന്ന് പൂർണ്ണമായും ഭൂരഹിതരാണന്ന് പറയാം. ഇവരുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവ് ഒരു സെന്റ് മുതൽ അഞ്ച് സെന്റ് വരെ ആണ് . ഇതിലാകട്ടെ ഒരു സെന്റ് ഭൂമി പോലും കൈവശമില്ലാത്ത ഭൂരഹിതരുടെ എണ്ണം ഒട്ടും ചെറുതല്ല.

അഞ്ച് സെന്റ് മുതൽ ഒര് ഹെക്ടർ വരെ ഭൂമി കൈവശം വെക്കുന്നവർ ജനസംഖ്യയുടെ 70 ശതമാനം വരും. (കേരളത്തിലെ ഭൂപരിഷ്കരണ നടപടികളിലൂടെ കൂടിയായ്മ അവസാ നിപ്പിച്ചു കൊണ്ട് കൈവശ ഭൂമി 10 സെൻറ മുതൽ ഒരു ഹെക്ടർ വരെ ലഭിച്ചത് 360 431 കുടുംബങ്ങൾക്കാണ് ) ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെട്ട 80 ശതമാനം വരുന്നവരുടെ ആകെ കൈവശത്തി ലിരിക്കുന്ന ഭൂമിയാകട്ടെ വെറും 37 ശതമാനത്തിൽ അധികംവരുന്നില്ല. മറ്റൊരു രീതിയിൽ വ്യക്തമാക്കിയാൽ ഒരു ഹെക്ടർ ഭൂമി യിൽ കൂടുതൽ കൈവശം വെക്കുന്ന 20 ശതമാനം വരുന്നവരിലാണ് അവശേഷിക്കുന്ന 63 ശതമാനം ഭൂമിയും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ത്. ഇതിൽ അഞ്ചു ഏക്കർ ഭൂമി വരെ കൈവശം വെക്കുന്ന ഒരു ചെറിയ വിഭാഗത്തെ മാറ്റിനിർത്തിയാൽ 63 ശതമാനം ഭൂമിയുടെ സിംഹഭാഗവും ഒരു ചെറു ന്യൂനപക്ഷം വരുന്ന പുത്തൻ ഭൂ ഉടമ വർഗ്ഗത്തിന്റെ കൈകളിലാണ്. കേരളത്തിലെ ഭൂ കേന്ദ്രീകരണത്തിന്റെ തോത് എത്ര ശക്തമാണന്ന് ഇത് ബോധ്യപ്പെടുത്തുന്നു.

കേരളത്തിലെ ഈ ഭൂ കേന്ദ്രീകരണത്തിൽ തോട്ടം കുത്തകകൾ വഹിക്കുന്ന പങ്കും ഇതോടൊപ്പം പരിശോധിക്കപ്പെടേണ്ടതുണ്ട്.

വർത്തമാന കേരളത്തിൽ ഇങ്ങിനെ ഭൂമിയിൽ ആധിപത്യം ഉറപ്പിച്ചിട്ടുള്ള പുത്തൻ ഭൂമുടമാ വർഗ്ഗം കേരളത്തിന്റെ രാഷ്ട്രീയ സമൂഹ്യ-സാമ്പത്തിക - സാംസ്കാരിക മണ്ഡലങ്ങളെ നിയന്ത്രിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നുമുണ്ട്. മത - ജാതി മേധാവിത്തങ്ങളും മറ്റ് പ്രതിലോമ ശക്തികൾ ഉൾപ്പെടെയുള്ളവരുമായി ചങ്ങാത്തം സ്ഥാപിച്ച ഈ വിഭാഗം ഒരിക്കലും കൃഷി മുഖ്യ ജീവിതോപാധിയായി സ്വീകരിച്ചവരല്ല. കാർഷികവൃത്തിയിൽ നിന്നും അകന്നു നില്ക്കുന്ന ഈ വിഭാഗം ഭൂമി സമ്പത്തിന്റെ നിക്ഷേപത്തിനുള്ള ഉപാധിയാക്കി മാറ്റിയിരിക്കുന്നു. ഈ പുത്തൻ ഭൂവുടമാ വർഗ്ഗത്തിന് ഭൂമി ഊഹ കച്ചവട വസ്തുവും വൻകിട നിർമ്മാണ സമുച്ചയങ്ങൾക്കുള്ള ഉപാധിയും ആണ്. റിയൽ എസ്റ്റേറ്റ് കച്ചവടങ്ങൾക്കും ഹവാല ഇടപാടുകൾക്കും വേദിയായി ഇവർ ഭൂമിയെ മാറ്റുന്നു.

(ഭക്ഷ്യ സുരക്ഷയെ തകർത്തു കൊണ്ട് നെൽവയലുകൾ നാണ്യവിളകൃഷികൾക്ക് മാറ്റി വെച്ച് ഭക്ഷ്യ ഉത്പാദനത്തിന്റെ പ്രാധാന്യം അവഗണിക്കുകയും, പരിസ്ഥിതി സന്തുലിതാവസ്ഥയെ പോലും തകർത്തു കൊണ്ട് കാർഷികേതര ആവശ്യങ്ങൾക്കായി വൻ രീതിയിൽ ഭൂമി വിനിയോഗിക്കുന്നതിന്റെ പശ്ചാത്തലം ഒരുക്കുന്നതിലും ഇത് മുഖ്യ പങ്കുവഹിക്കുന്നു.)

1959 ൽ ഭൂബന്ധനിയമം അംഗീകരിച്ചപ്പോൾ പരിധിയിൽ ( 5 അംഗ കുടുംബം 15 ഏക്കർ) കവിഞ്ഞുള്ള 12 ലക്ഷം ഏക്കർ ഭൂമിയെങ്കിലും ഭൂരഹിതർക്ക് വിതരണത്തിനായി ഉണ്ടാകുമെന്ന് കണക്കാക്കപ്പെട്ടിരുന്നു.തുടർന്ന് നടപ്പിലാക്കപ്പെട്ടിട്ടുള്ള ഇഷ്ടദാന നിയമം അടക്കമുള്ള നിരവധി നിയമ ഭേദഗതി കളിലൂടെ മിച്ച ഭൂമിയിൽ ഏറിയപങ്കും തിരിമറി നടത്തപ്പെട്ടു. കുടുംബ ട്രസ്റ്റുകളിലൂടെ, കോടതി നടപടികളിലൂടെ ഏറിയപങ്കും നഷ്ടപ്പെടുകയും, ഏറ്റെടുത്ത ഭൂമി വെറു ഒന്നര ലക്ഷം ഏക്കറായി ചുരുങ്ങുകയും ചെയ്തു. ഏറ്റെടുത്ത ഭൂമിയിൽ പാതി മാത്രമെ ഇപ്പൊഴുംവിതരണം ചെയ്യപ്പെട്ടിട്ടുള്ളു .

## തോട്ടം സമ്പദ്ഘടനയും ഭൂ ഉടമസ്ഥതയും.

കേരളത്തിലെ ഭൂപരിഷ്കരണ നടപടികളിൽ നിന്ന് തോട്ട ഭൂമിയെയും സ്വകാര്യ വനങ്ങളേയും മാറ്റി നിർത്തിയിരുന്നു. സ്വകാര്യ ട്രസ്റ്റുകളെയും മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമി കൂടി മാറ്റിനിർത്തിയതോടെ മൂന്നിൽ ഒരു ഭാഗം വരുന്ന ഭൂമിയെ മാത്രമെ ഭൂപരിഷ്കരണ നടപടികളും ,ഭൂപരിധി നിയമവും ബാധിച്ചുള്ളൂ. ഇന്ന് കേരളത്തിലെ ആകെ കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ 27.5% (7.11 ലക്ഷം ഹെക്ടർ ) തോട്ട ഭൂമിയാണന്നു കണക്കാക്കുന്നു. തോട്ട ഭൂമിയെന്ന പേരിൽ പരിധിയില്ലാത്ത ഭൂമി കൈവശംവെക്കുന്നത് തടയിടാനുള്ള നിയമത്തിന്റെ അപര്യാപ്തത വൻ രീതിയിൽ ഭൂമി തോട്ടങ്ങളാക്കി മാറ്റി അതു വഴി ഭൂകേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. ഭൂപരിഷ്കരണ നടപടികളിലെ അനുകൂല ഘടകങ്ങളെ ഉപയോഗപ്പെടുത്തി അക്കാലത്ത് തന്നെ ഭൂവുടമകൾ പരിധിക്ക് പുറത്തുള്ള ഭൂമി മുഴുവൻ തോട്ടങ്ങളാക്കി മാറ്റി.

ബ്രിട്ടീഷ് ഭരണകാലത്ത് തോട്ടവൽക്കരണം കേരളത്തിൽ വ്യപകമാവുകയും ബ്രട്ടീഷ് കമ്പനികൾ കൃഷി നടത്തിപ്പിനായി ഏറ്റെടുത്ത അക്കാലത്തെ പാട്ട ഭൂമികളുടെ ഭൂ ഉടമസ്ഥത അനധികൃതമായുംനിയമവിരുദ്ധമായും ഇപ്പൊഴും അതെ ശക്തികളിൽ തന്നെ നിലനില്ക്കുകയുമാണ്. പലഘട്ടങ്ങളിലായി വന്ന നിയമ

ഭേദഗതികളിലൂടെ ഈ ഭൂമി തോട്ടേതരആവശ്യങ്ങൾക്ക് വേണ്ടി വൻകിട തോട്ടമുടമകൾ ഇന്ന് ഉപയോഗപ്പെടുത്തുകയാണ്. അനധികൃമായ കൈമാറ്റങ്ങൾ നടത്തിയും തോട്ടം റജിസ്ട്രേഷൻ റദ്ദ്ചെയ്തു തോട്ട ഭൂമി മുറിച്ചു വിലക്കുന്ന നടപടികളും കേരളത്തിൽ വ്യാപകമാവുകയാണ്.

വിദേശ നാണയം നേടി തരുന്നതിൽ തോട്ടവിളകൾക്കു ഉള്ള പങ്ക് പരിഗണിച്ചു കൊണ്ടാണ് തോട്ട വ്യവസായത്തെ പോഷിപ്പിക്കുന്നതിന് ഭൂപരിധി നിയമത്തിൽ നിന്ന് തോട്ടങ്ങളെ ഒഴിവാക്കിയതെന്ന് സർക്കാറും രാഷ്ട്രീയ നേതൃത്വങ്ങളും അവകാശപ്പെട്ടിരുന്നു. അതോടൊപ്പം തൊഴിലാളികളുടെ തൊഴിൽ. - ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള നടപടികളുടെ ഭാഗമാണ് ഇതെന്നും ഉള്ള വാദ മുഖങ്ങളും ഉയർന്നു. ഇന്ന് തോട്ട വ്യവസായം സമ്പൂർണ്ണമായി തകർച്ചയെ നേരിട്ടു എന്ന് മാത്രമല്ല തോട്ടം മേഖലയെ ആശ്രയിച്ചു കഴിയുന്ന വെറും മൂന്നര ലക്ഷം വരുന്ന തോട്ടം തൊഴിലാളികളുടെ ജീവിതം അൽപം പോലും മെച്ചപ്പെടുത്താൻ ആവശ്യമായ ഒരു സംഭാവനയും ഈ മേഖലയിൽ നിന്നു ഉണ്ടായതുമില്ല. കേരളത്തിന്റെ പൊതു സ്വത്തായി മാറേണ്ടിയിരുന്നതും കേരളത്തിലെ കാർഷിക സമ്പദ്ഘടനയുടെ വികാസത്തിൽ വലിയ പങ്ക് വഹിക്കേണ്ടി യിരുന്നതുമായ ലക്ഷക്കണക്കിനു ഏക്കർ ഭൂമി കുത്തകകൾക്ക് യഥേഷ്ടം നിയന്ത്രിക്കാൻ ഇതിലൂടെ കഴിയുന്നു. തോട്ടങ്ങൾക്ക് പരിധി നിശ്ചയിക്കാനും , പരിധിക്ക് പുറത്തുള്ള മുഴുവൻ തോട്ടഭൂമിയും ഏറ്റെടുത്ത് തോട്ടം തൊഴിലാളികളുടയും ഭൂരഹിതരുടേയും നേതൃത്വത്തിൽ സഹകരണ അടിസ്ഥാനത്തിൽ പൊതു നിയന്ത്രണത്തിൽ ഉത്പാദനം ആരംഭിക്കുക എന്ന പ്രസക്തമായ ആവശ്യത്തെയാണ് ഇത് മുന്നോട്ട് വെക്കുന്നത്.

കൂടാതെ ഭൂകേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്ന ,നില നില്ക്കുന്ന എല്ലാ നിയമങ്ങളെയും ലംഘിച്ചുകൊണ്ടു അനധികൃതമായി ഭൂമി കൈവശംവെച്ചു കൊണ്ടിരിക്കുന്ന സ്വകാര്യ ട്രസ്റ്റുകൾ, കുടുംബ ട്രസ്റ്റുകൾ, ആൾ ദൈവങ്ങൾ, ഭൂമാഫിയകൾ, ഖനന കുത്തകകൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഭൂമിയും കണ്ടുകെട്ടി കൊണ്ട് സമഗ്രമായ നടപടികൾക്ക് വിധേയമാക്കേണ്ടതുണ്ട്.

## വിദേശ തോട്ടം കുത്തകകളുടെ ഭൂമി കയ്യേറ്റം

വിദേശ തോട്ടം കുത്തകകളും അവരുടെ ബിനാമികളും കേരളത്തിൽ സ്വാതന്ത്ര്യത്തിന് ശേഷവും കൈവശം വെച്ച് കൊണ്ടിരിക്കുന്നതോ കൈമാറ്റം ചെയ്തിരിക്കുന്നതോ ആയ ഭൂമിയുടെ കണക്ക് ഏതാണ്ട് പതിനഞ്ച് ലക്ഷം ഏക്കറിൽ കൂടുതൽ വരും.

അതായത് ഇന്നു നില നില്ക്കുന്ന 17.77 ലക്ഷം ഏക്കർ തോട്ട ഭൂമിയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റേയും മറ്റ് ചെറുകിട സ്വകാര്യ തോട്ട ഭൂമികളും മാറ്റി നിർത്തിയാൽ സിംഹഭാഗവും ബ്രട്ടീഷ് ഭരണകാലത്തെ പാട്ടഭൂമികളാണ്. നമ്മുടെ ഭരണാധികാരികളുടെ ഇഛാ ശക്തി ഇല്ലായ്മ ഒന്നു മാത്രമാണ് സ്വാതന്ത്ര്യത്തിന്റെ ഏഴു ദശകങ്ങൾ പിന്നിടുമ്പോഴും ഐക്യ കേരളപ്പിറവിയുടെ ആറര ദശകങ്ങൾ പിന്നിടുമ്പോഴും നമ്മുടെ കൊച്ചു കേരളത്തിന്റെ ഇത്രയധികം ഭൂമി ഈ ശക്തികൾ നിയമ വിരുദ്ധമായികൈവശം വെച്ചു കൊണ്ടിരിക്കുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യ നിയമം (Indian Independence Act ) VII - 1 (b) ഉപവകുപ്പ് അനുസരിച്ച് ബ്രിട്ടൻ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ കമ്പനികൾ കൈവശംവെച്ചു കൊണ്ടിരിക്കുന്ന സ്ഥാവര ജംഗമ സ്വത്തുക്കൾ സ്വാതന്ത്ര്യാനന്തരം ഇന്ത്യാ ഗവർമ്മേണ്ടിലോ, അതാത് സംസ്ഥാന സർക്കാറുകളിലോ നിക്ഷിപ്തമായിരിക്കേണ്ടതാണ്. നാട്ടുരാജാക്കന്മാരുമായി ബ്രിട്ടീഷ് സർക്കാരോ പൗരന്മാരോ ഉണ്ടാക്കിയിരുന്ന എല്ലാ കരാറുകളും റദ്ദ് ചെയ്യപ്പെടുകയും ഭൂമിയടക്കമുള്ള സ്വത്തുക്കൾ കൈമറ്റം ചെയ്യുന്നതോ, കൈവശം വെക്കുന്നതോ വില്പന നടത്തുന്നതോ ഈ നിയമം മൂലം തടയുകയും ചെയ്തു .1951 ൽ ഭരണഘടന രൂപം കൊണ്ടപ്പോൾ ..... ആർടിക്കളായി ഇത് ഉൾപ്പെടുത്തുകയും അങ്ങിനെ ഭരണഘടന പരമായ അംഗീകാരവും നേടി. സ്വാതന്ത്ര്യനന്തരം രാജ്യത്ത് നിലവിൽ വന്ന ഫെറാ നിയമം, ഇന്ത്യൻ കമ്പനി റെജിസ്ട്രേഷൻ നിയമം തുടങ്ങി നിരവധി നിയമങ്ങളെ നഗ്നമായി ലംഘിച്ചുമാണ് വിദേശ തോട്ടം കമ്പനികൾ ഇവിടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

അവിഭക്ത്യ കമ്യൂണിസ്റ്റ് പാർടി ഐക്യ കേരളപ്പിറവിക്ക് മുമ്പെ തന്നെ ഈ ഭൂമി ദേശസാൽക്കരിക്കുന്നതിനും കേരളത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കുന്ന വിദേശ മൂലധനം കണ്ടുകെട്ടുന്നതിനായി നിരവധി പ്രക്ഷോഭങ്ങൾ നയിച്ചിരുന്ന കാര്യം പ്രസ്താവ്യമാണല്ലോ? ഐക്യ കേരളപ്പിറവിക്ക് ശേഷം ഈ ദിശയിലുള്ള ആവശ്യങ്ങൾ ഉന്നയിക്കപ്പെടുകയോ അധികാരത്തിൽ വന്ന വിവിധ സർക്കാറുകൾ വിദേശ തോട്ടം കമ്പനികളുടെ കൈവശത്തിലിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമനിർമ്മാണങ്ങളക്കുറിച്ചു ചിന്തിക്കുകയോ ചെയ്തില്ല. എന്നാൽ കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമങ്ങൾ, ഭൂസംരക്ഷണ നിയമങ്ങൾ, ഭൂവിനിയോഗ നിയമങ്ങൾ, സ്വാതന്ത്ര്യത്തിനുശേഷം സ്വദേശി ഗവ: രൂപം കൊടുത്ത  കമ്പനി രജിസ്ട്രേഷൻ ആക്ട്, വിദേശ നാണയ കൈമാറ്റ നിയന്ത്രണ ചട്ടങ്ങൾ എല്ലാം ദീർഘകാലാടിസ്ഥാനത്തിൽ തങ്ങളുടെ താൽപര്യങ്ങൾക്ക് ഹാനികരമായി വരാനുള്ള സാധ്യതകൾ മുൻകൂട്ടി കണ്ടു കൊണ്ട് ഇതിനെ മറികടക്കാനുള്ള ഗൂഡാലോചനയിലാണ് കമ്പനികൾ ഏർപ്പെട്ടത്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ , കൺട്രോളർ ഓഫ് ക്യാപ്പിറ്റൽ ഇഷ്യൂ , റജിസ്ട്രാർ ഓഫ് കമ്പനീസ്, ഇൻകം ടാക്സ് കമ്മീഷണറേറ്റ് തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ നിയമങ്ങളെയും, സമാനമായ സംസ്ഥാന സർക്കാർ നിബന്ധനകളെയും എല്ലാം കാറ്റിൽ പറത്തിയാണ് ഈ കമ്പനികൾ രാജ്യത്ത് നില നില്ക്കുന്നത്

വ്യാജ രേഖകൾ നിർമ്മിച്ചും തെറ്റായ പ്രമാണങ്ങൾ ഹാജരാക്കിയും ഈ ഭൂമിയിൽ പലതും നിയമ വിരുദ്ധമായി കൈമാറ്റം നടത്തി. തെരഞ്ഞെടുക്കപ്പെട്ട എല്ലാ സർക്കാറുകളും ഇത് കണ്ടില്ലന്ന് നടിച്ചു. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി മാത്രം ഈ രീതിയിൽ . അനധികൃതമായി 15000. ഏക്കറിൽ പരം ഭൂമി കൈമാറ്റം ചെയ്തതായി എം.ജി രാജമാണിക്ക്യം 2016 ൽ പിണറായി സർക്കാറിന് സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഹാരിസൺ കമ്പനി നിയമ വിരുദ്ധമായി കൈമാറിയ ഭൂമി ഇവയാണ്.

(ഈ ലേഖനത്തിന്റെ രണ്ടാം ഭാഗം അടുത്ത ലക്കത്തിൽ തുടരും)

# ഷാളിൽ കുരുങ്ങിയ ബാങ്കിംഗ് മേഖല

ടി സി സുബ്രഹ്മണ്യൻ

കാനറ ബാങ്ക് തൊക്കിലങ്ങാടി ശാഖ മാനേജരായിരുന്ന 38 വയസ്സുകാരി സ്വപ്ന തന്റെ ആത്മഹത്യാ കുറിപ്പിൽ ഇപ്രകാരം രേഖപ്പെടുത്തി. ബാങ്കിലെ ജോലിയുമായി ബന്ധപ്പെട്ട മാനസീക സമ്മർദ്ദമാണ് തന്നെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ചതു്. സ്വപ്നയുടേത് ഒറ്റപ്പെട്ട ആത്മഹത്യയല്ല. 2016 മുതൽ ബാങ്കിംഗ് മേഖലയിൽ ഓഫീസർ തസ്തികയിലുള്ള നിരവധി പേർ ആത്മഹത്യ ചെയ്തു. തൊട്ടടുത്ത മാസങ്ങളിൽ മൂന്ന് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിരുന്നു. പക്ഷെ, അതൊന്നും ചർച്ചയ്ക്ക് വിധേയമായില്ല. സ്വപ്ന സ്വന്തം ഡയറിയിലും നോട്ടു പുസ്തകത്തിലും കുറിച്ചു വച്ച ആത്മഹത്യാ കുറിപ്പിന് സമാനമായ രേഖകൾ പൊതു സമൂഹത്തിന് മുന്നിൽ എത്താതിരുന്നതും അതൊരു സാമൂഹ്യപ്രശ്നം എന്ന നിലയിലോ തൊഴിലിടത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഘടനാ ക്രമീകരണ പദ്ധതിയുടെ പരിണതഫലമെന്നോ വിലയിരുത്താൻ ബാങ്കിംങ് മേഖലയിൽ പ്രവർത്തിക്കുന്നവരോ സന്നദ്ധമാകാതിരുന്നതിനാൽ അതൊക്കെ യാദൃശ്ചിക ആത്മഹത്യകളായി അവസാനിക്കുകയായിരുന്നു. വൈകീട്ട് 5 മണിക്കവസാനിക്കുന്ന ജോലി സമയത്തിന് ശേഷവും പാതിരാ വരെ നീളുന്ന ഔദ്യോഗിക ജീവിതംമാനസീക നില തെറ്റിക്കുന്നിടം വരെയെത്തിയ സന്ദർഭത്തിലാണ് സ്വപ്ന കനത്ത ശമ്പളം നൽകുന്ന ബാങ്ക് മാനേജർ പദവിയും ജീവിതവും അവസാനിപ്പിക്കാൻ തീരുമാനിച്ചതു്. സ്വന്തം വസതിയിൽ വച്ചായിരുന്നു സ്വപ്ന ആത്മഹത്യ ചെയ്തിരുന്നതെങ്കിൽ ഒരു പക്ഷേ ചരമ കോളത്തിലെ വെറുമൊരു ആത്മഹത്യയായി മാറുമായിരുന്നു. തന്റെ മരണത്തിന്റെ ഉത്തരവാദിത്വം പുത്തൻ ബാങ്കിംഗ് നയം സൃഷ്ടിച്ച സാമൂഹ്യ അന്തരീക്ഷമാണെന്ന് , അത് തന്നിലേൽപ്പിച്ച കടുത്ത മാനസീക സമർദ്ദമാണെന്ന് എഴുതി വച്ചിട്ടും ചിലർ അഭിപ്രായപ്പെട്ടതിങ്ങനെ. ഒരു വർഷം മുമ്പ് ഭർത്താവ് മരിച്ചത് കൊണ്ട് ആത്മഹത്യ ചെയ്യേണ്ടിയിരുന്നില്ല. രണ്ട് കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ചെങ്കിലും ഓർക്കേണ്ടതായിരുന്നു സാമൂഹ്യ സമ്മർദ്ദം തന്നിലേൽപ്പിക്കുന്ന അപരിഹാര്യമായ ആഘാതമാണ് ഒരു വ്യക്തിയെ ജീവിതം അവസാനിപ്പിക്കാൻ പ്രേരിപ്പിക്കുന്ന അടിസ്ഥാന ഘടകം എന്ന വസ്തുതയാണ് ഇക്കൂട്ടർ ബോധപൂർവ്വം മറച്ചുവെക്കാൻ ശ്രമിക്കുന്നത് .

രണ്ട് പൊതുമേഖലാ ബാങ്കുകൾ, ബാങ്ക് ഓഫ് മഹാരാഷ്ട്ര, ഇന്ത്യൻ ഓവർസീസ് ബാങ്ക് . ജനറൽ ഇൻഷൂറൻസ് കമ്പനി എന്നിവ സ്വകാര്യവൽക്കരിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചതിന് ശേഷം ഏപ്രിൽ മാസം മൂന്നാം വാരത്തിൽ റിസർവ്വ് ബാങ്ക്, ധനമന്ത്രാലയം , നീതി ആയോഗ് എന്നിവ സംയുക്തമായി യോഗം ചേർന്ന് സ്വകാര്യവൽക്കരണ പ്രക്രിയ അന്തിമമായി തീരുമാനിക്കാനിരിക്കുന്ന സന്ദർഭത്തിലുള്ള സ്വപ്നയുടെ ആത്മഹത്യ ബാങ്കിംഗ് ഇൻഷൂറൻസ് മേഖലയിൽ വരാനിരിക്കുന്ന ആത്മഹത്യകളുടെ ചുവടുവെപ്പാണെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. തിരുത്തൽ നടപടി നേരിടുന്ന ആറ് ബാങ്കുകളുടെ ലയന പദ്ധതി നടപ്പാക്കപ്പെടുന്നതോടെ ജോലി ഭാരത്തിന്റെ സമ്മർദ്ദത്തിനിരയാകാൻ പോകുന്ന ബാങ്കിംഗ് ജീവനക്കാരുടെ മനോനില എന്താകുമെന്നതിന്റെ സൂചനകൂടിയാണ് സ്വപ്നയുടെ ആത്മഹത്യ.

ബാങ്കിംഗ് ദേശസാൽക്കരണത്തിൽ നിന്ന് ഘടനാപരമായ ക്രമീകരണത്തിലൂടെ (structeral adjustment) സ്വകാര്യവൽക്കരണ നടപടിയിലേക്ക് ബാങ്കിംഗ് ഇൻഷൂറൻസ് മേഖലയെ പരിവർത്തനപ്പെടുത്തിയ 1990കൾ മുതലുള്ള ആറോളീകരണകാലഘട്ടത്തിൽ പൊതുമേഖലയുടെ ക്ഷേമോന്മുഖ മാനുഷീക മുഖത്തിൽ നിന്ന് ഏതു് വിധേനയും ലാഭം കൊയ്യുകയെന്ന മൂലധനസ്വരൂപണ ആർത്തിയിലേക്ക് എത്തിയതിന്റെ മൂന്ന് പതിറ്റാണ്ടാണ്. കടന്നുപോയത്. ലഘു സമ്പാദ്യ പദ്ധതികൾ ദീർഘകാല നിക്ഷേപങ്ങൾ, ചെറുകിട ലോണുകൾ, വ്യവസായ സംരഭ ലോണുകൾ. രാജ്യത്തെ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിച്ചിരുന്ന പൊതുമേഖലാ ബാങ്കുകളുടെ ഓഹരികൾ കോർപ്പറേറ്റ് കുത്തകകൾക്ക് . സ്വന്തമാക്കാൻ അവസരം ഒരുക്കിയ .പുതുതലമുറ പരിഷ്കാരങ്ങൾ ന്യൂ ജെൻ ബാങ്കുകളുമായുള്ള മത്സരത്തിൽ ഏർപ്പെട്ടതോടെ ബാങ്കിം മേഖലയ്ക്ക് മാനുഷീക മുഖം നഷ്ടമായി. ഏതു് വിധേനയും നിക്ഷേപം സമാഹരിക്കുക. വൻകിട ക്കാർക്ക് ലോൺ നൽകുകയെന്ന പ്രാഥമീക ലക്ഷ്യത്തിൽ നിന്ന് സ്റ്റോക് എക്സ്ചേഞ്ച് ഷെയർ വാങ്ങൽ വില്പന, റിയൽ എസ്റ്റേറ്റ് ചൂതാട്ടം, വാഹന വിപണി,മൾട്ടി നഷണൽ കമ്പനികളുടെ ഉല്പന്ന വ്യാപാര മേഖലകളിലേക്കും പ്രവേശിച്ച ബാങ്കിംഗ് മേഖല കസ്റ്റമേഴ്സിനെ ഊരാക്കുടുക്കിലാക്കിയ ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡുകൾ നൽകുന്നതിൽ നിശ്ചിതമായ ടാർജെറ്റുകൾ പ്രാബല്യത്തിലാക്കി. സോണൽ, റീജിയണൽ മാനേജർമാർ നൽകുന്ന ടാർജറ്റുകൾ ഒപ്പിക്കാൻ മനുഷ്യത്വരഹിതമായ എല്ലാ മാറ്റങ്ങളും സ്വീകരിക്കാൻ നിർബന്ധിതമായി. GST യും നോട്ടു നിരോധനവും പ്രകൃതി ദുരന്തങ്ങളും ബാങ്കിംഗ് നയവ്യതിയാനങ്ങൾക്കു സ്ഥാനം നൽകിയില്ല. ഓരോ ബ്രാഞ്ച് മാനേജർമാർ മുതൽ മേൽത്തട്ടിലെ ഓഫീസർമാർ വരെയുള്ളവർ അതീവ സമ്മർദ്ദത്തെ നേരിട്ട് ടാർജറ്റ് പൂർത്തീകരിക്കുക എന്ന ഏക ലക്ഷ്യത്തിലേക്ക് എത്താൻ നിർബന്ധിതമായി. നാവടക്കു പണിയെടുക്കു എന്ന അടിയന്തിരാവസ്ഥക്കാലത്തെ ശാസന ജീവിത കമായി. ടാർജറ്റ് പൂർത്തീകരിക്കുന്നവർക്ക് പാരിതോഷികങ്ങളും പരാജിതർക്ക് ശാസനകളും പണിഷ്മെന്റും തൊഴിൽ നിയമങ്ങളെ അസ്വാരസ്യപ്പെടുത്തിയില്ല.

ബാങ്കുകളുടെ ലയന പ്രക്രിയ ഊർജ്ജിതമായതോടെ ഗ്രാമീണ മേഖലകളിലെ അമിത ലാഭമില്ലാത്ത ബ്രാഞ്ചുകൾ അടച്ചുപൂട്ടുന്ന അവസ്ഥയിലേക്കും തൊഴിൽ ഭാരം ഇരട്ടിപ്പിക്കുന്ന സാഹചര്യത്തിലേക്കും എത്തിച്ചു. ഫോൺ കണക്ഷനുള്ള മുഴുവൻ പൗരന്മാരേയും വിളിച്ച് തങ്ങളുടെ ബാങ്കിലെ നിക്ഷേപങ്ങൾക്കുള്ള ഓഫറുകളെക്കുറിച്ചും മിനിറ്റുകൾക്കുള്ളിൽ ലോൺ നൽകാമെന്നറിയിച്ചു കൊണ്ടുമുള്ള ടെലി കോളുകൾക്കു സമാനമായ പ്രവർത്തനങ്ങൾ ബാങ്കിംഗ് മേഖലയുടെ മുഖമുദ്രയായി. ഉയർന്ന വേതനം ആകർഷകമായ ജീവിത സൗകര്യങ്ങൾ എന്നിവയാൽ സമൂഹത്തിൽ ഉപരിവർഗ്ഗം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബാങ്കിംഗ് ജീവനക്കാർ തൊഴിൽ മേഖലയിൽ അടിമ സമാനമായ ജീവിതാവസ്ഥയിലേക്ക് പ്രവേശിച്ചതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ് 2016 മുതൽ ഈ മേഖലയിൽ നടന്ന ആത്മഹത്യകൾ.

സാമൂഹ്യ സുരക്ഷയെ അട്ടിമറിച്ച ആഗോളീകരണവും സ്വകാര്യവൽക്കരണ ഉദാരവൽക്കരണ നയങ്ങളും സമൂഹത്തിലെ വിവിധ ശ്രേണികളിലുള്ള സാമൂഹ്യ വിഭാഗങ്ങളുടെ നിലനിൽക്കാനുള്ള അവകാശം നിഷേധിക്കുകയായിരുന്നു. രാജ്യത്തെ ഏറ്റവും വലിയ തൊഴിൽ മേഖലയായ കാർഷിക മേഖലയിലെ സമ്പന്നവിഭാഗങ്ങൾക്ക് പോലും നിലനിൽക്കാൻ കഴിയാത്ത വിധം ലക്ഷക്കണക്കിന് കർഷകരെ ആത്മഹത്യയിലേക്ക് നയിച്ചതു് പോലെ മറ്റെല്ലാ തൊഴിൽ സർവ്വീസ് മേഖലകളും കോർപ്പറേറ്റ് മൂലധനവുമായുള്ള മത്സരത്തിൽ . മുന്നോട്ട് പോകാനാകാതെ അതിന്റെ ഇരയായി മാറുകയും ആത്മഹത്യകൾ നിത്യസംഭവമായി മാറിത്തീരുകയുമാണ്. ബാങ്കിൽ നിന്ന് കടമെടുത്തവനും കടം എടുപ്പിച്ച ബാങ്ക് മാനേജരും ഒരേ ഷാളിൽ ജീവിതം അവസാനിപ്പിക്കേണ്ടി വരുന്ന സാമൂഹ്യ സാഹചര്യമാണ് നിലനിൽക്കുന്നത്. ബാങ്ക് ജപ്തി നടപടി നിർവ്വഹിക്കുന്ന ആമീൻ മാരുടെ ആത്മഹത്യ രാജ്യം സക്ഷ്യം വഹിക്കുന്ന കാലം വിദൂരമല്ല.

ഭരണകൂട നയങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി സാമൂഹ്യ മുന്നേറ്റങ്ങൾ ക്ക് പ്രേരക ശക്തിയാകേണ്ട ഇടത്തരം വിഭാഗങ്ങളിൽ പെട്ടവർ സ്വയം ജീവനൊടുക്കുന്ന വർത്തമാന സാഹചര്യത്തിൽ ആത്മഹത്യയല്ല പരിഹാരം പോരാട്ടങ്ങൾ തന്നെയാണെന്ന് ആവർത്തിച്ച് ഉറപ്പിക്കേണ്ടതുണ്ട്

# കിഫ്ബി ചോദ്യോത്തരങ്ങൾ

ഡോ. കെ ടി റാംമോഹൻ

**കേരളാ അടിസ്ഥാന വികസന നിക്ഷേപ ബോണ്ട് പദ്ധതി സംബന്ധിച്ചു ഇന്നു കേരളീയ സമൂഹത്തിൽ പല ചോദ്യങ്ങളും ഉയരുന്നുണ്ട്. ഇതു സംബന്ധിച്ച പ്രധാന ചോദ്യങ്ങൾക്കു ഈ പംക്തിയിൽ രാഷ്ട്രീയസമ്പദ് ശാസ്ത്രജ്ഞനും സമ്പദ് ചരിത്രകാരനുമായ ഡോ. കെ ടി റാംമോഹൻ മറുപടി പറയുന്നു.**

**ജനപക്ഷ രാഷ്ട്രീയമാണ് കിഫ്ബി മുന്നോട്ടുവെക്കുന്നത് എന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നിലപാടിനെ എങ്ങനെ കാണുന്നു?**

പ്രത്യേക രാഷ്ട്രീയകക്ഷിയോടുള്ള വിധേയത്വം ഔപചാരികമായി സ്വതന്ത്രമായ ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനത്തെ എങ്ങനെ വഴിതെറ്റിക്കുമെന്നതിന്റെ ഉദാഹരണമാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കിഫ്ബിയെ സംബന്ധിച്ച് എടുത്തിട്ടുള്ള നിലപാട്. ആഗോളമൂലധന വിപണിയിൽ നിന്ന് കടമെടുത്ത്, അതും വലിയ സമ്പദ്ചോർച്ചയ്ക്കു കാരണമാവുന്ന രീതിയിൽ ബഹുരാഷ്ട്ര കമ്പനിയിൽ നിന്ന് ഉയർന്ന പലിശയ്ക്ക് നിക്ഷേപം സ്വീകരിച്ച്, സ്വകാര്യ കൺസൾട്ടൻസികളുടെയും സംരംഭകരുടെയും സഹായത്തോടെ, ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ഉറപ്പുള്ള വൻകിട നിർമാണ പദ്ധതികൾ, കേന്ദ്രീകൃതമായ തീരുമാനത്തിലൂടെ നടപ്പാക്കുന്നത് പരിഷത്ത് ശരിവെക്കുന്നത് മറ്റെങ്ങനെയാണ് വിശദീകരിക്കുക?

കിഫ്ബി മാതൃകയ്ക്ക് പരിഷത്ത് നൽകുന്ന പിന്തുണ സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണെന്ന വിമർശനം ആദ്യകാല പരിഷത്ത് പ്രവർത്തകനും തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് മുൻ ഡയറക്ടറുമായ ഡോ. കെ പി കണ്ണനും ശക്തമായി ഉന്നയിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. നവസാമൂഹിക മാധ്യമത്തിലെ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കൂ: "ഹരിതബദലുകളുടെ നവകേരളം സൃഷ്ടിക്കാനുള്ള സുവർണാവസരം കിഫ്ബി കളഞ്ഞുകുളിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അല്ലെങ്കിൽ നിലകൊണ്ടിരുന്നുവോ, അതിനൊക്കെ

വിരുദ്ധമാണ് കിഫ്ബി. ഒരുപക്ഷേ കിഫ്ബി മാതൃകയുടെ നിയോലിബറൽ കെണി മനസ്സിലാവാതെയാവണം എന്റെ ചില സുഹൃത്തുക്കളും അതിനെ പരസ്യമായി ന്യായീകരിച്ചത്."





ഡോ. കെ ടി റാംമോഹൻ

**കിഫ്ബി പദ്ധതികൾക്ക് കൺസൾട്ടൻസി ഏജൻസികളുടെ സേവനം അനിവാര്യമാക്കുന്ന സാഹചര്യം വിശദീകരിച്ച് ദേശാഭിമാനി പത്രത്തിൽ 'എന്തുകൊണ്ട് കൺസൾട്ടൻസികൾ?' എന്നൊരു ലേഖനം ധനമന്ത്രി എഴുതിയിരുന്നത് കണ്ടിരിക്കുമല്ലോ. താങ്കളുടെ പ്രതികരണം?**

ലേഖനം വായിച്ചിരുന്നു. കൺസൾട്ടൻസികളെ ആശ്രയിക്കുന്നതിന് ധനമന്ത്രി അക്കമിട്ട് നിരത്തിയ കാരണങ്ങൾ പരിശോധിക്കാം. ഒന്ന്, കിഫ്ബി വലിയ മുതൽമുടക്കുള്ള നിർമാണപദ്ധതികളാണ് നടപ്പാക്കുന്നത്; അവയുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കാനും പദ്ധതി യഥാസമയം പൂർത്തിയാക്കാനും "ഇന്നുള്ള ഉദ്യോഗസ്ഥ സംവിധാനം പോരാ." രണ്ട്, വൻകിട പദ്ധതികൾക്ക് പ്രത്യേകവായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ ധനകാര്യസ്ഥാപനങ്ങൾക്കു സമർപ്പിക്കേണ്ട "വിശദമായ രൂപരേഖ തയ്യാറാക്കാൻ പ്രാവീണ്യം ഇത്തരം കൺസൾട്ടൻസി ഏജൻസികൾക്ക് ഉണ്ട്." മൂന്ന്, കേന്ദ്രസർക്കാർ പോലും പദ്ധതി രൂപരേഖ തയ്യാറാക്കാൻ കൺസൾട്ടൻസികളെ നിയോഗിക്കുന്നു. നാല്, ലോകബാങ്ക് പദ്ധതികളുടെ രൂപരേഖയും കൺസൾട്ടൻസികളുടേതാണ്. അഞ്ച്, യുഡിഎഫ് ഭരണകാലത്തും കൺസൾട്ടൻസികളാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരുന്നത്.

**ധനമന്ത്രി ഊന്നുന്ന അഞ്ചു കാരണങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം മാത്രമാണ് പരിശോധനാർഹമായിട്ടുള്ളത്. ശേഷം മൂന്നും പ്രത്യക്ഷത്തിൽ തന്നെ തീർത്തും ദുർബലമാണ്. ലോകബാങ്കോ കേന്ദ്രസർക്കാരോ കഴിഞ്ഞ സംസ്ഥാന സർക്കാരോ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടൻസികളെ നിയോഗിക്കുന്നു അല്ലെങ്കിൽ നിയോഗിച്ചിരുന്നു എന്നതുകൊണ്ട് ഈ സർക്കാരും അതു ചെയ്യുന്നു എന്ന് പറയുന്നതിൽ എന്തു യുക്തിയാണുള്ളത്?**

പദ്ധതി രൂപരേഖ, എസ്റ്റിമേറ്റ്, വായ്പാ അപേക്ഷ എന്നിവ തയ്യാറാക്കുവാനും പദ്ധതികൾ സമയബന്ധിതമായി തീർക്കുവാനും "ഇന്നുള്ള ഉദ്യോഗസ്ഥ സംവിധാനം പോരാ " എന്നതുകൊണ്ട് ധനമന്ത്രി ഉദ്ദേശിക്കുന്നത് ഉദ്യോഗസ്ഥരുടെ എണ്ണം മതിയാവില്ല എന്നായിരിക്കുമോ? അതോ അവർക്ക് അതിനുള്ള കഴിവില്ലെന്നാവുമോ? ധനമന്ത്രിയുടെ തുടർവിശദീകരണം ഇങ്ങനെ: "കൂടുതൽ ആളുകളെ സർക്കാരിലെടുത്ത് അവരെയൊക്കെ പരിശീലിപ്പിച്ച് ഈ പ്രോജക്ടുകൾ തയ്യാറാക്കാൻ തീരുമാനിച്ചാൽ അവയൊന്നും അടുത്ത കാലത്തൊന്നും നടപ്പാവാൻ പോകുന്നില്ല."

ഭരണകക്ഷികളും കരാറുകാരും ഉദ്യോഗസ്ഥരും ഒന്നുചേരുന്ന അഴിമതിയുടെ ബലതന്ത്രമാണ് പലപ്പോഴും പദ്ധതികളുടെ നിർമാണവേഗതയും ഗുണനിലവാരവും നിർണയിക്കുന്നത് എന്നത് ധനമന്ത്രി അറിയാതിരിക്കാൻ വഴിയില്ല. അതിരിക്കട്ടെ. നിർമാണപദ്ധതികളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുന്നത് ഉദ്യോഗസ്ഥരുടെ പതിവുജോലിയല്ലേ? സംസ്ഥാനത്തിന്റെ റവന്യു ചെലവിന്റെ വലിയൊരു ഭാഗം ഉദ്യോഗസ്ഥരുടെ ശമ്പളത്തിനാണ് എന്നിരിക്കെ അവരുടെ സേവനം കഴിയുന്നത്ര ഉപയോഗിക്കുകയല്ലേ വേണ്ടത്?

പദ്ധതികളുടെ വലിപ്പവും എണ്ണക്കൂടുതലും കാരണം കൂടുതൽ ഉദ്യോഗസ്ഥർ ആവശ്യമെങ്കിൽ നിശ്ചിത കാലയളവിലേക്കു പ്രത്യേക വേതനം നിശ്ചയിച്ച് അവരെ നിയമിക്കുന്നതിന് തടസ്സമെന്ത്? പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും കിഫ്ബിയുടേത് പോലുള്ള വലിയ മുതൽമുടക്കിന്റെ ലക്ഷ്യമാവേണ്ടതുണ്ട്. സർക്കാർ വളരെയധികം പണം ചെലവഴിച്ച് സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്ന സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കിയ ഒട്ടേറെപ്പേർ ഇന്ന് തൊഴിൽരഹിതരാണ്. പലരും തങ്ങളുടെ വിദ്യാഭ്യാസ പശ്ചാത്തലവുമായി പൊരുത്തമില്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. കിഫ്ബി വഴി കിട്ടുമായിരുന്ന പ്രായോഗിക പരിശീലനം തുടർന്നുള്ള തൊഴിൽതേടലിൽ അവരെ സഹായിച്ചേനെ.

വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള പ്രാവീണ്യം കൺസൾട്ടൻസികൾക്കാണ് ഉള്ളത് എന്ന് പറയുക വഴി ധനമന്ത്രി സാങ്കേതിക-മാനേജ്മെന്റ് വൈദഗ്ധ്യത്തെ നിഗൂഢവൽക്കരിക്കുകയാണ് ചെയ്യുന്നത്. അസാധാരണമാംവിധം ഉയർന്ന വൈദഗ്ധ്യം ആവശ്യപ്പെടുന്നവയല്ല കിഫ്ബിയുടെ നിർമാണപദ്ധതികൾ. കൺസൾട്ടൻസികൾ തയ്യാറാക്കിയ രൂപരേഖകൾ ഇത് വ്യക്തമാക്കുന്നുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥർക്കും നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ചെറുസംഘ ങ്ങൾക്കും തയ്യാറാക്കാൻ കഴിയുന്നവയാണ് ഇത്തരം രൂപരേഖകൾ. അവരെ കൂട്ടായി ഈ പണി ഏല്പിക്കുന്നതിനു പകരം കൺസൾട്ടൻസികളെ നിയോഗിച്ച് പണം പുറത്തേക്ക് ഒഴുക്കുന്നത് എന്തിനാണ്?

നഷ്ടാവസരവില (ഓപ്പർച്ച്യുണിറ്റി കോസ്റ്റ്) എന്ന സമ്പദ്ശാസ്ത്ര സങ്കല്പത്തെക്കുറിച്ചു ചിന്തിക്കാൻ ഇത് പ്രേരിപ്പിക്കുന്നു. ഒന്ന് തിരഞ്ഞെടുക്കുമ്പോൾ മറ്റൊന്ന് ഒഴിവാക്കേണ്ടിവരുന്നതു മൂലമുള്ള നഷ്ടമാണ് നഷ്ടാവസരവില. സംസ്ഥാനത്തു 170-ലേറെ എൻജിനീയറിങ് കോളേജുകളും 70-നു മേൽ പോളിടെക്നിക്കുകളും അസംഖ്യം ഐടിഐകളുമുണ്ട്. കിഫ്ബി അധികൃതർ ഭാവനാശേഷിയോടെ അദ്ധ്വാനാസൂത്രണം നടത്തിയിരുന്നുവെങ്കിൽ നിർമാണപ്രവർത്തികളിൽ ഈ സ്ഥാപനങ്ങളെ കണ്ണിചേർക്കാമായിരുന്നു. പുതിയ മുതൽമുടക്കില്ലാതെ സംസ്ഥാനത്തു ഒട്ടാകെയുള്ള സാങ്കേതിക വിദ്യാർത്ഥികളുടെ നൈപുണ്യവികസനത്തിനുള്ള ഒരു ബൃഹത്പദ്ധതി ആയേനെ അത്. നിലവിലുള്ള വികേന്ദ്രീകൃത അധികാരസംവിധാനം ഇത്തരമൊരു അദ്ധ്വാനാസൂത്രണത്തിനു അനുയോജ്യമാണുതാനും. തുടർന്നുള്ള പദ്ധതി നടത്തിപ്പിലെങ്കിലും ഈയൊരു സാധ്യത സർക്കാർ പരിഗണിക്കുന്നത് നന്നാവും.

പൊതുമേഖലാ കൺസൾട്ടൻസികളുടെ സേവനം വേണ്ടവിധം പ്രയോജനപ്പെടുത്തിയില്ല എന്നതാണ് നഷ്ടാവസരവിലയുടെ മറ്റൊരു ഘടകം. പദ്ധതി അവലോകനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി) എന്ന കേരളസർക്കാർ സ്ഥാപനത്തിന് ഭാഗികമായ ചുമതല നൽകിയിരുന്നു. എന്നാൽ പദ്ധതി അവലോകനത്തിനായി കിഫ്ബി ആദ്യനാളുകളിൽ നേരിട്ടു നിയോഗിച്ച ടെറനസ് കൺസൾട്ടിങ് എന്ന സ്വകാര്യ സ്ഥാപനത്തിന് തന്നെ സിഎംഡി ഉപകരാർ നൽകുകയാണ് ചെയ്തത് (പതിനാലാം കേരള നിയമസഭ, പതിനാറാം സമ്മേളനം, നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482, ധനമന്ത്രിയുടെ മറുപടി 19.11.2019). കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെഎസ്ഐഇ), കേരളാ ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (കിറ്റ്കോ) തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനവും പരിമിതമായേ സ്വീകരിച്ചിട്ടുള്ളു (പതിനാലാം കേരള നിയമസഭ, പതിനാലാം സമ്മേളനം, നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 398, ധനമന്ത്രിയുടെ മറുപടിയും അനുബന്ധരേഖയും, 29.01.2019).

**"പ്രാവീണ്യമുള്ള കൺസൾട്ടൻസി ഏജൻസികൾ" എന്ന സർക്കാർ നിർവചനത്തിൽ സ്വകാര്യ സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെടുകയുള്ളോ? കിറ്റ്കോ പോലുള്ള പൊതുമേഖലാ കൺസൾട്ടൻസികൾക്ക് പ്രാവീണ്യമില്ലെന്നോ?**

1972ൽ കേരള സർക്കാർ, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് ഓഫ്ഇന്ത്യ (ഐഡിബിഐ), ദേശസാൽകൃത ബാങ്കുകൾ എന്നിവ മുൻകയ്യെടുത്തു സ്ഥാപിച്ച കിറ്റ്കോ ഇതിനകം 3500-ലേറെ പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്; 1000-ലേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഒട്ടുമുക്കാലും കിഫ്ബി പദ്ധതികളെ അപേക്ഷിച്ചു പതിന്മടങ്ങു മുതൽമുടക്കുള്ളവയാണ് ഈ പദ്ധതികൾ .

കിറ്റ്കോ ഭാഗികമായോ മുഴുവനായോ ഏറ്റെടുത്തു നടപ്പാക്കിയ ഏതാനും പദ്ധതി കൾ നോക്കാം:

(ഒന്ന്) വിമാനത്താവളങ്ങൾ– ജിദ്ദ; ക്വാൺ അലാറം, ഒമാൻ; ഇംഫാൽ; രാജമന്ത്രി; ബംഗളുരു; മംഗളൂരു; കൊച്ചി; കണ്ണൂർ.

(രണ്ട്) തുറമുഖങ്ങൾ — കൊൽക്കത്ത; കാട്ടുപ്പള്ളി (ചെന്നൈ ); കൊച്ചി; വിഴിഞ്ഞം.

(മൂന്ന്) റോഡുകളും പാലങ്ങളും — കൊച്ചി എയർപോർട്ട്-സീപോർട്ട് റോഡ്, സ്റ്റേഷൻകടവ് പാലം എന്നിവയടക്കം സംസ്ഥാനത്തെ ഒട്ടേറെ പശ്ചാത്തല സൗകര്യ പദ്ധതികൾ.

(നാല്) വ്യവസായശാലകളും സമുച്ചയങ്ങളും — ഭാരത് ഇലക്ട്രോണിക്സ് ഡിഫൻസ് സിസ്റ്റംസ് ഇന്റിഗ്രേഷൻ കോംപ്ലെക്സ്, അനന്തപുരം (ആന്ധ്രപ്രദേശ്); ഹിന്ദുസ്ഥാൻ ഏയ്റോനോട്ടിക്സ് എയ്റോ എൻജിൻ റിസർച് ആൻഡ് ഡെവലപ്മെന്റ് സെന്റർ, ബംഗളുരു; കൊച്ചി സ്പെഷ്യൽ എക്സ്പോർട്ട് സോൺ,കാക്കനാട്; കേരളാഫീഡ്സ്,കരുനാഗപ്പള്ളി;കെഎംഎംഎൽ ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ്, ചവറ.

(അഞ്ച്) കായികവിനോദവും വിനോദസഞ്ചാരവും — ഖാലാ ഗോൾഫ് കോഴ്സ്, ഒമാൻ; ഇന്റർനാഷണൽ മറൈൻ, കൊച്ചി; ഹോട്ടൽ ടീ കൗണ്ടി, മൂന്നാർ.

(ആറ്) ആരോഗ്യരക്ഷ –മെഡിക്കൽ കോളേജുകൾ (ഇടുക്കി, കളമശ്ശേരി, മഞ്ചേരി, കാസർഗോഡ്); ആശുപത്രി,സീഷെൽസ് റിപ്പബ്ലിക്.

**അരനൂറ്റാണ്ടോളം പ്രവർത്തനചരിത്രമുള്ള കിറ്റ്കോ പോലുള്ള ഒരു പൊതുമേഖലാ കൺസൾട്ടൻസിയെ അരികിലേക്കു മാറ്റിനിർത്തി ഇന്നലെ കിളിർത്ത സ്വകാര്യ സ്ഥാപനങ്ങളെ ചുമതല ഏല്പിക്കുവാൻ കിഫ്ബിയെ പ്രേരിപ്പിച്ചത് എന്തായിരിക്കും?**

**മസാലബോണ്ട് കടമെടുപ്പിന് സർക്കാർ ഗ്യാരണ്ടി നൽകിയതായി പറയുന്നുണ്ടല്ലോ. ഇതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? കടത്തിനായി സർക്കാർ ഈട് നൽകിയിട്ടുണ്ടോ? ഗ്യാരണ്ടി നൽകിയ കടം തിരിച്ചടക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്തു സംഭവിക്കും?**

മസാലബോണ്ട് കടമെടുപ്പുമായി ബന്ധപ്പെട്ട ബാധ്യതകൾ കിഫ്ബി നിറവേറ്റും എന്നതിന് സംസ്ഥാന സർക്കാർ നിക്ഷേപകർക്ക് നൽകുന്ന ഉറപ്പാണ് ഗ്യാരണ്ടി. ബാധ്യതകൾ നിറവേറ്റുന്നതിനുള്ള പണം കൈകാര്യം ചെയ്യുന്ന പ്രത്യേക അക്കൗണ്ടുകളാണ് ഇതിനുള്ള ഈട്. തിരിച്ചടവിൽ വീഴ്ച വന്നാൽ ബോണ്ട് രക്ഷാധികാരിയായ ഹോങ്കോങ്ങിലെ ദ ഹോങ്കോങ് ആൻഡ് ഷാങ്ഹായ് ബാങ്കിങ് കോർപ്പറേഷനും (എച്ച് എസ് ബി സി) ആഭ്യന്തര രക്ഷാധികാരിയായ മുംബൈയിലെ ആക്സിസ് ട്രസ്റ്റീ സർവീസസും പണം വസൂലാക്കാനുള്ള നടപടികൾ കൈക്കൊള്ളും.

മസാലബോണ്ട് ഇടപാടിലെ സർക്കാർ ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ സർക്കാരിന്റെ ഗ്യാരണ്ടി ഉത്തരവ് (ജി ഓ (എംഎസ്) നം. 347/2018/ഫിൻ, 17.09.2018), സർക്കാരും കിഫ്ബിയും എഎച്ച് എസ് ബി സിയും ചേർന്നുള്ള ട്രസ്റ്റ് ഉടമ്പടി, ഏജൻസി ഉടമ്പടികൾ (19.09.2018, 29.03.2019) എന്നിവയിലാണ് പ്രധാനമായും രേഖപ്പെടുത്തിയിട്ടുള്ളത്. സമ്പദ്സ്ഥിതിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ളവയെങ്കിലും ഈ രേഖകൾ സർക്കാർ പൊതുസമൂഹത്തിൽ ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഗ്യാരണ്ടിയുടെ പശ്ചാത്തലത്തിൽ മസാലബോണ്ട് ഇടപാടിലെ പ്രധാന വ്യവസ്ഥകൾ പരിശോധിക്കാം.

(ഒന്ന്) കിഫ്ബി ഓരോ അർദ്ധവർഷവും 9.723 ശതമാനം നിരക്കിൽ നിക്ഷേപകർക്ക് പലിശ നൽകും; അഞ്ചു വർഷത്തിനു ശേഷം നിക്ഷേപത്തുക തിരികെ നൽകും.

(രണ്ട്) പലിശയോ നിക്ഷേപമോ നൽകാൻ വൈകിയാൽ ആ കാലയളവിന് രണ്ടു ശതമാനം അധികനിരക്കിൽ പലിശ നൽകും.

(മൂന്ന്) മോട്ടോർവാഹന നികുതിയുടെ നിശ്ചിത പങ്കും ലിറ്ററിന് ചുരുങ്ങിയത് ഒരു രൂപ എന്നനിരക്കിൽ പെട്രോൾ സെസ്സും കിഫ്ബിയുടെ വരുമാനമായി കണക്കാക്കും; അത് ആദ്യം സഞ്ചിതനിധിയിൽ വരവുവെക്കുകയും പതിവായി കിഫ്ബിയുടെ പ്രത്യേക അക്കൗണ്ടിലേക്കു (എസ്ക്രോ അക്കൗണ്ട്) മാറ്റുകയും ചെയ്യും.

(നാല്) മോട്ടോർവാഹന നികുതി,പെട്രോൾ സെസ്സ് എന്നിവയിൽ നിന്നുള്ള വരുമാനം മസാലബോണ്ട് ബാധ്യതകൾ നിറവേറ്റുന്നതിന് മതിയാകാതെ വന്നാൽ സർക്കാർ വായ്പയും സഹായധനവും നൽകി കുറവ് നികത്തും.

(അഞ്ച്) മസാലബോണ്ട് ബാധ്യതകൾ നിറവേറ്റുന്നതിനായി രണ്ട് പ്രത്യേക അക്കൗണ്ടുകൾ ഏർപ്പെടുത്തും; പലിശ അടവിനായി ഡെറ്റ് സർവീസ് റിസർവും നിക്ഷേപത്തുക തിരിച്ചുകൊടുക്കാനായി സിങ്കിങ് ഫണ്ടും.

(ആറ്) കിഫ്ബിയുടെ വരവ്-ചെലവ് കണക്ക് മുമ്മൂന്ന് മാസവും വർഷാവസാനവും, പ്രത്യേക അക്കൗണ്ടുകളുടെ വിശദാംശം ഓരോ അർദ്ധവർഷവും ബോണ്ട് രക്ഷാധികാരിക്ക് സമർപ്പിക്കും.

(ഏഴ്) പ്രത്യേക അക്കൗണ്ടുകളിൻമേലുള്ള ആദ്യത്തേതും പരമോന്നതവുമായ അവകാശം ബോണ്ട് രക്ഷാധികാരിക്കും നിക്ഷേപകർക്കും ആയിരിക്കും.

(എട്ട്) കിഫ്ബി പിരിച്ചുവിടുന്നപക്ഷം സ്ഥാപനത്തിന്റെ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കും.

കിഫ്ബിയുടെ സാമ്പത്തിക ഇടപാടുകളിൽ ബോണ്ട് രക്ഷാധികാരിയായ എച്ച് എസ് ബി സി നിരന്തരവും കർശനവുമായ നിയന്ത്രണം ഉറപ്പു വരുത്തുന്നുണ്ട് എന്നത് ഇതിൽ നിന്ന് വ്യക്തമാണല്ലോ. ബാധ്യത നിറവേറ്റുന്നതിൽ കിഫ്ബി വീഴ്ച വരുത്തുന്നപക്ഷം സ്വന്തം നിലയിലോ നിക്ഷേപകരുടെ ആവശ്യപ്രകാരമോ എച്ച് എസ് ബി സി നടപടിയെടുക്കും. ആഭ്യന്തര രക്ഷാധികാരിയായ ആക്സിസ് ട്രസ്റ്റീ സർവീസസിനോട് കിഫ്ബിയുടെ പ്രത്യേക അക്കൗണ്ടുകളുടെ നിയന്ത്രണം ഏറ്റെടുക്കാൻ എച്ച് എസ് ബി സി ആവശ്യപ്പെടും. ഇത് ആഭ്യന്തര രക്ഷാധികാരിക്ക് നേരിട്ടോ റസീവർ വഴിയോ ചെയ്യാം. അക്കൗണ്ടുകളിൽ ലഭ്യമായ പണം ഡോളറാക്കി മാറ്റി, ആഭ്യന്തര രക്ഷാധികാരി ബോണ്ട് രക്ഷാധികാരിക്ക് നൽകും, തുടർന്ന് അത് നിക്ഷേപകർക്ക് കൈമാറും.

ബാധ്യതകൾ നിറവേറ്റുന്നതിന് പ്രത്യേക അക്കൗണ്ട് ശിഷ്ടം പോരാതെ വന്നാൽ അത് നികത്തേണ്ട ബാധ്യത സർക്കാരിന്റേതാണ്. സംസ്ഥാന ഖജനാവിൽ അതിനു ആവശ്യമായ നീക്കിയിരുപ്പ് ഇല്ലെങ്കിൽ വീണ്ടും കടമെടുക്കേണ്ടി വരും. ഇത് പുതിയ കടപ്പത്രങ്ങൾ വഴിയോ ധനകാര്യസ്ഥാപനങ്ങൾ, റിസർവ് ബാങ്ക്, കേന്ദ്ര സർക്കാർ എന്നിവയിൽ നിന്നുള്ള വായ്പകൾ വഴിയോ ആവാം. അതുമല്ലെങ്കിൽ ആസ്തികൾ വിറ്റു പണം സംഭരിക്കാം.

ഇവയൊന്നും തന്നെ യഥാസമയം സാധ്യമായില്ലെങ്കിലോ? ഈ ചോദ്യത്തിന് ഉത്തരം പറയുക എളുപ്പമല്ല. വിദേശവിപണിയിൽ നിന്ന് സംസ്ഥാന സർക്കാർ കടമെടുക്കുന്നതിന് മുൻ ഉദാഹരണങ്ങളൊന്നുമില്ല. വീഴ്ച സംസ്ഥാനത്തിന്റേതായാലും പ്രതികൂലഫലങ്ങൾ അനുഭവിക്കേണ്ടി വരിക രാഷ്ട്രമൊന്നാകെ ആയിരിക്കുമെന്നതിനാൽ കേന്ദ്രസർക്കാർ അത്തരമൊരു സാഹചര്യം ഒഴിവാക്കുമെന്ന് പ്രതീക്ഷിക്കാം.

ഈ പറഞ്ഞതിന്റെ അർഥം സംസ്ഥാന സർക്കാരിന് മസാലബോണ്ട് ബാധ്യതകൾ നിറവേറ്റാൻ കഴിയില്ല എന്നല്ല. കടബാധ്യത നിറവേറ്റാനുള്ള ശേഷി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, ധനകാര്യ നിർവഹണത്തിന്റെ കാര്യക്ഷമത എന്നിവയെ ആശ്രയിച്ചിരിക്കുന്നു. കടബാധ്യതയുമായി ബന്ധപ്പെട്ട മറ്റൊരു ചോദ്യത്തിന് മറുപടിയായി ഈ സംഭാഷണപംക്തിയുടെ വരാനിരിക്കുന്ന ഭാഗത്തിൽ ഇത് പരിശോധിക്കുന്നുണ്ട്.

**കിഫ്ബിയുടെ സാമ്പത്തികപ്രവർത്തനമാതൃക പൊതുധനകാര്യത്തിന്റെ ഉത്തമപ്രമാണങ്ങൾക്ക് നിരക്കുന്നതല്ല എന്ന വിമർശനത്തിന്റെ അടിസ്ഥാനമെന്താണ്?**

ഏതു സർക്കാരിന്റെയും വരുമാനം ജനങ്ങളിൽ നിന്ന് സമാഹരിക്കുന്ന പണമാണ്. അത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നത് ജനങ്ങളുടെ ആവശ്യമാണ്, അവകാശമാണ്. ഇതിനുള്ള ഉപാധി കൂടിയാണ് ബജറ്റ്. പൊതുധനകാര്യവിദഗ്ധർ പറയുന്നത് ബജറ്റ് സൂര്യനെപ്പോലെ പ്രകാശിക്കണമെന്നാണ്. സർക്കാരിന്റെ സമ്പദ് പ്രവർത്തനത്തിന്റെ എല്ലാ കോണിലേക്കും അത് വെളിച്ചം വീശണം. സർക്കാരിന്റെ വരവ്-ചെലവ് വിശദാംശങ്ങൾ സത്യസന്ധമായും ലളിതമായും സമഗ്രമായും ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കണം.

ബജറ്റിന്റെ വ്യാപ്തിക്കു പുറത്താണ് കിഫ്ബിയുടെ സാമ്പത്തിക പ്രവർത്തനം എന്നതാണ് വിമർശനത്തിന്റെ കാതൽ. സംസ്ഥാന വരുമാനത്തിൽ നിന്നാണ് കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതും കടബാധ്യത നിറവേറ്റുന്നതും. കിഫ്ബിയുടെ എല്ലാ കടങ്ങൾക്കും ഗ്യാരണ്ടി നൽകാൻ സർക്കാർ ബാധ്യസ്ഥമാണ്. എന്നാൽ പദ്ധതികളുടെ തെരഞ്ഞെടുപ്പിലോ നടത്തിപ്പിലോ കടമെടുപ്പിലോ നിയമസഭയ്ക്ക് യാതൊരു നിയന്ത്രണവുമില്ല. അവ തീരുമാനിക്കുന്നത് കിഫ്ബിയുടെ ഭരണസമിതിയാണ്. കിഫ്ബിയുടെ പദ്ധതിച്ചെലവിനും കടമെടുപ്പിനും പരിധി നിശ്ചയിച്ചിട്ടില്ല. കേന്ദ്രസർക്കാർ സംസ്ഥാനത്തിനു നിജപ്പെടുത്തിയ കടബാധ്യതാപരിധിയെ മറികടക്കുന്നതാണ് കിഫ്ബിയുടെ കടമെടുപ്പ്. കിഫ്ബിയുടെ കണക്കുകൾ സ്വതന്ത്രവും സമഗ്രവുമായ ഓഡിറ്റിന് വിധേയമല്ല. കിഫ്ബിയുടെ പദ്ധതിച്ചെലവും കടമെടുപ്പും ബജറ്റിന്റെ ഭാഗമല്ല എന്നതിനാൽ ജനപ്രതിനിധികൾക്കു അവയെക്കുറിച്ച് അഭിപ്രായം പറയാനുള്ള അവസരം ലഭിക്കുന്നില്ല. ഇത് സാമാജികരുടെ ഭ രണഘടനപരമായ അവകാശത്തിന്റെ നിഷേധമാണ്. കിഫ്ബിയുടെ പ്രവർത്തനത്തിന്റെ ഗുണദോഷങ്ങൾ പരിഗണിക്കാതെ സംസ്ഥാനവരുമാനത്തിന്റെ ഒരു നിശ്ചിത പങ്ക് സ്ഥാപനത്തിനായി സ്ഥിരമായി നീക്കിവെക്കപ്പെട്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, കിഫ്ബി സ്വേച്ഛാനുസാരം കടമെടുക്കുകയും ചെലവാക്കുകയും ചെയ്യുന്നു. എന്നാൽ തിരിച്ചടവിന്റെ ബാധ്യത സർക്കാരിൽ നിക്ഷിപ്തമാക്കുന്നു. ഈ കാരണങ്ങളാലാണ് കിഫ്ബിയുടെ സാമ്പത്തികപ്രവർത്തനമാതൃക പൊതുധനകാര്യത്തിന്റെ പ്രമാണങ്ങൾക്ക് നിരക്കുന്നതല്ല എന്ന വിമർശനം ഉയർന്നുവന്നിട്ടുള്ളത്.

**അമേരിക്കയെപ്പോലുള്ള വികസിതരാജ്യങ്ങൾക്കും വലിയ പൊതുക്കടമുണ്ടെന്നും അതിനാൽ കേരളത്തിൻറെ ഉയർന്ന കടബാധ്യതയെ ചൊല്ലി ആശങ്കപ്പെടേണ്ടതില്ലെന്നും ധനമന്ത്രി പ്രസ്താവിക്കുകയുണ്ടായി. കൂടാതെ, ഇന്ത്യയിലെതന്നെ പല സംസ്ഥാനങ്ങളുടെയും കടബാധ്യത കേരളത്തിൻറെതിനേക്കാൾ കൂടുതലാണെന്നും. ഇതേക്കുറിച്ചു എന്തു പറയുന്നു ?**

വികസിതരാജ്യങ്ങളെ മുൻനിർത്തി കേരളത്തിൻറെ കടബാധ്യതയെ ന്യായീകരിക്കുന്നത് നിരുത്തരവാദപരമാണ്. സമ്പദ്‌വ്യവസ്ഥയുടെ ചരിത്രപരമായ പരിണാമം, ഘടനാപരമായ സവിശേഷതകൾ, ഉല്പാദനാടിത്തറയുടെ വലിപ്പം, സാമ്പത്തികവളർച്ചാനിരക്ക്, പൊതുധനകാര്യ നിർവഹണ കാര്യക്ഷമത, ലോകസമ്പദ്ക്രമത്തിലെ സ്ഥാനം എന്നിവയിലെ വ്യത്യാസങ്ങൾ പരിഗണിക്കാതെയുള്ള രാഷ്ട്രങ്ങളുടെ കടബാധ്യതാ താരതമ്യങ്ങൾക്ക് യാതൊരു സാംഗത്യവുമില്ല. താരതമ്യം പ്രവിശ്യ അല്ലെങ്കിൽ സംസ്ഥാനവും, സ്വന്തമായി നാണയമിറക്കാനും വിദേശവ്യാപാരനയങ്ങൾ ആവിഷ്ക്കരിക്കാനും ആഗോള ധനകാര്യസ്ഥാപനങ്ങളുമായുള്ള ബന്ധങ്ങൾ നിർണയിക്കാനും സാമ്പത്തികവഴക്കമുള്ള പരമാധികാര രാഷ്ട്രങ്ങളുമായിട്ടാവുമ്പോൾ അത് തീർത്തും അസംബന്ധമാകുന്നു. കേരളത്തിൻറെ അത്രതന്നെയോ അതിൽ കൂടുതലോ കടബാധ്യതയുള്ള ഇന്ത്യൻ സംസ്ഥാനങ്ങളുണ്ട് എന്നത് ശരിയാണ്. എന്നാൽ അതിലെങ്ങനെ ആശ്വാസം കൊള്ളും? ഇന്ത്യയേക്കാൾ ദരിദ്രമായ രാജ്യങ്ങളുണ്ട്, അതിനാൽ ഇവിടത്തെ ദാരിദ്ര്യം സാരമുള്ളതല്ല എന്നു പറയുന്നതുപോലെ നിരർത്ഥകമാണത്.

മാത്രമല്ല, ആദ്യംപറഞ്ഞ ഘടകങ്ങൾ കുറഞ്ഞ അളവിലെങ്കിലും സംസ്ഥാനങ്ങളുടെ കടബാധ്യതകൾ തമ്മിലുള്ള താരതമ്യത്തേയും ദുർബലമാക്കുന്നുണ്ട്. ഓരോ സംസ്ഥാനത്തിൻറെയും സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകളുമായി ചേർത്ത് വച്ചുമാത്രമേ അതിൻറെ കടഭാരത്തെ വിലയിരുത്താനാവൂ. ഉറച്ച ഉല്പാദനാടിത്തറയും അഖിലേന്ത്യാ വിപണിയാദാനവുമുള്ള സംസ്ഥാനത്തിൻറെയും അനിശ്ചിതമായ കയറ്റുമതി-പ്രവാസ വരുമാനത്തെ ആശ്രയിക്കുന്ന സംസ്ഥാനത്തിൻറെയും കടബാധ്യതകളെ ഒരേനിലയിൽ കാണാനാവില്ല. കൂടാതെ, നിലവിലുള്ള കടഭാരത്തിൻറെ ഒപ്പം ശ്രദ്ധിക്കേണ്ടതാണ് അതിൻറെ കഴിഞ്ഞകാല ഗതിവിഗതികൾ, വിനിയോഗം, സമ്പദ്ഫലങ്ങൾ, കടം നടത്തിപ്പിലെ കാര്യക്ഷമത എന്നിവ.

ഒരു താരതമ്യ ഉദാഹരണത്തിലൂടെ ഈ സങ്കീർണതകൾ വ്യക്തമാക്കാം. റിസർവ് ബാങ്ക് 2019ൽ പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഫിനാൻസസ് റിപ്പോർട്ടാണ് ഇതിന് ആധാരം. കേരളത്തിന്റെ അത്രതന്നെ കടബാധ്യതയുള്ള ഒരു സംസ്ഥാനമാണ് ബീഹാർ. 2018-19ൽ സംസ്ഥാന വരുമാനത്തിന്റെ 31 ശതമാനമായിരുന്നു ബീഹാറിൻറെ കടബാധ്യത. കേരളത്തിന്റേത് ഒരല്പം കുറവ്, 30.6 ശതമാനം. സംസ്ഥാന വരുമാനത്തിൻറെ പകുതിക്കു തുല്യമായിരുന്നു 2001ൽ ബീഹാറിൻറെ കടബാധ്യത. ഇത് 2019 ആയപ്പോഴേക്കും 20 ശതമാനം കണ്ട് കുറയ്ക്കാനായി. ഇതേ കാലയളവിൽ കേരളത്തിന് മൂന്ന് ശതമാനത്തിൽ താഴെയേ കുറക്കാനായുള്ളു

–33.4ൽ നിന്ന് 30.6 ലേക്ക്. ബീഹാർ റവന്യൂചെലവിൻറെ ഏഴുശതമാനം പലിശയ്ക്കായി വിനിയോഗിക്കുമ്പോൾ കേരളത്തിന് അതിൻറെ ഇരട്ടി ചെലവിടേണ്ടി വരുന്നു. കടംവീട്ടാനായി ബീഹാർ കരുതൽനിധിയിലേക്ക് മാറ്റിയ തുകയുടെ നാലിലൊന്നുപോലും കേരളം വകയിരുത്തിയിട്ടില്ല. ഇത്തരം സങ്കീർണതകൾ കണക്കിലെടുക്കാതെ കടബാധ്യതകൾ കേവലമായി തുലനം ചെയ്യുന്നത് സമ്പദ്ശാസ്ത്രയുക്തിക്കു നിരക്കുന്നതല്ല

**കിഫ്ബിയുടെ കടബാധ്യത എത്രയാണ്? അത് നിറവേറ്റാനാവുമോ?**

ഒരു താരതമ്യ ഉദാഹരണത്തിലൂടെ ഈ സങ്കീർണതകൾ വ്യക്തമാക്കാം. റിസർവ് ബാങ്ക് 2019ൽ പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഫിനാൻസസ് റിപ്പോർട്ടാണ് ഇതിന് ആധാരം. കേരളത്തിന്റെ അത്രതന്നെ കടബാധ്യതയുള്ള ഒരു സംസ്ഥാനമാണ് ബീഹാർ. 2018-19ൽ സംസ്ഥാന വരുമാനത്തിന്റെ 31 ശതമാനമായിരുന്നു ബീഹാറിൻറെ കടബാധ്യത. കേരളത്തിന്റേത് ഒരല്പം കുറവ്, 30.6 ശതമാനം. സംസ്ഥാന വരുമാനത്തിൻറെ പകുതിക്കു തുല്യമായിരുന്നു 2001ൽ ബീഹാറിൻറെ കടബാധ്യത. ഇത് 2019 ആയപ്പോഴേക്കും 20 ശതമാനം കണ്ട് കുറയ്ക്കാനായി. ഇതേ കാലയളവിൽ കേരളത്തിന് മൂന്ന് ശതമാനത്തിൽ താഴെയേ കുറക്കാനായുള്ളു –33.4ൽ നിന്ന് 30.6 ലേക്ക്. ബീഹാർ റവന്യൂചെലവിൻറെ ഏഴുശതമാനം പലിശയ്ക്കായി വിനിയോഗിക്കുമ്പോൾ കേരളത്തിന് അതിൻറെ ഇരട്ടി ചെലവിടേണ്ടി വരുന്നു. കടംവീട്ടാനായി ബീഹാർ കരുതൽനിധിയിലേക്ക് മാറ്റിയ തുകയുടെ നാലിലൊന്നുപോലും കേരളം വകയിരുത്തിയിട്ടില്ല. ഇത്തരം സങ്കീർണതകൾ കണക്കിലെടുക്കാതെ കടബാധ്യതകൾ കേവലമായി തുലനം ചെയ്യുന്നത് സമ്പദ്ശാസ്ത്രയുക്തിക്കു നിരക്കുന്നതല്ല

2017 മുതൽ നാലുവർഷം കൊണ്ട് 50,000 കോടി രൂപയുടെ വിഭവസമാഹരണമാണ് കിഫ്ബി ലക്ഷ്യം വെച്ചത്. ഇതിന്റെ ഭാഗമായി 2018 സപ്റ്റംബറിൽ 5000 കോടി രൂപയുടെ കടപ്പത്രപദ്ധതി പ്രഖ്യാപിച്ചു. ആദ്യപടിയായി 2019 മാർച്ചിൽ 2150 കോടി രൂപയുടെ മസാലബോണ്ടുകൾ ഇറക്കുകയും ചെയ്തു. അഞ്ചുവർഷത്തേയ്ക്കുള്ള ഈ ബോണ്ടുകൾക്ക് 9.723 ശതമാനം നിരക്കിൽ അർദ്ധവർഷം തോറും പലിശ നൽകണം. നിക്ഷേപത്തുകയും പലിശയും ചേർത്ത് 3195 കോടി രൂപയുടെ ബാധ്യത. പലിശ മാത്രം 1045 കോടി രൂപ.

ഇന്ത്യക്കകത്തുള്ള ആറു ബാങ്കുകളിൽനിന്ന് കിഫ്ബി 3015 കോടി രൂപയുടെ ദീർഘകാലവായ്പകൾ എടുത്തിട്ടുണ്ട്. ഇവ 10 മുതൽ 12 വർഷം വരെയുള്ള കാലയളവിലേക്കാണ്. പലിശ 8.35 മുതൽ 9 ശതമാനം വരെ. തിരിച്ചടവ് ചിലത് മാസംതോറും; മറ്റുള്ളവ മുമ്മൂന്ന് മാസത്തിൽ. അനുവദിച്ച കടം പൂർണമായും എടുത്താൽ സ്ഥിരപലിശ ഗണനപ്രകാരം ഇവയ്ക്ക് ഏകദേശം 2800 കോടി രൂപ പലിശ നൽകണം. വായ്പത്തുക ചേർത്ത് ആകെ ബാധ്യത 5800 കോടിയിലേറെ രൂപയാകും. ബാങ്കുകളിൽ നിന്ന് ഹ്രസ്വകാലവായ്പ 507 കോടി രൂപ വേറെയുമെടുത്തിട്ടുണ്ട് (കിഫ്ബി വാർഷികറിപ്പോർട്ട്, 2019-20).

ഈ പറഞ്ഞ മൂന്നിനം വായ്പകളുടെ ബാധ്യത ആകെ 5672 കോടി രൂപ. ഹ്രസ്വകാലവായ്പയുടേത് പരിഗണിക്കാതെയുള്ള പലിശബാധ്യത 3845 കോടി രൂപ. ഇത് മാർച്ച് 31,2020 വരെയുള്ള കണക്കാണ്. കഴിഞ്ഞ വർഷത്തിൽ പുതുതായെടുത്ത കടങ്ങൾ ഇതിൽ പെടില്ല.

ഇവയ്ക്കെല്ലാം പുറമെയാണ് പ്രവാസിമലയാളികളോടുള്ള ബാധ്യത. ഇത് രണ്ടു തരമുണ്ട്. ആദ്യത്തേത് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ (കെഎസ്എഫ്ഇ) പ്രവാസി ചിട്ടിപ്പണം കിഫ്ബി കൈപ്പറ്റുന്നത്. നിക്ഷേപകൻ ഓരോ മാസവും 2500 രൂപ മുതൽ 40,000 രൂപവരെ, 25 മുതൽ 40 മാസം വരെ നീളുന്ന, ഒരു ലക്ഷം രൂപ മുതൽ പത്തുലക്ഷം രൂപ വരെ സലയുള്ള ചിട്ടികളിൽ നിക്ഷേപിക്കുന്നു. നിക്ഷേപം വരവ് വെക്കുന്നത് കിഫ്ബി-കെഎസ്എഫ്ഇ ബോണ്ടുകളായാണ്. കിഫ്ബി പദ്ധതിചെലവിനായി ഈ പണം ഉപയോഗിക്കുന്നു. 2021 ഫെബ്രുവരി 15 വരെ നിക്ഷേപബോണ്ടിനത്തിൽ 269 കോടി രൂപയുടെയും സെക്യൂരിറ്റി ബോണ്ടിനത്തിൽ 55 കോടി രൂപയുടെയും ബാധ്യത കിഫ്ബിക്കുണ്ട് (കിഫ്ബി ന്യൂസ്ലെറ്റർ, വോള്യം 4, ലക്കം 2.2).

മറ്റൊരു ബാധ്യത കേരളീയ പ്രവാസിവകുപ്പുമായി (നോർക്ക) ചേർന്നുള്ള പ്രവാസി ഡിവിഡൻറ് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. പ്രവാസി, ലക്ഷം രൂപയുടെ ഗുണിതമായി 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ ഒറ്റത്തവണ നിക്ഷേപിച്ചാൽ നാലാമത്തെ വർഷം മുതൽ 10 ശതമാനം നിരക്കിൽ പ്രതിമാസ ഡിവിഡൻറ് ലഭിക്കും. ഡിവിഡന്റിന്റെ ഒരു ശതമാനം സർക്കാരും ബാക്കി ഒമ്പത് ശതമാനം കിഫ്ബിയുമാണ് നൽകുക. ഈ പദ്ധതിയിൽ 2021 ഫെബ്രുവരി 15 വരെ കിഫ്ബിക്ക് 162 കോടി രൂപയുടെ ബാധ്യതയുണ്ട് (കിഫ്ബി ന്യൂസ്ലെറ്റർ, വോള്യം 4, ലക്കം 2.2).

കിഫ്ബിയുടെ പദ്ധതിച്ചെലവിനായും കടം തിരിച്ചടവിനായും സർക്കാർ വാഹനനികുതിയുടെ ഒരു ഭാഗവും പെട്രോൾസെസ്സും നീക്കിവെച്ചിട്ടുണ്ട്. വാഹനനികുതിയുടെ വിഹിതം 10 ശതമാനത്തിൽ തുടങ്ങി, ഓരോ വർഷവും 10 ശതമാനം വീതം വർധിച്ച്, അഞ്ചാംവർഷത്തിൽ 50 ശതമാനമാകും. പെട്രോൾ സെസ്സ് ലിറ്ററിന് ഒരു രൂപയെന്ന നിരക്കിലാണ്. കൂടാതെ, സർക്കാർ വായ്പയും സഹായധനവും അനുവദിക്കും. 2016ലെ കിഫ്ബി ഭേദഗതി നിയമപ്രകാരമാണ് ഈ ആനുകൂല്യങ്ങൾ.

ഈ വ്യവസ്ഥകൾ പ്രകാരം കിഫ്ബിയുടെ പുനസ്സംഘാടനത്തിന്റെ ആദ്യവർഷങ്ങളിൽ സർക്കാർ 3300 കോടി രൂപ നൽകി. കൂടാതെ, 2016-20 കാലയളവിൽ വാഹനനികുതി 1921 കോടി രൂപയും പെട്രോൾ സെസ്സ് 3652 കോടി രൂപയും ചേർത്ത് 5573 കോടി രൂപ കൈമാറി (സിഎജി, കേരളാ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് മാർച്ച് 2019, റിപ്പോർട്ട് നം. 2; കേരള സർക്കാർ, ഇക്കണോമിക് റിവ്യൂ , 2020,വോള്യം 1; കിഫ്ബി വാർഷിക റിപ്പോർട്ട്, വിവിധ വർഷങ്ങൾ).

വാഹനവില്പനയിലും പെട്രോൾ ഉപഭോഗത്തിലും ഇടിവ് വരാതിരിക്കുകയും അവയിൽ നിന്നുള്ള നികുതിയിൽ കേന്ദ്രസർക്കാർ പുതുതായി അവകാശം ഉന്നയിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം കിഫ്ബിക്കു തുടർന്നും വരുമാനമുണ്ടാകും. വാഹനവില്പനയും പെട്രോൾ ഉപഭോഗവും വർധിക്കുന്നതിനനുസരിച്ച് വരുമാനം ഉയരുകയും ചെയ്യും. കിഫ്ബിയുടെ ചില പദ്ധതികൾ തനതായി വരുമാനം നേടുന്നവയായിരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതെത്രത്തോളമുണ്ടാകുമെന്നു വ്യക്തമല്ല. എന്തുതന്നെയായാലും കിഫ്ബിയുടെ വരുമാനത്തിലെ കുറവ് നികത്തുന്നത് സർക്കാർ സ്വന്തം ബാധ്യതയായി ഏറ്റെടുത്തിട്ടുണ്ട്.

ഇതിന് അത്യന്തം ദോഷകരമായ മറുവശമുണ്ട്. സംസ്ഥാന വരുമാനത്തിന്റെ പ്രധാനയിനങ്ങളുടെ നിശ്ചിതപങ്ക് കിഫ്ബിക്കായി സ്ഥിരമായി മാറ്റിവെക്കുന്നത് സർക്കാരിന്റെ സാമ്പത്തികവഴക്കം കുറയ്ക്കും. കിഫ്ബിക്കുള്ള വിഹിതം കഴിഞ്ഞുള്ള വരുമാനമേ മറ്റു ചെലവുകൾക്കായി ലഭ്യമാകുകയുള്ളു. പ്രകൃതി ദുരന്തം, പകർച്ചവ്യാധി എന്നിവ മൂലമുള്ള അപ്രതീക്ഷിത ചെലവുകൾക്ക് പണം കണ്ടെത്താൻ സംസ്ഥാനത്തിന് ബുദ്ധിമുട്ട് നേരിടാം.

കിഫ്ബിയുടെ കടങ്ങളുടെ തിരിച്ചടവിന് പ്രഥമപരിഗണന നൽകുന്നത് മറ്റുകടങ്ങൾ തിരിച്ചടക്കാനുള്ള ശേഷിയെ പ്രതികൂലമായി ബാധിക്കുന്നുവെന്നതിന്റെ സൂചനകൾ ഇപ്പോൾത്തന്നെയുണ്ട്. ഇവ രണ്ടിന്റെയും തിരിച്ചടവിന് വ്യത്യസ്തരീതികളാണ് സർക്കാർ അവലംബിക്കുന്നത്. കിഫ്ബിക്കടങ്ങളുടെ തിരിച്ചടവിന്റെ ഉറവിടം നിശ്ചിതമാണ്, പ്രത്യേക അക്കൗണ്ട് സംവിധാനമുണ്ട്, രൊക്കം അടവുണ്ട്. അത് മറ്റു ചെലവുകൾക്ക് വിനിയോഗിക്കാനാവില്ല. എന്നാൽ മറ്റു കടങ്ങൾക്കെല്ലാം കൂടി ഒരു സഞ്ചിത ഋണനിമജ്ജന നിധി (കൺസോളിഡേറ്റഡ് സിങ്കിങ് ഫണ്ട്) മാത്രമേ ഉള്ളൂ. പഴയകടം തിരിച്ചടക്കാനായി ഉയർന്ന പലിശയ്ക്ക് പുതിയ കടമെടുക്കേണ്ടി വരുന്നതാണ് പലപ്പോഴും സംസ്ഥാനങ്ങളുടെ കടക്കെണിക്കു കാരണമാവുന്നത്. ഈയൊരു സാഹചര്യം ഒഴിവാക്കാനായി പത്താം ധനകാര്യ കമ്മീഷനാണ് (1992-97) സംസ്ഥാനങ്ങൾ ഋണനിമജ്ജന നിധി രൂപവത്കരിക്കുകയെന്ന ആശയം മുന്നോട്ടുവെച്ചത്. റിസർവ് ബാങ്കാണ് നിധി കൈകാര്യം ചെയ്യുന്നത്. സംസ്ഥാന സർക്കാർ വാർഷികവരുമാനത്തിന്റെ ഒരുപങ്ക് നിധിയിലേക്ക് നീക്കിവെക്കുന്നു, അത് കേന്ദ്രസർക്കാരിന്റെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കുന്നു, പലിശ പൊതുകടം തിരിച്ചടവിന് വിനിയോഗിക്കുന്നു.

സംസ്ഥാനങ്ങൾ ഓരോ വർഷവും നിമജ്ജനനിധിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായി റിസർവ് ബാങ്ക് മുട്ടുവായ്പയുടെ (വേയ്സ് ആൻഡ് മീൻസ് അഡ്വാൻസസ്) പരിധിയിലും പലിശയിലും ഇളവ് അനുവദിക്കും. സമ്പന്നമായ നിമജ്ജനനിധി സംസ്ഥാനത്തിന്റെ വിശ്വാസ്യത വർധിപ്പിക്കുകയും അത്യാവശ്യഘട്ടങ്ങളിൽ കമ്പോളത്തിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് കടമെടുക്കാൻ സഹായിക്കുകയും ചെയ്യും. റവന്യുക്കമ്മി ഉള്ളപ്പോൾത്തന്നെയും സംസ്ഥാനങ്ങൾ നിമജ്ജനനിധിയിലേക്ക് അടവ് മുടക്കരുതെന്ന് റിസർവ് ബാങ്ക് നിർദേശിച്ചിട്ടുള്ളത് ഈ കാരണങ്ങളാലാണ്. എന്നാൽ 2016ൽ കിഫ്ബി പുനഃസംഘടിപ്പിച്ച ശേഷം കേരളസർക്കാർ നിമജ്ജനനിധിയിൽ യാതൊരു നിക്ഷേപവും നടത്തിയിട്ടില്ല — ഇക്കാര്യം സിഎജി ആവർത്തിച്ചു ചൂണ്ടിക്കാണിച്ചിട്ടും.



# കേരളത്തിലെ ധനകാര്യ അശ്ലീലതയുടെ ഭരണത്തുടർച്ചയും

## സിപിഐ (എംഎൽ) റെഡ് ഫ്ലാഗിൻ്റെ പ്രസ്താവനയും

**പി എ പ്രേംബാബു**

പിണറായി വിജയൻ്റെ തിരഞ്ഞെടുപ്പ് വിജയവും ഭരണത്തുടർച്ചയും നവലിബറലിസത്തിനും ഫാഷിസത്തിനുമെതിരെ പോരാടുന്നവർക്ക് ഊർജ്ജം പകരുന്നതാണെന്ന് CPI (ML) റെഡ് ഫ്ലാഗ് വക്താവ് പി സി ഉണ്ണിച്ചെക്കൻ പ്രസ്താവിച്ചിരിക്കുന്നു.

കോർപ്പറേറ്റ് മൂലധനത്തിൻ്റെയും, സവർണ്ണ രാഷ്ട്രീയത്തിൻ്റേയും, മാധ്യമ നിലയവിദ്വാന്മാരുടേയും, പിന്നെ പിണറായി വിജയൻ്റെയും ഗ്ലാസ്റ്റനോസ്റ്റിയൻ വിജയവും ഭരണത്തുടർച്ചയും നവലിബറലിസത്തിനും ഫാഷിസത്തിനുമെതിരെ പോരാടുന്നവർക്ക് ഉത്സാഹവും ചൈതന്യവും സംഭരിച്ചു കൊടുക്കുമെന്ന് LDFൽ ദയാസമ്പന്നമായ കിനാവുകൾ കാണാൻ ഒരു വിപ്ലവ പാർട്ടിയെ കീറിമുറിച്ച് പങ്കുവെച്ച വിഭാഗത്തിന്റെ മുഖ്യ വക്താവിന് തോന്നിയതിൽ അത്ഭുതമില്ല..

പിണറായി വിജയനും ആഭ്യന്തര - വിദേശ കോർപ്പറേറ്റുകളും, സംഘപരിവാർ ദൈവദൂതന്മാരും കെട്ടിപ്പൊക്കിയ സവർണ്ണ രാഷ്ട്രീയത്തിൻ്റെ നാലുകെട്ടിനുള്ളിൽ ഒരു ശിങ്കിടിപ്പണിയുടെ പിൻവാതിൽ നിയമനത്തിന് വേണ്ടിയുള്ള നിവേദനമായിത്തീ രുന്നുണ്ട് സഖാവ് പി സി ഉണ്ണിച്ചെക്കൻ്റെ പ്രസ്താവന.

സിപിഎമ്മിൽ ആധിപത്യമുറപ്പിച്ചു കഴിഞ്ഞ മൂലധനരസികതയുടെ കണ്ണഞ്ചിപ്പിക്കുന്ന വിസ്ഫോടനത്തിൽ ഇവർക്ക് ഒരു പുതിയ 'പുനരുത്ഥാനം' ഉണ്ടായിരിക്കുകയാണ്.

പിണറായി വിജയൻ്റെ ഭരണ ഭീകരതയുടെ തുടർച്ച നവലിബറലിസത്തിനും ഫാഷിസത്തിനുമെതിരെ പോരാടുന്നവർക്ക് എനർജി ഡ്രിങ്ക് ആണെങ്കിൽ ഈ കെപിഎംജി, സിസ്ട്ര, പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ, അദാനി, അംബാനി എന്നിവയൊന്നും നിയോലിബറലിസത്തിൻ്റെ ഒറ്റക്കൊമ്പുള്ള കാണ്ടാ മൃഗങ്ങളല്ല, ക്ലിഫ് ഹൗസിലെ ഉദ്യാനത്തിൽ പാറിപ്പറക്കുന്ന ചിത്രശലഭങ്ങളാണ് എന്നാണോ ഉണ്ണിച്ചെക്കൻ്റെ നവീകരണവാദം..?

അതൊ എൽഡിഎഫ് ൻ്റെയും പിണറായി യുഗത്തിന്റെയും ആവാസ - അധിവാസത്തിൽനിന്ന് നിഷ്ക്രമിക്കാതിരിക്കാൻ വെള്ളാപ്പള്ളി നടേശനും മറ്റും നടത്തുന്ന പ്രസ്താവനാമഞ്ജരിയുടെ ഹാസ്യാനുകരണമാണോ ഉണ്ണിചെക്കന്മാർ നടത്തുന്നത്..?

സ്വന്തമായ ഇച്ഛാശക്തിയുടെ രക്തധമനികളുള്ള ഒരു വിപ്ലവ പാർട്ടിയുടെ ശരീരത്തെ അറുത്തുമാറ്റി നവഹിന്ദുത്വ ശുദ്ധിയുള്ള സോഷ്യൽ ഡെമോക്രാറ്റിക് മുന്നണിയിലേക്ക് വിലയം പ്രാപിച്ചത് സാക്ഷാൽ ശ്രീകൃഷ്ണൻ്റെ മോഹമാളികയിലേക്കുള്ള കുചേലൻ്റെ യാത്രയെ അനുസ്മരിപ്പിക്കു

ന്നതാണ്. ഇവിടെ ആധുനിക വിപണി ആവശ്യപ്പെടുന്ന തരത്തിലുള്ള രാഷ്ട്രീയ വേഷങ്ങൾ കെട്ടിയാടുകയാണ് റെഡ് ഫ്ലാഗ്.

വർഗ്ഗ രാഷ്ട്രീയത്തിൽ നിന്നുള്ള സദാചാരപരവും നൈതികവുമായ വിയോഗം ഉണ്ണിച്ചെക്കനും സംഘവും ആഗ്രഹിക്കുന്നത് സി.പി.എം ന്റെ വൈരുദ്ധ്യാത്മക ഭൗതികവാദ വിരുദ്ധ ചോദനകളെയും വിരൂപ രാഷ്ട്രീയ ലക്ഷ്യങ്ങളേയും സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയാണ്.

പിണറായി വിജയനും അദ്ദേഹത്തിന്റെ ഏകാധിപത്യ ആൺകോയ്മയിൽ പ്രവർത്തിക്കുന്ന പാർട്ടിയും അധികാര ഹിന്ദുത്വത്തോടുള്ള ദാസ്യം മറച്ചുപിടിക്കാൻ വേണ്ടി മാത്രമാണ് ഇപ്പോൾ ചെങ്കൊടി (red flag) ഉപയോഗിക്കുന്നത്.

പുരോഗമനത്തിന്റെ പ്രച്ഛന്നത്തിൽ ഇടതുപക്ഷ പദാവലികളുടെ ജ്ഞാര ഭാഷയിൽ അവതരിപ്പിച്ചാണ് കെണികളൊരുക്കുന്നത്..
ഇത്തരം ഇടതുപക്ഷവിരുദ്ധ വ്യാജപൊതുബോധത്തിന് കൂലിക്ക് കൈയടിക്കുന്ന അവതാരങ്ങളും കേരളത്തിലുണ്ട്.

കേരളത്തിലിപ്പോള് ബോധപൂർവ്വം അടിച്ചേൽപ്പിക്കുന്ന വംശീയ സംഘർഷങ്ങളെ (ലൗ ജിഹാദ്, ന്യൂനപക്ഷ ത്രീവ്രവാദം, താലിബാനിസം, ദളിത് തീവ്രവാദം) വിവാദങ്ങളാക്കി മാറ്റാനും കീഴാളരുടെയും ന്യൂനപക്ഷങ്ങളുടെയും സ്വത്വസംഘര്ഷങ്ങള്ക്കും അവര്ക്കു നേരെയുള്ള അടിച്ചമര്ത്തലുകള്ക്കും വർഗ്ഗപരമായ പരിഹാരങ്ങള് കാണാന് ശ്രമിക്കുന്ന വിശാല ഇടതുപക്ഷത്തു നിന്നും ആ ജനവിഭാഗങ്ങളെ അകറ്റിക്കൊണ്ടുപോകുവാനും സവര്ണാനുകൂല സംവരണത്തെ സംഘപരിവാറിനെകാൾ ശക്തമായി ന്യായീകരിക്കുന്ന പിണറായി വിജയൻ സവർണ്ണ പരിവാറുകളുടെ കാർമികത്വത്തിൽ പലവിധശ്രമങ്ങൾ നടത്തിവരുന്നു.

അങ്ങനെ ഒരാൾ വീണ്ടും അധികാരം കവരുന്നത് ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് ഊർജ്ജം പകരുമെന്നാണ് ഉണ്ണിച്ചെക്കൻ്റെ ഉദാര നിരീക്ഷണം.!

ഭരണകൂടാധികാരമായി പ്രവര്ത്തിക്കാന് കഴിയുന്ന സി.പി.എം ൻ്റെ മേല്ക്കോയ്മാ പ്രത്യയശാസ്ത്രത്തെയും ഒരു വിധേനയും കേരളത്തിൻ്റെ അവസ്ഥയില് അങ്ങനെ മാറാനിടയില്ലാത്ത മത 'പ്രത്യയശാസ്ത്രങ്ങളെയും' ഒരു കുടയ്ക്കു കീഴില് ഒന്നിച്ചു നിര്ത്തുന്നത് തിരഞ്ഞെടുപ്പിൽ നാം കണ്ടു കഴിഞ്ഞതാണ്..

രാഷ്ടീയ സ്വയം സേവക് സംഘത്തിൽ നിന്ന് പ്രചോദനം ഉൾകൊണ്ട ഒരു കൂട്ടം അദ്ധ്യാപകരും വിദ്യാർത്ഥികളും രൂപംകൊടുത്ത് സ്ഥാപിച്ച എബിവിപിയും എസ്എഫ്ഐയും സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്ന് പി.എസ്. ശ്രീധരൻ പിള്ളയുടെ പുസ്തക പ്രകാശനച്ചടങ്ങിൽ വെച്ച് മന്ത്രി എ.കെ. ബാലൻ പറഞ്ഞത് സകലരും ഓർക്കുന്നുണ്ടാവണം...

കോഴിക്കോട് ലോ കോളേജിലെ എസ്എഫ്ഐ – എബിവിപി സംയുക്ത സ്ഥാനാർത്ഥികളിൽ ഒരാളായിരുന്നു പി.എസ്. ശ്രീധരൻ പിള്ളയെന്നും സാഹചര്യമുണ്ടായാൽ ഇനിയും സഹകരിച്ച് പ്രവർത്തിക്കുമെന്നും എ കെ ബാലൻ പരസ്യമായി പ്രസ്താവിച്ചത് ചരിത്രത്തെ ഉറപ്പിച്ചെടുത്ത് ഭാവിയിലേക്കുള്ള സേതുബന്ധനത്തിനായിരുന്നു.

ആര്എസ്എസിന്റെ മുഖവാരികയായ കേസരിയിൽ ഭാരതീയവിചാരകേന്ദ്രം മുന് ജനറല് സെക്രട്ടറി ടി.ജി മോഹന്ദാസ് 'കേരളം കാത്തിരിക്കുന്ന സൗഹൃദം' എന്ന ലേഖനമെഴുതിയിട്ട് അധികനാളായിട്ടില്ല.

അനായാസവും സുഖകരവുമായ ഇത്തരം രാഷ്ട്രീയ വ്യഭിചാരങ്ങളുടെ വിജയത്തുടർച്ചയെ ഫാഷിസ്റ്റ് വിരുദ്ധ പ്രവർത്തകരുടെ ഊർജ്ജവും ആനന്ദവുമായി വിരമിച്ച വിപ്ലവകാരികൾ വ്യാഖ്യാനിക്കുമ്പോൾ മൃതജീര്ണതയിലേക്കും ധനകാര്യ അശ്ലീലതയിലേക്കും ഇക്കൂട്ടർ വീണതിൻ്റെ ആഴം നമുക്ക് മനസ്സിലാക്കാം...

# കേരളം കരുതിയിരിക്കുക; അതിലേറെ സമര സജ്ജമാകുക. കാർഷിക നിയമങ്ങൾ ഏറ്റവുമധികം മാരണമാകുന്നത് നമ്മുടെ ജീവിതത്തിലാണ്.

## മെയ് 10 - രണ്ടാം സ്വാതന്ത്ര്യ സമരത്തിന് ആഹ്വാനം ചെയ്ത് ദേശീയ കർഷക സമരം മൂന്നാം ഘട്ടത്തിലേക്ക്






നമ്മൾ മലയാളികൾ മനസ്സിലാക്കണം ,160 ദിവസത്തിലേറെയായി ലക്ഷക്കണക്കിന് കർഷകരും അവരുടെ കുടുംബവും ഒന്നടങ്കം ഡെൽഹിയിലെ കൊടും തണുപ്പിലും ജീവൻ മരണ സമരത്തിൽ തളരാതെ ഉറച്ചു നിൽക്കുന്നത് നമ്മൾ കേരളത്തിന്റെ പട്ടിണി മാറ്റാൻ കൂടിയാണെന്ന് .

മൂന്നു നേരവും അരി, അല്ലെങ്കിൽ ഗോതമ്പെങ്കിലും കഴിച്ച് വയർ നിറക്കേണ്ട നമുക്ക് അതിന്റെ 85-90% തരുന്നത് മറ്റു സംസ്ഥാനങ്ങളാണ്. നമുക്ക് വേണ്ടതിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് നാം ഇവിടെ ഉണ്ടാക്കുന്നത്. കൃഷിയിടങ്ങൾ കുറവാണെങ്കിൽ പോലും അത് ലാഭം തരുന്ന തോട്ടം കൃഷിയിലും മറ്റും കൂടുതൽ ആകൃഷ്ടരായതാണ് ഈ കടുത്ത അവസ്ഥക്ക് കാരണവും. പോക്കറ്റിൽ കാശുണ്ടെങ്കിൽ എന്തും വിലക്ക് വാങ്ങാമെന്ന തെറ്റിലേക്ക് നാം വീണു പോയിരിക്കുന്നു.

നാം ഇന്ന് ഏറ്റവും മാതൃകാ പരമായി കാണുന്ന കേരളത്തിലെ പൊതുവിതരണ സമ്പ്രദായവും റേഷനിങ്ങും കഴിഞ്ഞ കുറെ മാസങ്ങളായി വീടുകളിലെത്തുന്ന ഫ്രീ കിറ്റുകളും എല്ലാം രൂപം കൊള്ളുന്നത് ലക്ഷങ്ങളായ ഉത്തരേന്ത്യൻ കർഷകരുടെ വിയർപ്പിൽ നിന്നാണ്.

അവിടത്തെ കൃഷിയിടങ്ങളിൽ നിന്ന് ചന്തകളിലെത്തുന്ന ( മണ്ഡികൾ ) ഉൽപന്നങ്ങൾ നിശ്ചിത താങ്ങുവിലക്കും (എം എസ് പി ) അതിന് മുകളിലും വില നിശ്ചയിച്ച് കരാറുകൾ വാങ്ങി അവിടെ നിന്നും വൻകിട കച്ചവടശാലകളിലേക്കും എഫ് സി ഐ ഗോഡൗണുകളിലേക്കും എത്തുന്ന ധാന്യങ്ങളും മറ്റ് ഉൽപന്നങ്ങളുമാണ് നമ്മുടെ റേഷൻ കടകളിലും മറ്റു വിപണന കേന്ദ്രങ്ങളിലുമെത്തുന്നത്.

എന്നാൽ മുൻപറഞ്ഞ മണ്ഡികൾ ഇല്ലാതാകുകയും ഉൽപന്നങ്ങൾ ഏത് വിലക്കും എവിടെയും വിൽക്കാമെന്നും വരുകയും വൻകിട കുത്തകകളിലേക്ക് അവയെല്ലാം എത്തിച്ചേരുകയും ചെയ്യുന്നു എന്നതാണ് നിലവിലെ യാഥാർത്ഥ്യം.. ആദ്യമാദ്യം ചില്ലറ സൗജന്യങ്ങളും ഉൽപന്നങ്ങൾക്ക് മോഹവിലയും നൽകി കൃഷിയിടങ്ങളെത്തന്നെ വിലക്കെടുക്കുന്ന വൻകുത്തകകൾ ക്രമേണ അവരുടെ കച്ചവട , വ്യവസായ ആവശ്യങ്ങൾക്ക് അനുരൂപമായ കൃഷിയിലേക്ക് തരം മറുകയും അവക്ക് അവർക്ക് അമിതലാഭം ലഭിക്കുന്ന വിധം വില നിശ്ചയിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് തുടർന്ന് ഉണ്ടാകുന്നത്. ഇപ്രകാരം കുത്തകവൽക്കരിക്കപ്പെടുന്ന ഉൽപന്നങ്ങൾ ഇഷ്ടാനുസരണം പൂഴ്ത്ത് വക്കുകയും അവയിൽ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് മാർക്കറ്റ് കുത്തകാവശവും അവർ സ്വന്തമാക്കുന്നു.

ഇതിനർത്ഥം നമുക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ മാർക്കറ്റിൽ ലഭ്യമാവാതിരിക്കുകയും ഉള്ള വ തന്നെ ഭീമമായ വിലക്ക് വാങ്ങാൻ നാം നിർബന്ധിതമാവുകയും ചെയ്യുന്നു എന്നാണ്. ക്രമേണ ഇന്നത്തെ ചെറു കിട വ്യാപാര സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുകയും ആ സ്ഥലത്തേക്ക് വൻ കുത്തകകളുടെ ഷാപ്പിങ്ങ് മാളുകൾ ഇടം പിടിക്കുകയും ചെയ്യും. ഇത് കേരളത്തിൽ ഭക്ഷണ വ്യാപാര രംഗത്ത് വൻ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ലക്ഷക്കണക്കിന് കുടുംബങ്ങൾ തൊഴിൽ നഷ്ടപ്പെട്ട് തെരുവിലാകുകയും ചെയ്യും.

കാശുള്ളവർ പോലും എന്തു കഴിക്കണമെന്ന് തീരുമാനിക്കുന്നത് വൻ കുത്തകകൾ ആണെന്ന് സ്ഥിതി വരുകയും ചെയ്യും.

അങ്ങിനെ വന്നാൽ നമ്മൾ കൊട്ടിഘോഷിക്കുന്ന റേഷൻ സമ്പ്രദായവും ഭക്ഷണ കിറ്റും ഒക്കെ ഏത് സ്ഥിതിയിലെത്തും എന്നും പ്രത്യേകം പറയേണ്ടതുമില്ല. ചുരുക്കത്തിൽ കേരളത്തെയും സമാന മറ്റു ഉപഭോഗ പ്രധാന സംസ്ഥാനങ്ങളെയും കാത്തിരിക്കുന്നത് വലിയ ഭക്ഷ്യക്ഷാമം മായിരിക്കും.

**മൂന്നു നേരവും അരി, അല്ലെങ്കിൽ ഗോതമ്പെങ്കിലും കഴിച്ച് വയർ നിറക്കേണ്ട നമുക്ക് അതിന്റെ 85-90% തരുന്നത് മറ്റു സംസ്ഥാനങ്ങളാണ്. നമുക്ക് വേണ്ടതിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് നാം ഇവിടെ ഉണ്ടാക്കുന്നത്. കൃഷിയിടങ്ങൾ കുറവാണെങ്കിൽ പോലും അത് ലാഭം തരുന്ന തോട്ടം കൃഷിയിലും മറ്റും കൂടുതൽ ആകൃഷ്ടരായതാണ് ഈ കടുത്ത അവസ്ഥക്ക് കാരണവും. പോക്കറ്റിൽ കാശുണ്ടെങ്കിൽ എന്തും വിലക്ക് വാങ്ങാമെന്ന തെറ്റിലേക്ക് നാം വീണു പോയിരിക്കുന്നു.**

വരാൻ പോകുന്ന ഈ മഹാ വിപത്തിനെ മുന്നിൽ കണ്ടാണ് മണ്ണിന്റെ ചൂടും മണവും നെഞ്ചേറ്റിയ ഇഞ്ഞാനികളായ കർഷകർ മോഡിയുടെ കർഷക കരിനിയമങ്ങളെ എതിർക്കുന്നത് , നിയമങ്ങൾ പിൻവലിക്കുന്നതിന് അവസാന ശ്വാസം വരെ പൊരുതാൻ തെരുവുകളെ സമരഭൂമിയാക്കിയിരിക്കുന്നത്.

കോടാനുകോടികളുടെ ഒറ്റുകാശ് കീശയിലാക്കി അദാനി, അംബാനി തുടങ്ങി ദേശീയ അന്തർദേശി കോർപ്പറേറ്റുകൾക്ക് രാജ്യം തന്നെ വിറ്റു തുലക്കുന്ന മോഡി ഭരണകൂടത്തിനെതിരെ , ഈ ദുഷിച്ച ജൻമിത്വ കുത്തക ദുപ്രഭുത്യത്തിൽ നിന്ന് രാജ്യത്തെ വീണ്ടെടുക്കാൻ രണ്ടാം സ്വാതന്ത്ര്യ സമരത്തിന് ആഹ്വാനം ചെയ്ത് സമരം കൂടുതൽ ശക്തമാക്കുന്നത്.

കേരളത്തിലെ നമ്മൾ നമ്മുടെ കൃഷി ഭൂമിയെയാകെ വീണ്ടെടുത്ത് ഭക്ഷ്യ വിള പ്രധാന കൃഷിക്ക് സുശക്തമായ ബദൽ രൂപപ്പെടുത്തുകയും കർഷക സമരത്തെ ശക്തിപ്പെടുത്താൻ മുന്നിട്ടിറങ്ങുകയും ചെയ്യേണ്ടതുണ്ട്.

പ്രോഗ്രസീവ് പൊളിറ്റിക്കൽ ഫ്രണ്ട് ഈ സമരങ്ങൾക്ക് ഒപ്പമുണ്ടാകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു

രണ്ടാം സ്വാതന്ത്ര്യ സമരത്തിന് ആഹ്വാനം ചെയ്ത് ദേശീയ കർഷക സമരം ഐക്യദാർഡ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രോഗ്രസ്സീവ് പൊളിറ്റികൽ ഫ്രണ്ടിന്റെ മുൻകയ്യിൽ 2021 മെയ് 10 തിങ്കൾ - ഉച്ചക്ക് 2 മണിക്ക് (ഓൺലൈൻ - സും മീറ്റ് ) നടന്നു

പ്രൊഫ.ബി.രാജീവൻ, സഖാവ് പി ജെ ജെയിംസ്, അഡ്വ. രാജാദാസ് കടക്കൽ, പി.റ്റി. ജോൺ, കെ.സഹദേവൻ, ഡോ.റ്റി.വി.സജീവ്, കെ.എസ്. ഹരിഹരൻ, കെ. ശിവരാമൻ, മറ്റു ജില്ലാ - സംസ്ഥാന ഐക്യദാർഢസമിതി, ബഹുജന സംഘടനാ നേതാക്കളും പ്രവർത്തകരും ഒത്തുചേരുന്നു. വൈകിട്ട് സംസ്ഥാന വ്യാപകമായി സമരജ്വാല തെളിയിച്ച് പിപിഎഫ് പ്രവർത്തകർ ഐക്യദാർഡ്യം പ്രഖ്യാപിച്ചു.

**Progressive Political Front (PPF)**
**പ്രോഗ്രസീവ് പൊളിറ്റിക്കൽ മുന്നണി**

അഭിവാദ്യങ്ങൾ - സിപിഐ. എം.എൽ റെഡ്സ്റ്റാർ

## അനുശോചനങ്ങൾ



### സഖാവ് മുഹമ്മദ് ഗൗസ്

എംസിപിഐ (യു) ജനറൽ സെക്രട്ടറി സഖാവ് മുഹമ്മദ് ഗൗസിന്റെ നിര്യാണത്തിൽ സിപിഐ (എംഎൽ) റെഡ്സ്റ്റാർ കേന്ദ്ര കമ്മറ്റി ആദരാഞ്ജലികൾ രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ സ്മരണക്ക് മുൻപിൽ വിപ്ലവാഭിവാദ്യങ്ങളർപ്പിക്കുകയും ചെയ്യുന്നു. കോവിഡ് ബാധയെ തുടർന്ന് കഴിഞ്ഞ ഏതാനും മാസങ്ങളായി അദ്ദേഹം ന്യൂമോണിയക്കുള്ള ചികിത്സാർത്ഥം ഹൈദ്രാബാദിലെ ഒരു ആശുപത്രിയിലായിരുന്നു.

2016 ൽ എംസിപിഐ (യു) യുടെ ജനറൽ സെക്രട്ടറിയായി ചുമതലയേൽക്കുന്നതിനു മുൻപേ തന്നെ, സഖാവ് ഗൗസ് ആന്ദ്രയിലേയും തെലങ്കാനയിലേയും മർദ്ദിത ജനവിഭാഗങ്ങളേയും പാർശ്വവൽകൃതരേയും സംഘടിപ്പിക്കുന്നതിൽ സജീവമായി വ്യാപൃതനായിരുന്നു. ജനറൽ സെക്രട്ടറിയായതിനു ശേഷം വിവിധ കമ്മ്യൂണിസ്റ്റ് വിപ്ലവ ശക്തികളേയും മറ്റ് സമാന മനസ്കരേയും ഐക്യപ്പെടുത്തുന്ന പ്രവർത്തനത്തിൽ മുൻനിരയിലുണ്ടായിരുന്നു.

സഖാവ് മുഹമ്മദ് ഗൗസിന്റെ പാർട്ടി സഖാക്കളോടും കുടുംബാംഗങ്ങളോടും മറ്റ് സുഹൃത്തുക്കളോടും സിപിഐ (എംഎൽ) റെഡ് സ്റ്റാറിന്റെ ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തുന്നു.



### സ. ഗൗരിയമ്മയ്ക്ക് ആദരാഞ്ജലികൾ

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കാനുള്ള നിയമത്തെ കുഴിച്ചു മൂടുന്ന ഭേദഗതിക്കായി ഭരണ - പ്രതിപക്ഷത്തെ മറ്റ് മുഴുവൻ MLA മാരും ഒന്നിച്ചപ്പോഴും തനിച്ചു നിന്നെതിർത്തതിലടക്കം കാണിച്ച മർദ്ദിത ജനതയോടുള്ള വീറുറ്റ കൂറാണ് ഗൗരിയമ്മയെ കേരള ചരിത്രത്തിൽ അടയാളപ്പെടുത്തുന്നതു്.

രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾക്കപ്പുറം കേരളത്തിന്റെ സ്വന്തമായ സ. ഗൗരിയമ്മക്ക് അന്ത്യാഭിവാദ്യങ്ങൾ .

എം.കെ. ദാസൻ ,
സംസ്ഥാന സെക്രട്ടറി,
CPI (ML) റെഡ് സ്റ്റാർ
മെയ് 11, 2021

സഖാവ് മാസിക
ഏപ്രിൽ - മെയ് 2021
ലക്കം 3

സിപിഐ (എംഎൽ) റെഡ് സ്റ്റാർ